Rs. 8.00

# ഓശാന

# HOSANNA

July - September 2015 Vol. 40 Issue 4

## ജൂലൈ - സെപ്തംബർ 2015

(3) എന്തെല്ലാം മാറ്റങ്ങൾ! - ജോസഫ് പുലിക്കുന്നേൽ
(10) ക്രൈസ്തവ മാതൃകകൾ - ജോസഫ് പുലിക്കുന്നേൽ
(13) പൊങ്ങച്ചത്തിന്റെ വൈദിക സാക്ഷ്യങ്ങൾ - ഫാ. ജോൺ കൊച്ചുമുട്ടം
(18) സെക്യൂലറിസവും മതങ്ങളും- ജസ്റ്റിസ് കെ.ടി.തോമസ്
(23)പുതിയ വഴി തുറന്ന പാപ്പാ- ഡി ബാബുപോൾ
(27) പുതിയ ആകാശം പുതിയ ഭൂമി ഓശാനയുടെ രണ്ടാം ജന്മവും നയപ്രഖ്യാപനവും - ജയിംസ് ഐസക്
(33) ഒരു കത്തനാരും കുറച്ചു കണിയാൻ ചിന്തകളും -ജോയി വടക്കേൽ പൂഞ്ഞാർ
(36) കുരിശും ചുമന്ന് ക്രിസ്തുവിനെ നിന്ദിക്കുന്നവർ - ഫ്രാൻസിസ് പെരുമന
(38) ചെകുത്താൻ ബാധ ഒഴിപ്പിക്കൽ - മാത്തുക്കുട്ടി തകടിയേൽ
2) www.josephpulikunnel.com സജീവമായി

ഭാരതീയ ക്രൈസ്തവ പഠനകേന്ദ്ര പ്രസിദ്ധീകരണം

# HOSANA
**(Quarterly)**

Vol. 40 Issue 4 Price Rs. 8

Founded in October - 1975
A Publication of the Indian Institute of Christian Studies.
Founder & Editor
**Joseph Pulikunnel**

Printed & published by:
**Joseph Pulikunnel**
Phone(O) : **04822 - 236269, 237137**
Mob : **9447196214**
E-mail :
hosannamountinfo@gmail.com
website:www. hosannamount.com

അംഗത്വഫീസ് (വരിസംഖ്യ)

| കാലയളവ് / | ഇന്ത്യയിൽ / | വിദേശത്ത് |
|---|---|---|
| 1 വർഷം | 90 രൂപ | 750 രൂപ |
| ഒറ്റപ്രതി | 8 ,, | 80 |

All Correspondence, Articles, M.O. and Bank drafts:
**To**
**Joseph Pulikunnel**
**Hosanna Mount,**
**Edamattom P.O.**
**Kottayam Dist.,**
**Kerala - 686 578**

Published and printed by Joseph Pulikunnel on behalf of Indian Institute of Christian Studies and
Printed at
CRLS Press, Hosanna Mount , Edamattom P.O. Kottayam Dist, Kerala - 686578
Editor : Joseph Pulikunnel


## സുവിശേഷം

"മേലാൽ ആരെയും ഞങ്ങൾ മാനുഷിക വീക്ഷണത്തിൽ പരിഗണിക്കയില്ല. ഒരിക്കൽ ഞങ്ങൾ ക്രിസ്തുവിനെ മാനുഷികമായി അറിഞ്ഞിരുന്നു. എങ്കിലും ഇപ്പോൾ അങ്ങനെ അല്ല. അതുകൊണ്ട്, ആരെങ്കിലും ക്രിസ്തുവിലാണെങ്കിൽ അയാൾ പുതിയൊരു സൃഷ്ടിയാണ്; പഴയതു കടന്നുപോയി; ഇതാ, പുതിയതു വന്നിരിക്കുന്നു. ഇവയെല്ലാം ദൈവത്തിൽനിന്നാണ്; അവൻ ഞങ്ങളെ ക്രിസ്തുവിലൂടെ തന്നോട് അനുരഞ്ജിപ്പിക്കയും അനുരഞ്ജനശുശ്രൂഷ ഞങ്ങളെ ഏല്പിക്കയും ചെയ്തു. അതായത്, ദൈവം തെറ്റുകൾ കണക്കിലെടുക്കാതെ ലോകത്തെ ക്രിസ്തുവിൽ തന്നോട് അനുരഞ്ജിപ്പിച്ചു. അനുരഞ്ജന സന്ദേശം അവൻ ഞങ്ങളെ ഏല്പിക്കയും ചെയ്തു. അതുകൊണ്ടു ഞങ്ങൾ ക്രിസ്തുവിന്റെ സ്ഥാനപതികളാണ്; ദൈവം തന്റെ ഉദ്ബോധനം ഞങ്ങളിലൂടെ നല്കുന്നു. ദൈവവുമായി അനുരഞ്ജനപ്പെടണം എന്നു ക്രിസ്തുവിനുവേണ്ടി ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നു. പാപം അറിയാത്തവനെ ദൈവം നമുക്കുവേണ്ടി പാപമാക്കി; അങ്ങനെ അവനിൽ നമ്മെ ദൈവത്തിന്റെ നീതിയാക്കി."

(2 കോറി. 5 : 16-21)

# എന്തെല്ലാം മാറ്റങ്ങൾ!

**ജോസഫ് പുലിക്കുന്നേൽ**

കഴിഞ്ഞ ലക്കം ഓശാനയുടെ എഡിറ്റോറിയൽ ലേഖനം അവസാനിപ്പിച്ചിരിക്കുന്നത് ഇങ്ങനെയാണ്. "നമുക്ക് ഇപ്പോൾ പ്രസക്തമായിരിക്കുന്നത് കേരള സഭയാണ്. എന്തെല്ലാം മാറ്റങ്ങൾ കേരളസഭയിൽ ആവശ്യമാണെന്ന ചിന്ത അങ്ങേയറ്റം സ്വാഗതാർഹമാണ്. ഓശാനയെ സംബന്ധിച്ചിടത്തോളം പ്രധാനമായ ദൗത്യം ആഗോള സഭയിൽ വരുന്ന മാറ്റങ്ങളെ കേരള സഭ സ്വാഗതം ചെയ്യുകയും അവ നടപ്പിലാക്കുന്നതിന് വഴിയൊരുക്കുകയുമാണ്. ആഗോള സഭയിൽ വരുന്ന മാറ്റങ്ങൾ കേരള സഭയിൽ ഉൾപ്രവേശിക്കാൻ കുറച്ചുകാലം പിടിക്കും. എങ്കിൽപോലും കേരളസഭയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് നാം ഉറക്കെ ചിന്തിക്കേണ്ടിയിരിക്കുന്നു."

എന്തെല്ലാം മാറ്റങ്ങളാണ് അടിയന്തിരമായി കേരളസഭയിൽ ഉണ്ടാകേണ്ടിയിരിക്കുന്നതെന്ന് ഉറക്കെ ചിന്തിക്കുമ്പോൾ പലപ്പോഴും സഭാദ്രോഹി എന്ന മുദ്ര ഓശാനയിൽ പതിയാൻ ഇടയായേക്കാം. എന്നാലും ഓശാനയുടെ ദൗത്യം പൂർത്തീകരിക്കണമെങ്കിൽ, ഈ രംഗത്തുള്ള ജീർണതകളെക്കുറിച്ച് പറയാതിരിക്കാൻ വയ്യ.

നമുക്ക് സേവനസന്നദ്ധരായ അനേകം വൈദികരും കന്യാസ്ത്രീയമ്മമാരും ഉണ്ട്. പക്ഷേ സ്ഥാപനാകാരമായ സഭയ്ക്കുള്ളിലുള്ള അധികാര ചക്രത്തിനുള്ളിൽ കറങ്ങുകയാണ് അവർ. വിവിധരംഗങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന പ്രഗത്ഭരായ സീറോ മലബാർ വൈദികർ ഇന്ന് ഇന്ത്യയിലെമ്പാടുമുണ്ട്. നമ്മുടെ മെത്രാന്മാർ അവരുടെ അധികാര സീമ വികസിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങളിലാണുതാനും. സമുക്ക് സേവന സ്ഥാപനങ്ങൾ ഇല്ലാത്തതുകൊണ്ടല്ല മറിച്ച്, അവ ഇന്ന് സൃഷ്ടിക്കുന്ന മാതൃക തികച്ചും അക്രൈസ്തവമാണ് എന്ന ചിന്തയാണ് നമ്മുടെ മനസ്സിനെ പ്രചോദിപ്പിക്കേണ്ടത്. ഈ സേവനസ്ഥാപനങ്ങളെല്ലാംതന്നെ സാമ്പത്തിക സ്ഥാവരമേൽക്കോയ്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നു. ഈ അധികാരസംവിധാനം ക്രിസ്തുവിന്റേതല്ല, സാത്താനികമാണ്.

ഇന്ന് കേരളത്തിലെ കത്തോലിക്കാസഭയെ മൂന്നു റീത്തുകളായി തിരിച്ചിരിക്കുന്നു. സന്യാസികളും സന്യാസിനികളും ഈ മൂന്ന് റീത്തുകളിലും ഉണ്ട്. കേരളത്തിലെ സേവനമണ്ഡലങ്ങളിലെല്ലാം സഭ പ്രവർത്തിച്ചിട്ടുണ്ട്. അതിനുശേഷം ഇപ്പോൾ അഖിലേന്ത്യാടിസ്ഥാനത്തിൽ പ്രവർത്തിക്കാനാണ് സഭ ഒരുങ്ങുന്നത്.

ഒരു കാലത്ത് കേരള സഭ സ്വയം പര്യാപ്തമായിരുന്നു. നമ്മുടെ കോളേജുകളും സ്കൂളുകളുമെല്ലാം ഇടവകക്കാരുടെ അത്യദ്ധ്വാനത്തിൽ ഉയിർകൊണ്ടതാണ്. എന്നാൽ സീറോമലബാർ, സീറോ മലങ്കര, ലത്തീൻ

റീത്തുകൾ അവരുടെ പൂർവകാല സ്വയംപര്യാപ്തതയോട് വിടപറഞ്ഞ് വിദേശത്തെ ആശ്രയിച്ചു തുടങ്ങിയിരിക്കുകയാണ്. ഇന്ന് ഈ വിദേശ സമ്പത്തിന്റെ പ്രവാഹവും വിനിയോഗവും ശരിയായ രീതിയിലാണോ നടക്കുന്നതെന്നു ചിന്തിക്കാൻ സഭയ്ക്കു സമയമില്ല. കൂടുതൽ കൂടുതൽ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള പരിശ്രമത്തിലാണ് ഈ റീത്തുകൾ. കേരളത്തിൽ ഒതുങ്ങിനിന്നിരുന്ന സീറോമലബാർ സഭ ഇന്ന് ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും അവരുടെ സാന്നിദ്ധ്യം ഉറപ്പിച്ചുകഴിഞ്ഞു. ലത്തീൻകാരായ വളരെയധികം വൈദികർ ഇന്ന് വടക്കേ ഇന്ത്യയിൽ പ്രവർത്തിക്കുന്നുണ്ട്. പല ലത്തീൻ രൂപതകളിലും സീറോ മലബാർ വൈദികർ മെത്രാൻ സ്ഥാനം പിടിച്ചടക്കിയിരിക്കുന്നു. ഇതെല്ലാം ചൂണ്ടിക്കാണിച്ച് സഭയുടെ ശക്തിയെക്കുറിച്ച് അതിരുവിട്ട അഭിമാനം വളർത്തിയെടുക്കുകയാണ് സഭാധികാരം ഇന്ന്. ഒരു കാലത്ത് കേരളത്തിൽ മാത്രം ഒതുങ്ങി നിന്നിരുന്ന പുരോഹിത രാഷ്ട്രീയം വടക്കേ ഇന്ത്യയിലും വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. കേരള ഗവൺമെന്റിനെ കടിഞ്ഞാണിട്ട് നിർത്താനുള്ള കഴിവ് ആർജിച്ചു എന്ന് സഭാധികാരം വ്യാമോഹിക്കുന്നു. അതിനുശേഷം ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും എന്തിന്, ഇന്ത്യാ ഗവൺമെന്റിനെ വരെ നിയന്ത്രിക്കാനുള്ള കഴിവുണ്ടെന്ന ചിന്ത അവരിൽ വളരുകയാണ്.

**'സഭയുടെ ശാക്തീകരണം'** എന്നാൽ സഭയുടെ സമ്പത്തിന്റെയും സ്ഥാപനങ്ങളുടെയും എണ്ണത്തിലുള്ള വർദ്ധനയായി കരുതാൻ തുടങ്ങിയിരിക്കുന്നു. ഇന്നത്തെ ഇന്ത്യ സ്വാതന്ത്ര്യത്തിനുമുമ്പുള്ള ഇന്ത്യയല്ലെന്നു മനസ്സിലാക്കാനുള്ള ഔചിത്യം സഭയ്ക്കുണ്ടാകണം. യൂറോപ്പിൽ നഷ്ടപ്പെട്ട ഗവൺമെന്റുകളുടെ മേലുള്ള സഭയുടെ സ്വാധീനവും പങ്കാളിത്തവും ഇന്ത്യയിൽ ഉണ്ടാക്കുന്നതിനുള്ള പരിശ്രമം എത്രകണ്ട് ഇന്ത്യയുടെ സാമൂഹ്യ പരിതസ്ഥിതികൾക്ക് അനുയോജ്യമാണെന്ന് സഭാധികാരം ചിന്തിക്കേണ്ടിയിരിക്കുന്നു.

ഒരുകാലത്ത് ഇന്ത്യൻ സഭയുടെ നേതൃത്വം വടക്കേ ഇന്ത്യയിലെ മെത്രാന്മാർക്കായിരുന്നു. ഇന്ന് മെത്രാൻ സിനഡിന്റെ താക്കോൽസ്ഥാനങ്ങളിൽ മലയാളികളാണിരിക്കുന്നത്. ഇത് കൂടുതൽ അപകടകരമാണ്. കാരണം കേരളത്തിൽ പുരോഹിതർ പയറ്റിയ രാഷ്ട്രീയ അടവ് ഓൾ ഇന്ത്യ അടിസ്ഥാനത്തിൽ നടത്താൻ ആഗ്രഹിക്കുന്നതിന്റെ ചില ലക്ഷണങ്ങൾ കാണാൻ തുടങ്ങിയിട്ടുണ്ട്.

ഇന്ത്യ സ്വതന്ത്രയായതിനുശേഷം അധികാരത്തിൽ വന്ന കോൺഗ്രസിനെ ഒരതിർത്തിയോളം സ്വാധീനിക്കാൻ സഭയ്ക്കു കഴിഞ്ഞിരുന്നു. എന്നാൽ അത് തുടർന്നുകൊണ്ടുപോകാൻ കഴിയില്ലെന്നുള്ള വസ്തുത സഭാധികാരം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഒരു ദേശീയ സഭ ഇവിടെ ഉരുത്തിരിയണം. അത് അധികാരം പങ്കിടുന്നതിനുള്ള കുമാർഗമായി സ്വീകരിച്ചുകൂടാ. റോമൻ കത്തോലിക്കർ ഇന്ത്യയിൽ ഒരു ശത

മാനം പോലുമില്ല. എങ്കിലും അതിനെത്രയോ ഇരട്ടി രാഷ്ട്രീയ സ്വാധീനം ഇന്ന് സഭയ്ക്കുണ്ട്. ഈ സ്വാധീനം ഭാവിയിലും വെച്ചു പുലർത്താമെന്നും വർദ്ധിപ്പിക്കാമെന്നുമുള്ള വ്യാമോഹം അവസാനിപ്പിച്ച് സേവനത്തിന്റെ പാതയിലേയ്ക്ക് സഭ കയ്യും മെയ്യും മറന്ന് ഇറങ്ങേണ്ടിയിരിക്കുന്നു. ഇന്ന് ധാരാളം വിദേശപണം സഭകൾക്ക് ലഭിക്കുന്നുണ്ട്. അതൊക്കെ മെത്രാന്മാരുടെ ആഡംബര ജീവിതത്തിനുവേണ്ടിയല്ല, മറിച്ച് ദരിദ്രരുടെ ഉന്നമനത്തിനുവേണ്ടിയുള്ളതാണെന്ന ചിന്ത ഉണ്ടാകേണ്ടിയിരിക്കുന്നു. അത് മെത്രാന്മാർക്ക് തനിയെ ഉണ്ടാകുമെന്ന് ചിന്തിക്കാൻ കഴിയില്ല. മറിച്ച് ഇതിന് നേതൃത്വം കൊടുക്കേണ്ടത് ഇവിടുത്തെ അത്മായരാണ്. സേവന സ്ഥാപനങ്ങളുടെ ആവശ്യം അധികമൊന്നും ഇനി കേരളത്തിനില്ല. അതുകൊണ്ടാണല്ലോ നമ്മുടെ വിദ്യാഭ്യാസമണ്ഡലവും ആതുരസേവനമണ്ഡലവും സ്വയം പര്യാപ്തങ്ങളായത്. അതുകൊണ്ട് ഇന്ന് കേരളത്തിലെ സഭയ്ക്ക് വിദ്യാഭ്യാസരംഗത്തും ആതുരസേവനരംഗത്തും വിദേശപണത്തിന്റെ ആവ ശ്യമേയില്ല. അത് ഇന്ന് കേരളത്തിനു പുറത്ത് ആവശ്യമാണുതാനും.

ഇവിടുത്തെ ഇതരമതസ്ഥരെ ക്രിസ്ത്യാനികളാക്കാനല്ല ഈ പണം ഉപയോഗിക്കേണ്ടത്. മറിച്ച് മാതൃകാപരമായ സേവനത്തിനായിരിക്കണം ഈ പണം ചെലവഴിക്കേണ്ടത്. വടക്കേ ഇന്ത്യയിലെ ഗ്രാമങ്ങളിൽ പുരോഹിതരും കന്യാസ്ത്രീയമ്മമാരും വിദ്യാഭ്യാസമണ്ഡലങ്ങളിൽ സേവനം നടത്തിയിരുന്നു. എന്നാൽ ഇന്ന് അവരുടെ സേവനം പട്ടണങ്ങളിലേക്ക് മാറ്റിയിരിക്കുന്നു. അവിടെ സമ്പന്നരെയും ഉദ്യോഗസ്ഥരെയും സേവിക്കലാണ് തങ്ങളുടെ കടമയെന്ന് തെറ്റിദ്ധരിച്ച് വലിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കെട്ടിപ്പടുക്കുന്നുണ്ട്. ഇതിലൂടെ സഭയുടെ സ്വാധീനം വടക്കേ ഇന്ത്യയിൽ വർദ്ധിപ്പിക്കാമെന്നുള്ള വ്യാമോഹമാണ് നിഴലിക്കുന്നത്.

അതുപോലെതന്നെ പ്രേഷിതപ്രവർത്തനമെന്ന നിലയിൽ വടക്കേ ഇന്ത്യയിലെ സാധു ജനങ്ങളെ സഭയിലേക്കു കൊണ്ടുവരാമെന്ന് വ്യാമോഹിക്കേണ്ടതില്ല. അതിന് വിദേശപണം ഉപയോഗിക്കേണ്ടതുമില്ല. കാരണം ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടമാകെ മാറിയിരിക്കുന്നു. ജനങ്ങൾ തങ്ങളുടെ ചരിത്രത്തെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചും കൂടുതൽ പഠിച്ചു തുടങ്ങിയിരിക്കുന്നു. യൂറോപ്യൻ വിദ്യാഭ്യാസത്തിന്റെ കുടക്കീഴിൽ നിന്ന് വടക്കേ ഇന്ത്യ വിമോചിതമായിക്കൊണ്ടിരിക്കുകയാണ്. ഇംഗ്ലീഷിന്റെ സ്വാധീനം കാണെക്കാണെ കുറഞ്ഞുവരുന്നു. ഒരു കാലത്ത് ഇംഗ്ലീഷ് വിദ്യാഭ്യാസം ആർജിച്ചവരായിരുന്നു ഭരണചക്രം തിരിച്ചിരുന്നത്. എന്നാൽ ഇന്ന് അതു മാറിയിരിക്കുന്നു. അല്ലെങ്കിൽ മാറിക്കൊണ്ടിരിക്കുന്നു.

യഥാർഥത്തിൽ ഇന്ത്യൻ കത്തോലിക്കർ ഇന്നു ചെയ്യേണ്ടത് ഇന്ത്യൻ സംസ്കാരത്തെക്കുറിച്ച് കൂടുതൽ പഠിക്കുകയാണ്. യഥാർഥ ഇന്ത്യൻ സഭ ഇവിടെ രൂപം കൊള്ളണം. അതിന് ആവശ്യം ഇന്ത്യയുടെ ചരിത്രത്തെക്കുറിച്ചും ക്രിസ്തുവിനെക്കുറിച്ചും പഠിക്കുകയെന്നുള്ളതാണ്. ക്രിസ്തു ഒരു ഗവൺമെന്റിന്റെ തണലിലല്ല ജീവിച്ചത്. മറിച്ച് രാഷ്ട്രീയ

ശക്തിയോട് എതിർത്തുകൊണ്ട് ജീവിത മാതൃകകൾ സൃഷ്ടിക്കുകയായിരുന്നു ചെയ്തത്. യൂറോപ്പിൽ ഒരു പക്ഷേ ക്രിസ്ത്യാനികൾ ഉണ്ടെങ്കിൽ അവർ രാഷ്ട്രീയ സ്വാധീനം മൂലം ക്രിസ്ത്യാനികൾ ആയവരാണ്. ഇന്ന് ക്രിസ്ത്യൻ രാഷ്ട്രമെന്നു പറയാൻ ലോകത്തിൽ ഒരു രാഷ്ട്രം പോലുമില്ല. 19-ാം നൂറ്റാണ്ടിലെ യൂറോപ്പല്ല ഇന്നത്തെ യൂറോപ്പ്. 19-ാം നൂറ്റാണ്ടിലെ അമേരിക്കയോ മധ്യപൂർവദേശമോ അല്ല ഇന്നുള്ളത്. മധ്യപൂർവദേശത്ത് അരങ്ങേറിക്കൊണ്ടിരിക്കുന്ന ഇസ്ലാമിക് സ്റ്റേറ്റിന്റെ മാതൃകയിൽ ക്രിസ്ത്യൻ സ്റ്റേറ്റുകൾ ഉണ്ടാക്കാൻ ഇനി പരിശ്രമിക്കേണ്ടതില്ല. കാരണം ലോകത്തെമ്പാടും മതം രാഷ്ട്ര ഭരണ സംവിധാനത്തിൽനിന്നും വഴിമാറുകയാണ്. താലിബാനിസവും മതതീവ്രവാദവും ഇന്ന് തലപൊക്കുന്നുണ്ടെങ്കിൽ അതുകണ്ട് ഇവിടുത്തെ ക്രിസ്ത്യാനികൾ പുതിയ കുമാർഗങ്ങൾ സൃഷ്ടിക്കേണ്ട ആവശ്യമില്ല. കുരിശുയുദ്ധത്തിന് മധ്യപൂർവദേശത്തെ കീഴടക്കാനായില്ല എന്നോർക്കുക.

ഇന്ന് സഭയുടെ ശക്തി വർധിപ്പിക്കാൻ സഭാംഗങ്ങളുടെ എണ്ണം വർധിപ്പിക്കുന്ന പരിപാടിയാണ് സഭ സ്വീകരിക്കുന്നത്. വടക്കേ ഇന്ത്യയിൽ സഭയുടെ സ്വാധീനം വർധിപ്പിക്കാൻ ആദിവാസികേന്ദ്രങ്ങളെ സഭയുടെ ശക്തികേന്ദ്രമാക്കാൻ പരിശ്രമിക്കുകയാണ്. ഭാരത സ്വാതന്ത്ര്യത്തിനുമുമ്പുള്ള മിഷനറിപ്രവർത്തനത്തിന്റെ ചുവടുപിടിച്ച് മുന്നേറാമെന്ന് അധികാര സഭ കരുതുന്നെങ്കിൽ അത് അപകടകരമായ സാമൂഹ്യ പരിതസ്ഥിതി സൃഷ്ടിക്കും.

ഈയിടെ ഇടുക്കി ബിഷപ്പ് ആനിക്കുഴിക്കാട്ടിൽ നടത്തിയ പ്രസ്താവന അതിനുദാഹരണമാണ്. പത്രവാർത്ത ഇങ്ങനെ പോകുന്നു.

*"**ക്രിസ്ത്യൻ പെൺകുട്ടികളെ എസ്.എൻ.ഡി.പി.യോഗം തട്ടിയെടുക്കുന്നു**. കോട്ടയം : ക്രൈസ്തവ വിശ്വാസികളായ പെൺകുട്ടികളെ പിടിച്ചുകൊണ്ടുപോകാൻ എസ്.എൻ.ഡി.പിയോഗത്തിന് നിഗൂഢ അജണ്ടയുണ്ടെന്ന് ഇടുക്കി രൂപത ബിഷപ് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ആരോപിച്ചു. കാഞ്ഞിരപ്പള്ളി രൂപത പാസ്റ്ററൽ കൗൺസിൽ യോഗം ഉദ്ഘാടനം ചെയ്യുമ്പോഴാണ് യോഗത്തിനെതിരെ ബിഷപ് ആഞ്ഞടിച്ചത്.*

*മിശ്രവിവാഹത്തിന്റെ പേരിലാണ് 18 വയസ് പൂർത്തിയായ നമ്മുടെ പെൺകുട്ടികളെ ലൗ ജിഹാദിന്റെ മറവിൽ മുസ്ലീം യുവാക്കളും എസ്.എൻ.ഡിപി.യോഗത്തിലെ ഓട്ടോ റിക്ഷാ ഡ്രൈവർമാരും തട്ടിക്കൊണ്ടുപോകുന്നത്. വളർത്തി വലുതാക്കിയ മാതാപിതാക്കളെയും വിശ്വാസപ്രമാണങ്ങളെയും തള്ളിപ്പറയാൻ ഈ പെൺകുട്ടികൾക്കു യാതൊരു മടിയുമില്ല. പന്ത്രണ്ടാം ക്ലാസ് വരെയുള്ള വേദപഠനത്തിലൂടെ ആർജിച്ച വിശ്വാസമാണ് അവർ ത്യജിക്കുന്നത്. ഇത് പ്രബോധനത്തിന്റെയും വിശ്വാസത്തിന്റെയും പോരായ്മയാണ്. ഇതിനെതിരെ ശക്തമായി പ്രതികരിക്കാൻ പാസ്റ്ററൽ കൗൺസിലിന് ബാദ്ധ്യതയുണ്ട്.*

*മിശ്രവിവാഹം ക്രൈസ്തവ തനിമയെയും ശൈലിയെയും നശിപ്പിക്കും. യാതൊരു കാരണവശാലും അത് പ്രോത്സാഹിപ്പിക്കാൻ പാടില്ല. മിശ്രവിവാഹത്തെ സർക്കാർ അനുകൂലിച്ചാലും നമ്മൾ എതിർക്കണം. കഴിഞ്ഞ വർഷം 50,000 കുടുംബ ബന്ധങ്ങളാണ് കോടതിയിലൂടെ വേർപെട്ടത്. "ഇക്കാര്യത്തിൽ കേരളം യൂറോപ്യൻ മാതൃക പിന്തുടരുകയാണ്. പടിഞ്ഞാറൻ കാറ്റ് കേരളത്തിൽ ആഞ്ഞടിക്കുന്നതിന്റെ ലക്ഷണമാണിത്." ഒരു ഇടവകയിൽ നൂറ് വിവാഹങ്ങൾ നടക്കുമ്പോൾ ആറ് എണ്ണം മിശ്രവിവാഹമാണെന്നും ആനിക്കുഴിക്കാട്ടിൽ പറഞ്ഞു. കാഞ്ഞിരപ്പള്ളി ബിഷപ് മാർ മാത്യു അറയ്ക്കൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു."*
(കേരള കൗമുദി, ജൂൺ 2015 14 ഞായർ)

അവസാനം ആനിക്കുഴിക്കാട്ടിലും മെത്രാൻ സംഘവും ഈ പ്രസ്താവനയിൽ ഖേദം പ്രകടിപ്പിക്കേണ്ടിവന്നു. സാമൂഹ്യ പ്രബുദ്ധതയുള്ള കേരളത്തിൽ ഇത്തരം പ്രസ്താവനകൾ ചെയ്യാൻ മടിക്കാത്ത മെത്രാന്മാർമൂലം വടക്കേ ഇന്ത്യയിൽ ഉണ്ടായേക്കാവുന്ന അപകടം നേരത്തെ കാണാനുള്ള കഴിവ് സമുദായത്തിനുണ്ടാകണം.

12 കൊല്ലം വേദോപദേശം പഠിച്ചിട്ടും ആ ഉപദേശം ഉപേക്ഷിക്കാൻ 18 കഴിഞ്ഞ പെൺകുട്ടികളെ പ്രേരിപ്പിക്കത്തക്ക വിധത്തിലുള്ള മതവിദ്യാഭ്യാസമാണ് ഇന്ന് നടക്കുന്നത്. സത്യത്തിൽ മതവിദ്യാഭ്യാസത്തിന്റെ പേരിൽ ഇടവകകളിൽ അരങ്ങേറുന്ന പഠനം മനംമടുപ്പിക്കത്തക്കതാണെന്ന് വിദ്യാർഥികൾ പറഞ്ഞ് അറിവുണ്ട്. മതവിദ്വേഷം വർധിക്കുംവിധത്തിൽ ക്രിസ്തുമതത്തിന്റെ മഹിമയെ പൊക്കിക്കാണിക്കാൻ മാത്രമാണ് ഈ വേദപഠനം ഉപകരിക്കുന്നത്. ക്രിസ്തുവിനെക്കുറിച്ചോ ക്രിസ്തുവിന്റെ ജീവിത മാതൃകകളെക്കുറിച്ചോ ഉള്ള പാഠങ്ങൾ കുട്ടികളുടെ മനസിൽ കുടിയിരുത്തുന്നതിന് ഈ വേദപഠനം ഒരു വിധത്തിലും സഹായകമല്ല. തിയോളജിയും യൂറോപ്യൻ സഭയുടെ ചരിത്രവും പുണ്യവാളന്മാരോടുള്ള ഭക്തിയും വളർത്തിയെടുക്കുന്നതിനു മാത്രം ഉപകരിക്കുന്ന ഈ മതാധ്യാപനം നിർത്തേണ്ടതാണ്. 12-ാം ക്ലാസ് പഠനം കഴിഞ്ഞ പലരോടും അവരുടെ മതപഠനത്തെക്കുറിച്ച് ചോദിക്കുമ്പോൾ ഒരു തരം പുച്ഛമാണ് അവർക്കുള്ളത്. സഭാസ്ഥാപനങ്ങളിൽ ഉപരിപഠനത്തിനും ജോലി ലഭ്യതയ്ക്കും ഉപകരിക്കുമെന്നതിനാലാണ് പലരും ഈ മതപഠനം നടത്തുന്നത്. മാത്രമല്ല മതപഠനത്തിന്റെ കാമ്പ് എന്താണെന്നറിയാത്ത മാതാപിതാക്കളാണ് സമൂഹത്തിലുള്ളത്. സത്യത്തിൽ വേദപാഠപുസ്തകങ്ങളെക്കുറിച്ച് വിശദമായ പഠനം ഇന്നാവശ്യമാണ്.

എന്തിനാണ് ഈ വേദപാഠ പുസ്തകം? കുട്ടികളെ പുതിയ നിയമം മാത്രം പഠിപ്പിച്ചാൽ പോരേ? അതല്ലേ ക്രിസ്തുവിനെക്കുറിച്ച് സമഗ്രമായ ഒരു അറിവ് കുട്ടിക്ക് കൊടുക്കുക. പണ്ടെന്നപോലെ ഇന്ന് ബൈബിൾ മാറ്റിവച്ചുള്ള ക്രൈസ്തവ മതപഠനമാണ് നടക്കുന്നത്. ക്രിസ്തുവിനെ കുട്ടികളുടെ ജീവിതമാതൃകയാക്കാനല്ല ഈ പഠനം ഉപകരിക്കുന്നത്.

പ്രോട്ടസ്റ്റന്റ് വിശ്വാസത്തിൽ പഠിച്ചുവളർന്ന മിഷനറിമാരാണ് ആദ്യ മായി കേരളത്തിൽ സേവനസ്ഥാപനങ്ങൾ തുടങ്ങുന്നത്. ഇവിടുത്തെ സ്കൂളുകളും ആശുപത്രികളുമെല്ലാം അവരുടെ സംഭാവനയാണ്. അല്ലെങ്കിൽ ഈ സേവനസ്ഥാപനങ്ങളുടെയെല്ലാം മാതൃക അവർ സൃഷ്ടിച്ചതായിരുന്നു.

ക്രിസ്തുവിന്റെ പഠനങ്ങളല്ല നമ്മുടെ ഈ സേവനസ്ഥാപനങ്ങളുടെ പിന്നിലുള്ള പ്രചോദനം എന്ന് തറപ്പിച്ചുപറയാനാകും വിധത്തിലാണ് ഇന്ന് സഭ അവയെ സംഘടിപ്പിച്ചിരിക്കുന്നത്. അധികാരമാണ് കത്തോലിക്കാ സഭയുടെ പല സ്ഥാപനങ്ങളുടെയും മുഖമുദ്ര. യൂറോപ്പിൽ നിന്നും കടം കൊണ്ട ഈ ദുഷ് മാതൃക ഇന്ന് ഇന്ത്യയിൽ പ്രചുരപ്രചാരം നേടിയിരിക്കുകയാണ്. സത്യത്തിൽ ഇന്ത്യയുടേതുപോലുള്ള ഒരു സംസ്കൃതിയിൽ ആരുടെയും പ്രേരണയില്ലാതെ തഴച്ചുവളരേണ്ടതാണ് ക്രിസ്തുവിന്റെ ജീവിത മാതൃക. ആ ജീവിതമാതൃക പിൻതുടരാതെ ക്രിസ്തുവിന്റെ സഹനത്തെക്കുറിച്ചും പുണ്യവാളന്മാരുടെ പുണ്യങ്ങളെക്കുറിച്ചും പ്രകീർത്തിക്കാനാണ് കത്തോലിക്കാ സഭ തയ്യാറാകുന്നത്. ഗാന്ധിജിയും ശ്രീനാരായണനും അവർക്ക് മാതൃകകളല്ല. ക്രിസ്തുവിന്റെ ജീവിത മാതൃകകൾ അന്വേഷിക്കുമ്പോൾ ഒരാൾക്ക് കാണാൻ കഴിയേണ്ടത് ഭാരതത്തിലെ ഋഷികളെയാണ്. ഭാരതസംസ്കാരത്തിന്റെ അടിത്തറയിൽ ക്രിസ്തുവിന്റെ ജീവിതമാതൃകകൾകൊണ്ട് പണിതുയർത്തുന്ന ഒരു സഭയ്ക്കു മാത്രമേ ഇവിടെ നിലനിൽപുള്ളൂ. മതനവീകരണത്തിനുമുമ്പുള്ള യൂറോപ്യൻ സംസ്കാരത്തിൽ അടിത്തറയിട്ട ഒരു ക്രൈസ്തവ വിശ്വാസമാണ് ഇന്നു ഭാരതത്തിലുള്ളത്.

ഇന്ത്യയിലെ മിഷനറി പ്രവർത്തനങ്ങൾക്ക് ആരംഭമിട്ട ഈശോ സഭക്കാർ യൂറോപ്പിലെ മതനവീകരണ പ്രസ്ഥാനത്തെ ഏറ്റവും കൂടുതൽ എതിർത്തവരായിരുന്നു. ഉരുക്കു മുഷ്ടികൊണ്ടു അതിനെ തകർക്കാൻ ആഗ്രഹിച്ചവരായിരുന്നു. രാജാക്കന്മാരെ കൂട്ടുപിടിച്ച് നവീകരണത്തിനെതിരെ പ്രവർത്തിച്ചവരായിരുന്നു.

ഇന്ന് മതനവീകരണമെന്നാൽ ഒരു പുതിയ സഭയുണ്ടാക്കലാണെന്നോ പുതിയ സഭയിലേക്കു കൂടുമാറുകയാണെന്നോ ഉള്ള തെറ്റിദ്ധാരണ വളർന്ന് വരുകയാണ്.

ഓട്ടോറിക്ഷാ ഡ്രൈവർമാരായ ഈഴവയുവാക്കൾ ക്രിസ്ത്യൻ പെൺകുട്ടികളെ തട്ടിയെടുക്കുന്ന കഥയാണ് ആനിക്കുഴിക്കാട്ടിലിനെപ്പോലെയുള്ളവർ പറയുന്നത്. എന്നാൽ ക്രിസ്ത്യാനികളെതന്നെ 'തട്ടിയെടുക്കുന്ന' നവീകരണ സഭകളുണ്ട്. ഇന്ന് കത്തോലിക്കാസഭയിൽ നവീകരണം ആവശ്യമാണ്. അത് സഭയുടെ ചട്ടക്കൂടിന്റെ കാർക്കശ്യം നില നിർത്തിക്കൊണ്ട് തടയാമെന്ന് സഭാധികാരം കരുതേണ്ടതില്ല. ധ്യാനപ്രസംഗങ്ങളെല്ലാം ഒരു കാലത്ത് ക്രൈസ്തവരെ ക്രിസ്തുവോന്മുഖമായി

നിർത്താൻ ഉദ്ദേശിച്ചിട്ടുള്ളവയായിരുന്നെങ്കിലും ഇന്ന് ക്രിസ്തുവിന്റെ ജീവിത മാതൃകകൾ ധ്യാനപ്രസംഗങ്ങളിൽ കേൾക്കാറേയില്ല.

ഇന്ന് അത്ഭുതങ്ങളും രോഗശാന്തി ശുശ്രൂഷകളും കത്തോലിക്കാ നവീകരണത്തിന്റെ മുഖമുദ്രയാക്കിയിരിക്കുകയാണ് ചിലർ. ഇത് നാം കടംകൊണ്ടതാണ്, അതിന് വേരില്ല എന്ന് ആനിക്കുഴിക്കാട്ടിൽമാർ ഇനിയെങ്കിലും മനസ്സിലാക്കണം. ക്രിസ്തു അരമനകളിലും പൊൻ സക്രാരികളിലും വസിക്കുന്നില്ല. ഈ ഒരു ചെറിയവരിൽ ഒരുവന് ചെയ്തപ്പോഴൊക്കെ എനിക്കാണ് ചെയ്തതെന്ന് അരുളിചെയ്ത ക്രിസ്തു അധിവസിക്കുന്നത് ചെറിയവനിലാണ് (മത്താ. 25: 40). അവരെ ചൂഷണം ചെയ്യുകയല്ല നിസ്വാർഥമായി സേവിക്കലാണ് ക്രൈസ്തവികത. പണംകൊടുത്ത് എഞ്ചിനിയറിംഗ് കോളേജുകളിലും മെഡിക്കൽ കോളേജുകളിലും പ്രവേശനം നേടുന്നവർക്ക് ഇതു പറഞ്ഞാൽ അത്ര മനസ്സിലാവില്ല. പാവപ്പെട്ട കർഷകന്റെ മക്കൾ ഉപരിപഠനത്തിനോ ജോലിക്കോ സഹായം ചോദിച്ചുചെന്നാൽ പത്തു ലക്ഷം അല്ലെങ്കിൽ ഇരുപതു ലക്ഷം തരാൻ ഉണ്ടെങ്കിൽ ജോലി തരാം എന്ന നിലപാടാണിവർ സ്വീകരിക്കുന്നത്. അതായത് ഇന്ത്യയിലെമ്പാടും തിരഞ്ഞുനോക്കുമ്പോൾ സമ്പന്നർക്കുവേണ്ടിയുള്ള സേവന സ്ഥാപനങ്ങളാണ് സഭ നടത്തുന്നതെന്നു കാണാം. വൻ ഫീസ് വാങ്ങി പ്രവേശനം നടത്തുന്ന സ്കൂളുകളാണ് വളർന്നു വരുന്നത്. 50 ലക്ഷവും ഒരു കോടിയും കൊടുത്ത് മെഡിക്കൽ കോളേജുകളിൽ പ്രവേശനം നേടുന്ന ഒരു ക്രൈസ്തവ ഡോക്ടർക്ക് എങ്ങനെ ക്രൈസ്തവ സേവനത്തെക്കുറിച്ച് മനസ്സിലാക്കാനാകും? വൻ തുക പ്രവേശനഫീസ് കൊടുത്തു പഠിച്ച ഒരു ഉദ്യോഗസ്ഥന് എങ്ങനെ കൈക്കൂലിക്കും കോഴക്കും നേരേ കൈനീട്ടാതിരിക്കാനാകും?

ക്രൈസ്തവ വിശ്വാസത്തെ പിടിച്ചു നിർത്തിയിരുന്നത് ജീവിത മാതൃകകളും സ്ഥാപന മാതൃകകളുമായിരുന്നു. ഇന്ന് കത്തോലിക്കാ കുടുംബങ്ങൾ ഏതെങ്കിലും വിധത്തിൽ മറ്റു കുടുംബങ്ങളിൽനിന്നും വ്യത്യസ്തമാണെന്നു പറയാനാകുമോ? 12 വർഷത്തെ വേദപഠനവും 10 വർഷത്തെ സെമിനാരി പഠനവും കൊണ്ടല്ല സേവനപ്രവർത്തനം ചെയ്യാൻ ഒരാൾ രൂപപ്പെടുന്നതെന്ന് സഭ ചിന്തിക്കണം. ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

എഡിറ്റർ **'ഓശാന'**
ഓശാനമൗണ്ട്, ഇടമറ്റം പി.ഒ.
കോട്ടയം - 686 578
മൊബൈൽ : 9447196214

# ക്രൈസ്തവ മാതൃകകൾ

## ജോസഫ് പുലിക്കുന്നേൽ

ഇന്ന് കേരളത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ക്രൈസ്തവ മാതൃകകൾ എന്തെല്ലാമാണ്? റോഡുനീളെ കപ്പേളകൾ, ഇടയ്ക്കിടെ കൊട്ടാരസദൃശ്യമായ പഞ്ചനക്ഷത്ര പള്ളികൾ, അരമനകൾ, സന്യാസത്തിന്റെ പേരുള്ള സന്യാസ സന്യാസിനി ആശ്രമങ്ങൾ. ഇവയെല്ലാം സഭയുടെ വളർച്ചയായാണ് നിർഭാഗ്യവശാൽ നാം കാണുന്നത്. കോടിക്കണക്കിന് രൂപ മുടക്കി പണിത പഞ്ചനക്ഷത്ര പള്ളികൾ എന്തു ക്രൈസ്തവ സാക്ഷ്യമാണ് ഇവിടുത്തെ സാധാരണക്കാരനായ കത്തോലിക്കനു നൽകുന്നത്. അവന്റെ ശുഷ്കമായ മടിശീല ഊറ്റിയെടുത്ത് പണിയിക്കുന്ന ഈ പള്ളികളും കപ്പേളകളും ക്രിസ്തുവിന് എതിർസാക്ഷ്യങ്ങളാണ്. 12, 13 നൂറ്റാണ്ടുകളിലെ യൂറോപ്യൻ ക്രൈസ്തവികതയിലേക്കാണ് ഇന്ന് കേരളസഭയും ഭാരതസഭയും മാറിക്കൊണ്ടിരിക്കുന്നത്. ഈ ക്രൈസ്തവ മാതൃകകൾ ക്രിസ്ത്യാനിക്കുതന്നെ സഭയോട് കലഹിക്കാൻ കാരണമായി തീർന്നിരിക്കുന്നു. കല്യാണവും ആദ്യകുർബാനയും മുടക്കിയും, മറ്റ് അടിയന്തിരാവശ്യങ്ങൾ നൽകാതെയും ഭീഷണിപ്പെടുത്തി പുരോഹിതാധികാരം സമ്പാദിക്കുന്ന സമ്പത്തും വിദേശത്തുനിന്നു തെണ്ടിയും സമ്പാദിക്കുന്ന 30 വെള്ളിക്കാശുകളുമാണ് "കുറവന്റെ ഈ ശ്മശാനങ്ങൾ". നമ്മുടെ പഴയ പള്ളികൾ ഓരോന്നും ഇവിടുത്തെ അന്മായരുടെ അധ്വാനത്തിന്റെ വിയർപ്പുകൊണ്ട് പണിയിച്ചവയായിരുന്നു.

കുറെ വർഷങ്ങൾക്കുമുമ്പ് കോഴിക്കോട്ടുള്ള ഇടവകയിൽ ഒരു യോഗത്തിനുപോയി. ഭീമാകാരമായ ഒരു പള്ളി പണിതുയർത്തിക്കൊണ്ടിരിക്കുന്നു. അവിടെ കുടിയേറിപാർത്തവർ അവരുടെ ചില്ലിക്കാശുമുടക്കി പണിത മനോഹരമായ പള്ളി ഇന്നും നിലനിൽക്കുകയാണ്. ആ പള്ളിയുടെ ഉദ്ഘാടനത്തിന് ഞാൻ പോയത് ഓർത്തു. ആ പള്ളി പണിതിരിക്കുന്ന ഓരോ കല്ലിലും അധ്വാനിക്കുന്ന കർഷകന്റെ വിയർപ്പിന്റെ മണമുണ്ട്. ആ പള്ളി പൊളിക്കാൻ ഒരു വൈദികൻ വളരെ പരിശ്രമിച്ചുപോലും. എന്നാൽ അത് പൊളിക്കാൻ ഇടവകക്കാർ സമ്മതിച്ചില്ല. ഇപ്പോഴത്തെ ബാബേൽ ഗോപുരം പണിയുന്നത് കർഷകരുടെ രണ്ടാമത്തെ തലമുറയുടെ മടിശീല ചൂഷണം ചെയ്താണ്. "സഭാ ധിക്കാരികൾ" എന്ന പേരു കിട്ടാതിരിക്കാൻവേണ്ടി പാവങ്ങൾ അവരുടെ കുരുമുളകും തേങ്ങയും വിറ്റ് കാശ് കൊടുക്കുകയായിരുന്നു. അവരുടെ വീടുകൾ പണിയാൻ തുടങ്ങിയപ്പോൾ അച്ചന്റെ പരാതി ഇതായിരുന്നു. നിങ്ങൾ വലിയ വീടുകൾ പണിയാൻ തുടങ്ങിയിരിക്കുന്നു. കർത്താവ് പഴയ പള്ളിയിൽ ഇപ്പോഴും വസിക്കുന്നു. ഭൂരിപക്ഷം സ്ത്രീകളും അതു വിശ്വസിച്ചു. ഒരു തർക്കത്തിനു മുതിരാതെ അവർ തങ്ങളുടെ വീടുപണി നിർത്തിവെച്ചുകൊണ്ട്

പള്ളി പണിയാൻ പണം നൽകി. ഈ പള്ളികളിൽ ക്രിസ്തു വസിക്കുന്നുണ്ടെന്ന് ക്രൈസ്തവ കുട്ടികളെ വേദപാഠത്തിലൂടെ പഠിപ്പിക്കുന്നു. ചെറിയവനിൽ ഒരുവനു കൊടുക്കുന്നത് എനിക്കാണ് തരുന്നതെന്നു കല്പിച്ച ക്രിസ്തുവിന്റെ പഠനാന്തരീക്ഷത്തിലാണ് ഇത്തരം നാടകങ്ങൾ അരങ്ങേറുന്നത്.

ഈ പള്ളികൾ ഓരോന്നും ക്രിസ്തുവിന് എതിർസാക്ഷ്യങ്ങളാണ്. അവിടെ ക്രിസ്തു വസിക്കുന്നെന്നു വിശ്വസിക്കാൻ ഇന്നത്തെ തലമുറയ്ക്കു കഴിയുകയില്ല. ഇത് ഇടവക വികാരിമാരുടെ മാത്രം കുറ്റമല്ല ഇതിന് അനുമതി നൽകുന്ന മെത്രാന്മാരാണ് ഉത്തരവാദികൾ.

ഈ ഫരിസേയന്മാരെ തിരിച്ചറിയാൻ അത്മായർക്കു കഴിയണം. ഇല്ലെങ്കിൽ സഭയ്ക്ക് ഭാവിയില്ല.

12-ാം ക്ലാസ്വരെ പഠിച്ച വേദപാഠം മറന്നു പോകുന്നത് ഈ ഫരിസേയ അന്തരീക്ഷത്തിലാണ് എന്നു മനസ്സിലാക്കാൻ കഴിയുന്ന ഒരു പുതിയ തലമുറ വൈദികരും മെത്രാന്മാരും ഉണ്ടായില്ലെങ്കിൽ സഭയുടെ ഭാവി ഒട്ടും ശോഭനമല്ല. ഇവർ പഠിപ്പിക്കുന്ന വേദപാഠ പുസ്തകം വലിച്ചെറിയാൻ അടുത്ത തലമുറ ഒരു മടിയും കാണിക്കുകയില്ല.

ക്രൈസ്തവികത എന്നാൽ ബുദ്ധിയുടെയും അറിവിന്റെയും മാത്രം വികാസമല്ല, മറിച്ച് ഹൃദയത്തിന്റെ വികാസമാണ്. മനസ്സിന്റെ വികാസമാണ്. ക്രിസ്തു ജീവിച്ചിരുന്ന അന്തരീക്ഷം തിരിച്ചു പിടിക്കാൻ ഭാരത സഭക്കെങ്കിലും കഴിയണം. യൂറോപ്പിന് അത് കഴിഞ്ഞില്ല. കഴിയുകയുമില്ല. കാരണം അവിടെ അരിസ്റ്റോട്ടിലിന്റെയും റോമൻ സാമ്രാജ്യത്തിന്റെയും സാംസ്കാരികാന്തരീക്ഷമാണുള്ളത്. കുരിശുയുദ്ധത്തിന്റെയും പീഡനങ്ങളുടെയും ഓർമകളാണതിലുള്ളത്, മാതൃകകളാണതിലുള്ളത്. 16-ാം നൂറ്റാണ്ടിലെ നവീകരണ പ്രസ്ഥാനം അഴിച്ചുവിട്ട ക്രൈസ്തവ ജീവിത മാതൃകകൾ ഇന്ന് യൂറോപ്പിലും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്തിന് ക്രൈസ്തവ സഭകൾക്ക് ജനങ്ങളുടെ മേലുള്ള സ്വാധീനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. എന്തെങ്കിലും ബാക്കിയുണ്ടെങ്കിൽ അത് ഇന്ത്യയിലാണ്. ലോകരാഷ്ട്രങ്ങൾക്കിടയിൽ വേറിട്ടൊരു സംസ്കാരവും പാരമ്പര്യവുമാണ് ഇന്ത്യക്കുള്ളത്. ഇന്ത്യൻ മതങ്ങളുടെയും സംസ്കാരത്തിന്റെയും പശ്ചാത്തലം വ്യത്യസ്തമാണ്. സാധാരണക്കാരനെ സേവിക്കാനുള്ള ഒരു മാനസികാന്തരീക്ഷമായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. ജാതിവ്യവസ്ഥയും ഫ്യൂഡലിസവും കൊടികുത്തി വാണിട്ടും ഇന്ത്യയുടെ അടിസ്ഥാനമൂല്യങ്ങൾക്ക് തകർച്ച ഉണ്ടായില്ല. അതുകൊണ്ടാണല്ലോ 20-ാം നൂറ്റാണ്ടിൽ ഗാന്ധിജിയെയും ശ്രീനാരായണനെയും ശ്രീരാമകൃഷ്ണപരമഹംസനെയുംപോലുള്ള ജീവിതമാതൃകകളെ ഇന്ത്യക്കു സൃഷ്ടിക്കാനായത്. അവർ പുണ്യവാന്മാരായിരുന്നില്ല കത്തോലിക്കാ സഭയുടെ ദൃഷ്ടിയിൽ. പക്ഷേ അവരെ ലോകമെമ്പാടും ആദരിക്കുന്നു. ഈ

ജീവിത മാതൃകകൾ ഇന്നു ഭാരതത്തിനന്യമല്ല. ആ പൂർവസൂരികളുടെ മാതൃക തിരസ്കരിച്ചുകൊണ്ട് ഒരു സഭയ്ക്കും ഇന്ത്യയിൽ വേരോട്ടം ഉണ്ടാകുകയില്ല. യൂറോപ്പിൽനിന്നും കെട്ടിയിറക്കുന്ന ക്രൈസ്തവ ജീവിതമാതൃകകൾ ഭാരതമനസ്സിന് സ്വീകാര്യമായിരിക്കുകയില്ല. ഒരു ഫ്രാൻസിസ് അസ്സീസിയും അതുപോലുള്ള കയ്യിലെണ്ണാവുന്ന ത്യാഗികളുമാണ് യൂറോപ്പിലുള്ള ആകെ സംഭാവന.

നാം ആകെ മാറേണ്ടിയിരിക്കുന്നു ക്രിസ്തുവിന്റെ ജീവിത മാതൃക കാണേണ്ടിയിരിക്കുന്നു. കുര്യാക്കോസ് ഏലിയാസച്ചന്റെ സന്യാസ ഭവനനിർമാണങ്ങളും അൽഫോൻസാമ്മയുടെ രോഗദുരിതങ്ങളും ഭാരതത്തിന് മാതൃകയല്ല. രോഗികളെ ഹൃദയംതുറന്ന് അനുഗ്രഹിച്ച് രോഗം ഇല്ലായ്മ ചെയ്ത ക്രിസ്തുവിന്റെ മാതൃകയാണ് ഭാരതത്തിന് കൂടുതൽ സ്വീകാര്യം. ആ മാതൃകയിലും പഠനങ്ങളിലും അധിഷ്ഠിതമായ ജീവിതം നയിക്കാൻ ക്രൈസ്തവരെ ഒരുക്കുകയാണ് സഭ ചെയ്യേണ്ടത്. ക്രിസ്തു ഒരിക്കലും ഭൗതികാഡംബരങ്ങളുടെയും അധികാരത്തിന്റെയും സമ്പത്തിന്റെയും അവയുടെ ഭരണത്തിന്റെയും സന്ദേശവാഹകനായിരുന്നില്ല.

ക്രൈസ്തവ ലാളിത്യം എന്താണെന്നറിയാത്ത ഒരു ക്രൈസ്തവ സമൂഹത്തെയാണ് നാം ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലൂടെ കെട്ടിപ്പടുത്തുകൊണ്ടിരിക്കുന്നത്. അത് ഭാരതത്തിന്റെ മണ്ണിൽ വളരുകയില്ല. അവിടെ 12-ാം ക്ലാസുവരെയുള്ള വേദപാഠങ്ങളല്ല ക്രിസ്തുവിന്റെ ജീവിത മാതൃകകളാണ് പ്രധാനമെന്നോർക്കുക.

സമ്പത്തിന്റെ സമൃദ്ധിയിലല്ല മറിച്ച് ഹൃദയ ദാരിദ്ര്യത്തിലാണ് ആത്മാവിന്റെ രക്ഷ. അതിനു അവിവാഹിതാവസ്ഥ ആവശ്യമില്ല. പൗരോഹിത്യം ആവശ്യമില്ല. ചുവന്ന അരക്കെട്ടും ആവശ്യമില്ല.

□□


# ഓശാന

**വായിക്കുക, വരിക്കാരാവുക, പ്രചരിപ്പിക്കുക.**

വാർഷിക വരിസംഖ്യ : 90.00

ഓശാന ത്രൈമാസികയായി പ്രസിദ്ധീകരിക്കുന്നു

*M.O./ D.D. അയയ്ക്കേണ്ട വിലാസം:*
എഡിറ്റർ, ഓശാന മാസിക,
ഓശാന മൗണ്ട്, ഇടമറ്റം പി.ഒ.,
പാലാ, കോട്ടയം - 686 578

# പൊങ്ങച്ചത്തിന്റെ വൈദിക സാക്ഷ്യങ്ങൾ

**ഫാ. ജോൺ കൊച്ചുമുട്ടം**

ഇടവക വൈദികർ ആത്മവിശുദ്ധിയിൽ വ്യാപരിച്ച് സമൂഹത്തെ സേവിച്ച് സമൂഹത്തിന് മാതൃകസ്ഥാനികളായി വർത്തിക്കേണ്ടവരാണ്. പുരോഹിതൻ എന്ന വാക്കിന്റെ അർഥം തന്നെ മുമ്പിൽ വയ്ക്കപ്പെട്ടവൻ എന്നാണല്ലോ. ഇന്നത്തെ പല പുരോഹിതരുടെ ദിശാബോധവും പ്രവർത്തനശൈലികളും കാണുമ്പോൾ അവർ യേശുവിന്റെ സാക്ഷികളും ആത്മീയ നേതൃത്വം കയ്യാളുന്നവരുമാണെന്ന വസ്തുത മറക്കുന്നതുപോലെ തോന്നിപോകുന്നു. "നിങ്ങൾ ലോകത്തിന് അനുരൂപരാകരുത്" എന്ന യേശുവിന്റെ വ്യക്തമായ പ്രബോധനം ഉണ്ടെങ്കിലും അതിനൊന്നും വലിയ വില കല്പിക്കാത്തവരായി പലരും കാണപ്പെടുന്നു. വൈദിക ജീവതം മാന്യമായ ഒരു പ്രൊഫഷൻ എന്ന നിലയിൽ അവർ കാണുന്നു എന്നുപോലും പലപ്പോഴും സംശയിച്ചുപോകുന്നു.

സമകാലിക സമൂഹത്തിൽ വൈദികസാക്ഷ്യം നൽകുന്ന ചിത്രത്തിന്റെ നേർക്കാഴ്ച ഏതാണ്ട് ഇങ്ങനെ സംഗ്രഹിക്കാം: അധികാരസ്ഥാനം കയ്യാളുന്നവർ നിലവിലുള്ള സംവിധാനങ്ങളുടെ ഊന്നുവടിയായി നിലകൊള്ളുന്നു. പണ്ഡിതശിരോമണികൾ സ്വകാര്യതാല്പര്യങ്ങളുടെ ഹോമകുണ്ഡത്തിൽ നാവടക്കി ഹവിസ്സായി കത്തി എരിയുന്നു. യേശുവിന്റെ വ്യക്തിത്വത്തെയുംദൈവീകതയെയും ഉയർത്തിക്കാണിക്കുന്നതിനു പകരം സ്വന്തം വ്യക്തിത്വത്തെ ഉയർത്തിപ്പിടിക്കുവാനാണ് ഒട്ടുമിക്കവർക്കും താല്പര്യം. ലോകത്തിൽ വച്ച് ഏറ്റവും വലിയ പള്ളി പണിയുക, ഏറ്റവും വലിയ കമാനം ഉണ്ടാക്കുക, ഏറ്റവും വലിയ മണിമാളിക ഉണ്ടാക്കുക, അത്യാധുനിക സജ്ജീകരണങ്ങളോടുകൂടിയ പാരിഷ്ഹാൾ നിർമിക്കുക, ഏറ്റവും വലിയ ഗ്രോട്ടോകൾ നിർമിക്കുക, ഏറ്റവും ശബ്ദമുള്ള മണി ഉണ്ടാക്കുക, പള്ളിയും പരിസരങ്ങളും ടൂറിസ്റ്റ് കേന്ദ്രസമാനമാക്കുക, ദിവസങ്ങൾ നീളുന്ന അഖണ്ഡജപമാലയും അഖണ്ഡ ബൈബിൾ പാരായണവും സംഘടിപ്പിക്കുക, അങ്ങനെ ഗിന്നസ്-ലിംക ബുക്കുകളിൽ ഇടംതേടുക: ഇങ്ങനെ പോകുന്നു ദരിദ്രനും വ്രണിതനും പരിത്യക്തനുമായ യേശുവിന്റെ വൈദിക സാക്ഷ്യങ്ങൾ. ലോകത്തിൽ ഏറ്റവും അധികം ക്രിസ്തുമസ്സ് പാപ്പാമാരെ അണിനിരത്തി ഗിന്നസ് ബുക്കിൽ ഇടംതേടി മാതൃക കാണിച്ച വൈദിക മേലദ്ധ്യക്ഷന്മാർ ഉള്ള ഈ നാട്ടിൽ ഇതും ഇതിനപ്പുറവും നടന്നില്ലെങ്കിലേ അത്ഭുതപ്പെടാനുള്ളൂ.

ഇടവകയിലെ പാവപ്പെട്ടവരും രോഗികളും സാധാരണ ജനങ്ങളും ഇത്തരക്കാർക്ക് ഒരു പ്രശ്നമേ അല്ല. കഴിയുമെങ്കിൽ ഇക്കൂട്ടരെക്കൂടി പിഴിഞ്ഞ് വൻ സൗധങ്ങളും സ്ഥാപനങ്ങളും പടുത്തുയർത്തി സ്വന്തം പൊക്കം ഉയർത്തിക്കാണിക്കാൻ പണിപ്പെടുന്ന ഫരിസേയ മനോഭാവം തലയിൽ ഏറ്റിയിരിക്കുന്ന നമ്മുടെ വൈദികർ വാസ്തവത്തിൽ സഹ

താപം അർഹിക്കുന്നു. അച്ചനായാൽ ഒരു വർഷത്തിനുള്ളിൽ ഒരു നല്ല കാർ സമ്പാദിച്ച് ചെത്തിനടക്കണമെന്ന ചിന്തയാണ് പല കൊച്ചച്ചന്മാർക്കും. 50 ലക്ഷത്തിൽപരം രൂപയുടെ വിലപിടിപ്പുള്ള കാർ ഉപയോഗിക്കുന്ന വൈദിക മേലദ്ധ്യക്ഷന്മാർ നമുക്കുള്ളപ്പോൾ കൊച്ചച്ചന്മാരുടെ കൊച്ചു കൊച്ചു മോഹങ്ങളെ വിമർശിച്ചിട്ട് കാര്യമില്ല. ഇടവകയിലെ മൂന്നോ നാലോ വർഷത്തെ പ്രവർത്തനങ്ങൾക്ക് ശേഷം നല്ല ഒരു യാത്രയയപ്പും വില കൂടിയ ഒരു സമ്മാനവും വാങ്ങുകയെന്നതും അവരുടെ ഹിഡൻ അജണ്ടയാണ്. ഈ രഹസ്യ അജണ്ടയുടെ ഭാഗമായി സാമാന്യസൗകര്യമുള്ള പള്ളിയും പള്ളിമുറിയും ഒക്കെ പുതുക്കിപ്പണിയുന്ന വിരുതന്മാരുണ്ട്. ഇടവകയിലെ ഉള്ളവരുമായുള്ള ചങ്ങാത്തവും അവർ ഇഷ്ടപ്പെടുന്നു.

പത്ത് പന്ത്രണ്ട് വർഷത്തെ സെമിനാരി പരിശീലനത്തിനു ശേഷം പുറത്തുവരുന്ന വൈദികർ പെട്ടെന്ന് ഓരോരോ 'ബിസിനസ്സു'കളിൽ ഏർപ്പെടുന്നതായി കാണാം. ഇന്ന് ഏറ്റവും മാർക്കറ്റുള്ളത് ധ്യാനകേന്ദ്രങ്ങൾക്കും നൊവേനകൾക്കുമാണ്. മൂലധനമുടക്ക് ഏറെ ആവശ്യമില്ലാത്ത കാര്യങ്ങളാണല്ലോ ഇവ. ആത്മീയതയുടെ മൊത്ത വ്യാപാരക്കാരും കുറവല്ല. വിദേശങ്ങളിലുള്ള ഹയർ സ്റ്റഡീസിൽ നോട്ടമിട്ട് സ്വത്വം പൂഴ്ത്തിവച്ച് അധികാരികളെ മണിയടിച്ച് കഴിയുന്നവർ ദുർലഭമല്ല. അല്പം സംഗീതവാസനയുണ്ടെങ്കിൽ പാട്ടു കുർബാനയും അതിനുള്ള ട്രൂപ്പും ഒക്കെയായി ഒരു കൂട്ടർ മാറുന്നു. പൈതൃകത്തിന്റെ പേരും പറഞ്ഞ് സുറിയാനി പാട്ടുകുർബാന നടത്തി കൊടുക്കുന്ന മെത്രാന്മാർ വരെ ഉണ്ട്. ധ്യാനവും കൺവെൻഷനും നടത്തി നാടുനീളെ ആത്മീയത ഉണർത്തുന്നവരെയും കാണാം. വലിയ തിരക്കുള്ള പ്രസിദ്ധരായ കലാകാരന്മാരെപ്പോലെ കൃത്യസമയത്ത് വന്ന് പരിപാടി നടത്തി കൃത്യനിഷ്ഠപാലിച്ച് മടങ്ങിപ്പോകുന്നവരാണ് ഒട്ടുമിക്കവരും. എട്ടും പത്തും ദിവസം പെരുന്നാളു നടത്തി തൃപ്തിവരാതെ എട്ടാമിടവും ആഘോഷിച്ച് പണപ്പെട്ടി നിറയ്ക്കുന്നവരെയും നാം കാണുന്നു. എട്ടുദിവസത്തെ പെരുന്നാളിന് എട്ടുതരം പലഹാരങ്ങൾ ഭക്തജനങ്ങളെകൊണ്ട് നേർച്ചയായി സമർപ്പിച്ച് പെരുന്നാളിന് വൈവിധ്യം പകരുന്നത് വൈദികന്റെ കഴിവിന്റെ മികവ് എന്നല്ലേ പറയേണ്ടൂ. തീർഥാടന കേന്ദ്രങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിലും ഉള്ളവരെ കച്ചവടവൽക്കരിക്കുന്നതിലുമാണ് ചിലരുടെ ശ്രദ്ധ. മറ്റുചിലർക്ക് കഥകളിയിലും കാസറ്റു നിർമാണത്തിലുമാണു കമ്പം. കെങ്കേമൻ ജൂബിലികൾ നടത്തി കേമത്തം കാണിക്കുന്നതിൽ ചിലർ ഒരു ഉളുപ്പും കൂടാതെ സായൂജ്യമടയുന്നു. കുമ്പസാരക്കൂട്ടിൽ കൂടുതൽ സമയം ചെലവഴിക്കുന്നതിനോ പാവപ്പെട്ടവന്റെയും വേദനയനുഭവിക്കുന്നവന്റെയും രോദനങ്ങൾ ശ്രവിക്കുന്നതിനോ പേരും മേൽവിലാസവും ഇല്ലാത്തവരെ തേടി പോകുന്നതിനോ ഇക്കൂട്ടർക്ക് തെല്ലും സമയമില്ലപോലും! ആനപ്പുറത്ത് സവാരി ചെയ്യുന്നവനുണ്ടോ കാൽനടക്കാരന്റെ യാതന അറിയുന്നു!

അധികാരസ്ഥാനങ്ങളിലുള്ളവർക്കും ഇത്തരക്കാരോട് പഥ്യം. ജാടകൾ ഒന്നും കാണിക്കാതെ ഇടവക ജീവിതത്തിൽ കഴിവ് തെളിയിച്ച് വിജയി

ച്ചവർ അധികാരികളിൽ നിന്ന് പ്രോത്സാഹനവും പ്രമോഷനും ഒന്നും ലഭിക്കുവാൻ അർഹതയില്ലാത്ത പാവം അച്ചന്മാർ മാത്രം.

ഇക്കാലത്ത് ആത്മീയതയ്ക്ക് സാക്ഷ്യം വഹിക്കേണ്ട വലിയൊരു മേഖലയാണ് മീഡിയ. നവമാധ്യമങ്ങൾക്കും ഇതിൽ വലിയ പങ്കുണ്ട്. ഫ്രാൻസിസ് പാപ്പ ഇക്കാര്യം എടുത്തു പറഞ്ഞിട്ടുമുണ്ട്. മാധ്യമങ്ങളിലൂടെ സുവിശേഷം ഘോഷിക്കുക, ശ്രമകരവും, വിഷമം പിടിച്ചതും എല്ലാവർക്കും സാധ്യമല്ലാത്തതുമായ ഒരു കാര്യമാണ്. ഇക്കാര്യത്തിൽ താല്പര്യപൂർവം ചുവടുകൾ വയ്ക്കുവാൻ മുന്നോട്ട് വരുന്ന അച്ചന്മാർ തന്നെ ദുർലഭം. അഥവാ വാസനയുള്ള ആരെങ്കിലും താല്പര്യപൂർവം മുന്നോട്ട് വന്നാൽ അവരെ പ്രോത്സാഹിപ്പിക്കുന്നവർ ചുരുക്കം. സാമൂഹ്യ മാധ്യമങ്ങളുടെ കാലികപ്രസക്തി ഉൾക്കൊണ്ട് ഇത്തരം പ്രതിഭാധനരായ അച്ചന്മാരെ തിരിച്ചറിഞ്ഞ് സഭാനേതൃത്വം പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇപ്പോൾ ഈ രംഗത്ത് പ്രവർത്തിക്കുന്നവരെ കൈയയച്ച് സഹായിക്കേണ്ടതുമാണ്. വൻ വിദ്യാഭ്യാസസ്ഥാപനങ്ങളിലൂടെയും മറ്റു സ്ഥാപനവൽക്കരണ സംരംഭങ്ങളിലൂടെയും നൽകുന്ന സുവിശേഷ സാക്ഷ്യത്തോടൊപ്പം മീഡിയ വഴിയുള്ള സുവിശേഷഘോഷണം സഭ നിസ്സാരമാക്കരുത്. കാലഘട്ടത്തിന്റെ വലിയൊരു ആവശ്യമാണിത്. കോൺക്രീറ്റ് സംസ്കാരത്തെക്കാൾ സഭയ്ക്കിന്ന് ഏറെ ആവശ്യം പുത്തൻ തലമുറകളെ അതിവേഗം ഗ്രസിച്ചുകൊണ്ടിരിക്കുന്ന നവമാധ്യമസംസ്കാരത്തിൽ ഫലപ്രദമായി ഇടപെടുന്നതാണ്. കോൺക്രീറ്റ് സംസ്കാരത്തിന്റെ ഭാഗമായി പണിയപ്പെട്ട പടിഞ്ഞാറൻ നാട്ടിലെ പല പള്ളികളും കോൺവെന്റുകളും ഇന്ന് വന്ധ്യമായിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ കേരളത്തിൽ സന്യാസിനി സഹോദരിമാരാകാൻ താല്പര്യപ്പെടുന്നവരുടെ എണ്ണം തുലോം കുറഞ്ഞിരിക്കുന്നു! പുരുഷ സന്യാസ ദൈവവിളികളും കുറഞ്ഞു വരുന്നു. ഇതൊക്കെ സൂചനകൾ മാത്രമാണ്. സമീപഭാവിയിൽ നമ്മുടെ സന്യാസ-സന്യാസിനി ഭവനങ്ങളുടെ വക പല കൂറ്റൻ കെട്ടിടങ്ങളും ശുന്യമായി ഒഴിഞ്ഞു കിടക്കും എന്നതിൽ ആർക്കും സംശയം വേണ്ട.

ഇക്കണക്കിന് പോയാൽ കോടികളുടെ കോൺക്രീറ്റ് പള്ളികൾ ഇവിടെയും ശൂന്യമാകുമെന്നതിൽ തർക്കമില്ല. ഈ വസ്തുത കൺമുമ്പിൽ നിൽക്കെയാണ് ബാബേൽ ഗോപുരം പോലെ ഇന്ന് ദശകോടികളുടെയും ശതകോടികളുടെയും പള്ളികളും ഇതര സ്ഥാപനങ്ങളും പണിത് കീർത്തി സമ്പാദിക്കാൻ ഒരുമ്പെടുന്നത്. ഇത്തരം സാഹസിക സംരംഭങ്ങൾക്ക് മുതിരുന്നതും അതിന് അനുമതി നൽകുന്ന നേതൃത്വവും ഒരുപോലെ കുറ്റക്കാരാണ്. ദീർഘവീക്ഷണത്തോടുകൂടിയ സമീപനങ്ങളാണ് ഇന്നീ സഭയ്ക്കുണ്ടാകേണ്ടത്. ക്രൈസ്തവ സംസ്കാരം ഇവിടെ ഒരു കാലത്ത് പ്രബുല്ലമായിരുന്നുവെന്ന് ഒരു പക്ഷേ ഭാവിചരിത്രകാരന്മാർ കുറിച്ചു വയ്ക്കുവാൻ പോകുന്ന അവസ്ഥയിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നതെന്ന് ഓർക്കണം. അപ്പോഴും നാം ബാബേൽ ഗോപുരങ്ങളുടെ

നിർമാണ തിരക്കിലാണ്. കൊടുങ്കാറ്റ് ആഞ്ഞടിച്ച് ആടിയുലഞ്ഞ കപ്പലിന്റെ അടിത്തട്ടിൽ സുഖമായി ഉറങ്ങിയ യോനാസ് പ്രവാചകനെപ്പോലെ നാമും സുഖമായി ഉറങ്ങുകയാണോ? ഐ.എസ്. ബൊക്കൊഹറാം തീവ്രവാദികളെപ്പോലെ ഇവിടെയും ഹിന്ദു തീവ്രവാദികൾ ഉറഞ്ഞുതുള്ളുകയില്ലായെന്ന് ആര് കണ്ടു?

ചില വൈദികർ സ്ഥലം മാറിപ്പോകുമ്പോൾ താൻ ചെയ്ത വൻകാര്യങ്ങൾ നോട്ടീസ് അടിച്ച് പരസ്യപ്പെടുത്തുന്നത് കണ്ടിട്ടുണ്ട്. മറ്റ് ചിലരാകട്ടെ പത്രങ്ങളിൽ സപ്ലിമെന്റ് ഇറക്കുന്നു. വേറെ ചിലർ അനേകം കാറുകളുടെ അകമ്പടിയോടെ, മരണാവസരങ്ങളിൽ വിലാപയാത്രപോലെ ഫ്ളെക്സും വച്ച് പുതിയ പള്ളിയിലേക്ക് ജൈത്രയാത്ര നടത്തുന്നു! പലപ്പോഴും കാറുകളുടെ എണ്ണം നിശ്ചയിക്കുന്നതും അറേയ്ഞ്ച് ചെയ്യുന്നതും സ്ഥലം മാറിപ്പോകുന്ന വികാരിയായിരിക്കും. (കുറേ വർഷങ്ങൾക്ക് മുമ്പ് ബത്തേരിയിൽ നിന്ന് ഒരു രൂപതാദ്ധ്യക്ഷൻ തിരുവനന്തപുരത്തേക്ക് സ്ഥലം മാറിയപ്പോൾ നൂറിൽപ്പരം കാറുകളുടെ അകമ്പടിയുണ്ടായിരുന്നത് ഓർക്കുന്നു. യഥാരാജഃ യഥാപ്രജഃ) ചിലർക്ക് ഒരു കാർ സമ്മാനമായി വേണമെന്ന് നിർബന്ധമാണ്. ഇടവകക്കാർക്ക് അതിന് കഴിവില്ലെങ്കിൽ സ്വന്തം പോക്കറ്റിൽ നിന്നും പണം മുടക്കി കാർ വാങ്ങി ഇത് ഇടവകക്കാരുടെ സമ്മാനമാണ് എന്ന് വരുത്തിത്തീർക്കും. ഇത്തരം പൊങ്ങച്ചക്കാരെ മയിലിന്റെ രൂപഭംഗിയോടാണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ ഉപമിക്കുന്നത്. മെല്ലിച്ച കാലുകളുള്ള മയിലിനെ പൊങ്ങച്ചത്തിന്റെ പ്രതീകമായിട്ടാണ് അദ്ദേഹം പറയുന്നത്. പുരോഹിതന്റെ മുഖമുദ്ര ലാളിത്യമാണ് എന്ന് പറയുമെങ്കിലും അതെല്ലാം കടലാസിലും പ്രസംഗങ്ങളിലുമായി ഒതുങ്ങുന്നു.

എല്ലാ ഇടവകവൈദികരും തങ്ങൾക്ക് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ഇടവകയുടെ പരിധിയിലും പരിമിതിയിലും നിന്നുകൊണ്ട് ഇടവകയുടെ സർവ്വതോന്മുഖമായ വികസനത്തിന് നേതൃത്വം നൽകുന്നവരാണ്. നോട്ടീസിലും സപ്ലിമെന്റിലും അക്കമിട്ട് പറയുന്ന കാര്യങ്ങൾ തന്നെയാണ് എല്ലാ വൈദികരും ചെയ്യുന്നത്. അവസരങ്ങളും അനുകൂലഘടകങ്ങളുമാണ് ഇതൊക്കെ ചെയ്യിക്കുന്നത്. അതുകൊണ്ട് ചെയ്തകാര്യങ്ങൾ എന്തോ വൻകാര്യങ്ങളാണെന്ന വീമ്പോടെ ചെണ്ടകൊട്ടി അറിയിക്കുന്നതും നോട്ടീസും സപ്ലിമെന്റും ഇറക്കുന്നതും ഭൂഷണമല്ല; പൊങ്ങച്ചമായേ മറ്റുള്ളവർ ഇവയെ വിലയിരുത്തൂ. വ്യർത്ഥാഭിമാനം (Vain glory) എന്നേ ഇതിനെ വിശേഷിപ്പിക്കാനാവൂ. ആത്മീയത തളരുമ്പോൾ ഇത്തരം പൊങ്ങച്ചങ്ങൾ കൂടിക്കൊണ്ടിരിക്കും. ഇതിനൊക്കെ കുടപിടിക്കുന്ന സഭാനേതൃത്വത്തെക്കുറിച്ച് എന്താണ് പറയേണ്ടത്.

പെരുന്നാളിനും മറ്റും വൈദിക മേലദ്ധ്യക്ഷന്റെ പടം കൂടി ഉൾപ്പെടുത്തി ചില വൈദികർ പത്രങ്ങളിൽ സപ്ലിമെന്റ് ഇറക്കാറുണ്ട്. ഇത്തരം സപ്ലിമെന്റിൽ തങ്ങളുടെ പടം ഉൾപ്പെടുത്തി കാണുന്നതിൽ സായൂജ്യം കണ്ടെത്തുന്ന സഭാദ്ധ്യക്ഷന്മാർക്ക് ഇത്തരം ധൂർത്ത് നിയന്ത്രിക്കുവാൻ

കഴിയില്ലെന്നതാണ് പരമാർഥം. സപ്ലിമെന്റിൽ തങ്ങളുടെ ചിത്രം വരാൻ പാടില്ലെന്നും സ്ഥലം മാറ്റത്തിന് സപ്ലിമെന്റ് പാടില്ലെന്നും വൈദികാദ്ധ്യക്ഷന്മാർ കർശനമായ നിലപാട് സ്വീകരിച്ചാൽ സപ്ലിമെന്റ് ഭ്രമം കുറച്ച് കുറയും. വൈദിക സ്ഥലമാറ്റങ്ങളിൽ ഉണ്ടാകുന്ന ധൂർത്ത് നിയന്ത്രിക്കാൻ ഒരു പെരുമാറ്റച്ചട്ടം തന്നെ ഉണ്ടാവണം. ലോകത്തിലെ നേതാക്കന്മാരെപ്പോലെ വർത്തിക്കേണ്ടവരല്ല വൈദികർ, വൈദികരുടെ ഇത്തരം ചര്യകൾ സമൂഹത്തിന് വലിയ ഇടർച്ചയാണെന്ന വസ്തുത മറക്കരുത്.

വൈദിക സ്ഥലമാറ്റങ്ങളെപ്പോലെ തന്നെ വൈദികമേലദ്ധ്യക്ഷന്മാർക്കും സ്ഥലമാറ്റം അത്യാവശ്യമാണ്. ഏറിയാൽ പത്തുവർഷത്തിലൊരിക്കൽ ഒരു സ്ഥലമാറ്റമുണ്ടാവണം. സഹപ്രവർത്തകരായ വൈദികർക്ക് സ്ഥലമാറ്റം ആകാമെങ്കിൽ മെത്രാന്മാർക്ക് എന്തുകൊണ്ട് ഇത് ആയിക്കൂടാ. അങ്ങനെ വന്നാൽ നിത്യസഹായമെത്രാനായി ആർക്കും വിരമിക്കേണ്ടിവരില്ല. മാത്രമല്ല പല രൂപതകളിലും വിശ്വാസികളുടെ ശ്വാസംമുട്ടലിന് ഒരു പരിധി വരെ പരിഹാരമാവുകയും ചെയ്യും.

വൈദികസെമിനാരി വിട്ട് പുറത്ത് ഇറങ്ങുന്ന വൈദികർ എന്തേ ഇത്ര പെട്ടെന്ന് ലോകത്തിന്റെ അരൂപിക്ക് വശംവദരാകുന്നു? സെമിനാരി പരിശീലകരും സഭാനേതൃത്വവും ഗൗരവമായി ചിന്തിക്കേണ്ട ഒരു വിഷയമാണ് ഇത്. അനുഭവപരമായ ആത്മീയത എന്നതിനെക്കാൾ ബൗദ്ധിക പരിശീലനങ്ങൾക്ക് അല്ലേ ഇന്ന് ഊന്നൽ കൊടുക്കുന്നത് എന്ന് തോന്നിപ്പോകുന്നു. ഫിലോസഫിയും തിയോളജിയും ബൗദ്ധികമായ കശർത്തുകൾ മാത്രമാണ്. അന്വേഷണപരവും അനുഭവപരവുമായ ആത്മീയതയുടെ അവസരങ്ങൾ നമ്മുടെ സെമിനാരി വിദ്യാർത്ഥികൾക്ക് വേണ്ടത്ര ഒരുക്കുന്നില്ല. പടിഞ്ഞാറൻ ഫിലോസഫിയും തിയോളജിയും കൊടുക്കുക എന്നതിലുപരി പൗരസ്ത്യവും ഭാരതീയവുമായ ദർശനങ്ങളിലുള്ള പരിശീലനമാണ് നമുക്കിണങ്ങുന്നത്. ഭാരതീയ ആത്മീയത അനുഭവ പ്രധാനവും അന്വേഷണാത്മകവുമാണല്ലോ.

നമ്മുടെ വൈദിക വിദ്യാർഥികൾക്ക് ശരിയായ ഓറിയന്റേഷൻ കൊടുക്കുന്നതിൽ സെമിനാരികൾ പരാജയപ്പെടുന്നു. ആചാര്യഗുണം സെമിനാരി വിദ്യാർഥികളെ സ്വാധീനിക്കും എന്നതിൽ സംശയമില്ല. കൃഷിക്കാരനെ ആശ്രയിച്ചാണല്ലോ മെച്ചപ്പെട്ട വിളകൾ ലഭിക്കുക. നമ്മുടെ സെമിനാരിയിലെ പ്രൊഫസർമാർ യഥാർഥ ഗുരുക്കളും ആചാര്യന്മാരുമാണോ? അതോ കേവലം അറിവ് പകരുന്ന അധ്യാപകർ മാത്രമോ? സഭാ ശുശ്രൂഷകളിൽ ഡോക്ടറേറ്റ് നേടിയിട്ടുള്ള എല്ലാവരും ആചാര്യന്മാരും ഗുരുക്കന്മാരും ആകണമെന്നില്ല. ശരിയായ വിലയിരുത്തലുകൾക്ക് ഇക്കാലഘട്ടത്തിലെ വൈദികർ നൽകുന്ന തെറ്റായ ദിശാബോധത്തിന്റെ സൂചനകൾ വെല്ലുവിളിയാകുന്നു.

ഫോൺ : 9961436124 (കടപ്പാട് : നസ്രാണി ദീപം, ഏപ്രിൽ 2015)



ഏ
ജോസഫ് പു
പുലിക്കുന്നേൽ ന
സംരംഭങ്ങളെയും കുറ
- ജോസഫ് പുലിക്കു
ഡി.സി.ബുക്സ് മെയ്

ആവശ്യമുള്ളവർ ഇ
സ്റ്റഡീസിര
വിലാസം : ഡയറക്ടർ, ഇ
ഓശാനമൗണ്ട്, ഇടമ
Mob : 94471

# സെക്യുലറിസവും മതങ്ങളും

**ജസ്റ്റിസ് കെ.റ്റി.തോമസ്**

"സെക്യുലറിസം" എന്ന വാക്കിന് 'മതനിരപേക്ഷത' എന്ന് മലയാ ളത്തിൽ പരിഭാഷപ്പെടുത്തിയതുമൂലം അതിനെ വളരെ പരിമിതമായ അർഥത്തിലാണ് മലയാളികൾ പലരും മനസ്സിലാക്കിയിട്ടുള്ളതെന്ന് എനിക്കു തോന്നുന്നു. മതനിരപേക്ഷത എന്നത് സെക്യുലറിസത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒന്നാണ് എന്നതിന് എനിക്കു സംശയം ഇല്ല. എന്നാൽ ആ തത്വത്തിന് മതസംബന്ധമായതിനേക്കാൾ വിശാലവും വില പ്പെട്ടതുമായ വിസ്തൃതി ഉണ്ട്. മതാനുഷ്ഠാനങ്ങളുടെ പ്രാധാന്യം ഉറപ്പു വരുത്തുന്നതാണ് സെക്യുലറിസം എന്ന് ചിലർ ധരിച്ചിട്ടുണ്ടെങ്കിൽ അത് ഒട്ടും ശരിയല്ല. മതങ്ങളുടെ സ്വാധീനങ്ങൾ ഉൾപ്പെടെ എല്ലാ വിഭാഗീയ സ്വാധീനങ്ങൾക്കും അതീതമായി ഒരു പൗരന്റെ വ്യക്തിമാഹാത്മ്യത്തി നാണ് പ്രാധാന്യമുള്ളതെന്ന് സ്ഥാപിക്കുന്നതാണ് സെക്യുലറിസത്തിന്റെ കാതലായ തത്ത്വം. മലയാളത്തിൽ അതിനുവേറെ തത്തുല്യമായ പദം കണ്ടുപിടിക്കുന്നതുവരെ സെക്യുലറിസം എന്ന വാക്കു തന്നെ അതിലേക്കു ഉപയോഗിക്കുന്നതായിരിക്കും അഭികാമ്യം എന്ന് ഞാൻ കരുതുന്നു.

മതസംബന്ധമായ കാര്യങ്ങളുമായി സെക്യുലറിസം അറിയപ്പെട്ടി ട്ടുണ്ടെങ്കിൽ അതിന്റെ പശ്ചാത്തലം വന്നുചേർന്നത് അമേരിക്ക വഴിയാ ണ്. ക്രിസ്തുമതത്തിന്റെ പ്രചാരകർ നടത്തിയിട്ടുള്ള പ്രബോധനങ്ങളും പ്രവർത്തനങ്ങളും ചിലപ്പോൾ ഗവൺമെന്റു ഉത്തരവുകളോ, തീരുമാന ങ്ങളോ വിഘാതമായി വന്നിട്ടുള്ളപ്പോൾ അത് സംബന്ധിച്ച് ഉണ്ടായിട്ടുള്ള കേസ്സുകളിൽ അമേരിക്കൻ സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായ ങ്ങളാണ് ഇത്തരമൊരു ചെറിയ അർത്ഥത്തിന് ഇടയായിട്ടുള്ളത്. ആ വിധി കളിൽ ഗവൺമെന്റ് ഉത്തരവുകളും തീരുമാനങ്ങളും മതത്തിന്റെ സ്വാധീ നത്തിൽനിന്ന് പൂർണമായി വിട്ടുനിൽക്കേണ്ടതാണെന്ന് ഊന്നിപ്പറഞ്ഞി ട്ടുണ്ട്. ഉദാഹരണമായി 1878-ൽ Raynolds Vs. United States എന്ന കേസ്സിൽ അമേരിക്കൻ സുപ്രീംകോടതി വ്യക്തമായി വിധിച്ചത് അമേരി ക്കയിലെ കേന്ദ്ര ഗവൺമെന്റാണെങ്കിലും മതപരമായ കാര്യങ്ങളെ പ്രത്യ ത്യക്ഷമായോ പരോക്ഷമായോ സഹായിക്കുന്ന യാതൊന്നും ചെയ്തു കൂടാത്തതാകുന്നു എന്നത്രെ. പിൽകാലത്ത് മേൽപ്പറഞ്ഞ വിധി ന്യായത്തെ അംഗീകരിച്ചുകൊണ്ട് ധാരാളം വിധികൾ കൂടി അമേരിക്ക യിൽ ഉണ്ടായിട്ടുണ്ട്. മറ്റൊരു കാരണം, ലോകത്തിലെ ചില രാഷ്ട്രങ്ങ ളിലെ ഭരണകൂടങ്ങൾ മതാധിഷ്ഠിതമായിട്ടുള്ളതാണ്. (Theocratic States) ആ സന്ദർഭങ്ങളിൽ മതാധിഷ്ഠിതമല്ലാത്ത ഭരണകൂടങ്ങളുള്ള രാഷ്ട്ര ങ്ങളെ സെക്യുലർ രാഷ്ട്രങ്ങളെന്ന് വിശേഷിപ്പിക്കാറുണ്ട്. എന്നാൽ സെക്യുലറിസം കേവലം മതാധിഷ്ഠിതത്വത്തെ നിരാകരിക്കുന്നതുകൊ ണ്ടുമാത്രം ഉണ്ടാകുന്നതല്ല.

ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന പ്രമാണങ്ങളിലൊന്ന് സെക്യുലറിസമാണെന്ന് സുപ്രീംകോടതിയും ഹൈക്കോടതികളും ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്.

ഇന്ത്യൻ ഭരണഘടനാ ചരിത്രത്തിലെ ഏറ്റം നിർണായകമായ വിധി ഉണ്ടായത് "കേശവാനന്തഭാരതി Vs. യൂണിയൻ ഓഫ് ഇന്ത്യ" എന്ന കേസ്സിലാണ്. ഏറ്റവും കൂടുതൽ ജഡ്ജിമാർ അടങ്ങിയ ഒരു ബഞ്ച് (13 പേർ) ഏറ്റവും ദീർഘകാലം വാദം കേട്ടതും, ഏറ്റവും ദൈർഘ്യമേറിയ വിധി ന്യായം പറഞ്ഞിട്ടുള്ളതും ആ കേസ്സിലാണ്. 1973-ലാണ് ആ കേസ്സിൽ വിധി ഉണ്ടായത്. അതിൽ അർഥശങ്കക്കിടയില്ലാതെ സുപ്രീം കോടതി പ്രഖ്യാപിച്ചത് സെക്യുലറിസം എന്നത് ഇന്ത്യയുടെ അടിസ്ഥാന പ്രമാണം ആണെന്നത്രെ. ആ വിധി പറയുന്ന കാലത്തൊന്നും ഭരണഘടനയിൽ സെക്യുലറിസം എന്നൊരു വാക്ക് ഉണ്ടായിരുന്നില്ല എന്നത് ഒരു പക്ഷേ പലരും ശ്രദ്ധിച്ചു കാണുകയില്ല. ആ വാക്കുകൂടി ഭരണഘടനയുടെ ആമുഖത്തിൽ (Preamble) ചേർക്കണമെന്ന് കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ ചില അംഗങ്ങൾ ആവശ്യപ്പെട്ടപ്പോൾ ഡോക്ടർ അംബേദ്കർ അതിനോടു അനുകൂലിച്ചില്ല. അദ്ദേഹം പറഞ്ഞത് ഭരണഘടന എന്ന പാവനമായ പ്രമാണത്തിൽ രാഷ്ട്രീയമുഖരിതമായ പ്രയോഗങ്ങൾ ഒഴിവാക്കേണ്ടതാണെന്നും സെക്യുലറിസം പ്രകടിപ്പിക്കേണ്ടത് ആ വാക്ക് എടുത്തു പറഞ്ഞതുകൊണ്ടല്ല പ്രത്യുത വിവിധ അനുച്ഛേദങ്ങളിൽകൂടി ആയിരിക്കേണ്ടതാണെന്നും അത്രെ.

എന്നാൽ ഇന്ത്യയുടെ പ്രധാനമന്ത്രി ആയിരുന്ന ഇന്ദിരാഗാന്ധി ഭരണഘടനയിലെ പല മൗലിക അവകാശങ്ങളും നിർവീര്യമാക്കുകയും ഭരണഘടനയുടെ സെക്യുലർ ഭാവങ്ങൾക്ക് കോട്ടം വരുത്തുകയും ചെയ്തുകൊണ്ട് അടിയന്തിരാവസ്ഥ നടപ്പിലാക്കിയ കാലയളവിൽ 1977-ൽ ഭരണഘടനയുടെ ആമുഖം ഭേദഗതി ചെയ്തുകൊണ്ട് "Sovereign Socialist Secular Democratic Republic'' എന്ന വാക്കുകൾ ചേർത്തു. അറ അതിനെ ആർക്കും വിമർശിക്കാൻ സ്വാതന്ത്ര്യം ഇല്ലാതിരുന്നതുകൊണ്ടും വിമർശകർ പലരും ജയിലറകളിൽ ആയിരുന്നതുകൊണ്ടും വിമർശനം പുറത്തേക്കുവന്നില്ല. പിന്നീട് ഇന്ത്യയിലെ ബഹുജനങ്ങൾ അടിയന്തിരാവസ്ഥക്കെതിരായി ബഹുഭൂരിപക്ഷത്തോടെ വിധി പറയുകയും ജനങ്ങൾ മുമ്പത്തേപ്പോലെ സ്വതന്ത്രമാവുകയും ചെയ്തപ്പോൾ ഇന്ദിരാഗാന്ധി കൊണ്ടുവന്ന ഭേദഗതികൾ നീക്കം ചെയ്യണമെന്നു ആഹ്വാനം മുഴങ്ങുവാൻ തുടങ്ങി. എന്നാൽ ആമുഖത്തിൽ വന്നുചേർന്ന പ്രസ്തുത വാക്കുകൾ അങ്ങിനെതന്നെ കിടക്കട്ടെ എന്നുള്ള നിലപാടാണ് പുതിയ ഗവൺമെന്റ് കൈക്കൊണ്ടത്. ആ വാക്കുകൾ അതിവാചകങ്ങളായി (reduntant) ആമുഖത്തിൽ കിടക്കുന്നതുകൊണ്ട് ദോഷം സംഭവിക്കുകയില്ലെന്നുള്ള വാദത്തിന് മുൻതൂക്കം ലഭിച്ചു.

സെക്യുലറിസത്തിന് ഭരണഘടനയിൽ കൊടുത്തിട്ടുള്ള മാനദണ്ഡ ങ്ങളിൽ ഏറ്റം പ്രധാനപ്പെട്ടത് ഇന്ത്യൻ പൗരന് കൽപിച്ചിട്ടുള്ള വ്കിതമ ഹാത്മ്യത്തിന്റെ അംഗീകാരമാണ്. (Dignity of the individual) എല്ലാ വിഭാ ഗീയ ഘടകങ്ങൾക്കും അതീതമായി വ്യക്തിമാഹാത്മ്യത്തെ ദർശിക്കണ മെന്നുള്ള സന്ദേശമാണ് സെക്യുലറിസത്തിന്റെ അടിസ്ഥാനഫലകം.

ഭരണഘടനയുടെ 14-ാം അനുഛേദത്തിൽ എല്ലാ ഇന്ത്യൻ പൗരന്മാരും സമന്മാരാണെന്നും, നിയമത്തിന്റെ മുമ്പിൽ അവർക്കു സമത്വം ഉണ്ടായി രിക്കണമെന്നും അനുശാസിച്ചിട്ടുള്ളത് സെക്യുലറിസത്തിന്റെ പ്രധാന മുദ്രയാണ്. 15-ാം അനുഛേദത്തിൽ മതത്തിന്റെയോ ജാതിയുടെയോ, മാർഗത്തിന്റെയോ സ്ത്രീപുരുഷ വ്യത്യസ്തതയുടെയോ ജന്മസ്ഥലത്തി ന്റെയോ അടിസ്ഥാനത്തിൽ യാതൊരു വിവേചനവും പൗരന്മാരിൽ ഉണ്ടാ യിക്കൂടാ, എന്നുള്ള നിരോധനവും 16-ാം അനുഛേദത്തിൽ എല്ലാ ഉദ്യോ ഗങ്ങളിലും നിയമനം ലഭിക്കാനുള്ള പൗരന്റെ അവകാശം സമമായിരി ക്കണമെന്നും ക്ലിപ്തപ്പെടുത്തിയിട്ടുള്ളത് സെക്യുലറിസത്തിന്റെ പ്രത്യുൽപന്നങ്ങളാണ്. വ്യവസ്ഥാപിതമായ നിയമം അല്ലാതെ ഒരാളു ടെയും ജീവിതമോ സ്വാതന്ത്ര്യമോ നഷ്ടപ്പെടുത്താൻ പാടില്ലെന്നുള്ള 21-ാം അനുഛേദവും അതിന്റെതന്നെ ലക്ഷണങ്ങളാണ്. 25-ാം അനു ഛേദത്തിൽ ഇന്ത്യയിലെ എല്ലാ മതസ്ഥർക്കും അതുപോലെതന്നെ യാതൊരു മതവുമില്ലാത്തവർക്കും തുല്യമായ സ്വാതന്ത്ര്യം അവരവരുടെ മനഃസാക്ഷിക്കനുസരിച്ചുള്ള വിശ്വാസം പുലർത്താൻ ഭരണഘടന അനു വദിച്ചിരിക്കുന്നു. അതേസമയം, ഏതു മതവും വിശ്വസിക്കുവാനും മതാ ചാരങ്ങൾ അനുഷ്ഠിക്കുവാനും മതവിശ്വാസങ്ങൾ പ്രചരിപ്പിക്കുവാനും നൽകിയിട്ടുള്ള സ്വാതന്ത്ര്യം പൊതുസമാധാന പരിപാലനത്തിനും മാനു ഷിക സദാചാരങ്ങൾക്കും, പൊതു ആരോഗ്യത്തിനും എല്ലാ മൗലിക അവകാശങ്ങൾക്കും വിധേയമായിരിക്കണമെന്നു നിഷ്കർഷിച്ചിട്ടു ള്ളതിന്റെ പ്രാധാന്യം 25-ാം അനുഛേദം പഠിക്കുന്നവർക്കു മനസിലാ കുന്നതാണ്. വളരെ പ്രധാനമായി ഭരണഘടന നിരോധിച്ചിട്ടുള്ളത് പൊതു ഖജനാവിലെ പണം ഏതെങ്കിലും മതത്തിന്റെയോ സമുദായ ത്തിന്റെയോ ഉന്നമ നത്തിനോ മറ്റാവശ്യങ്ങൾക്കോ ഉപയോഗിച്ചുകൂടാ എന്നുള്ള നിബന്ധനയാണ്. അതോടൊപ്പം തന്നെ ഗവൺമെന്റിന്റെയോ ഗവൺമെന്റിൽനിന്നും ധനസഹായം സ്വീകരിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതബോധനങ്ങൾ നടത്തിക്കൂടാ എന്ന് 28-ാം അനുഛേദം നിഷ്കർഷിക്കുന്നു. പ്രത്യേകമായ ഭാഷയോ ലിപിയോ സംസ്ക്കാരമോ ഉള്ള എല്ലാ വിഭാഗങ്ങൾക്കും അവ പുലർത്തിക്കൊണ്ടുപോകാൻ അവകാശമുണ്ടെന്ന് പ്രഖ്യാപിക്കുന്ന 29 -ാം അനുഛേദത്തിന്റെ തലവാചകം "ന്യൂനപക്ഷങ്ങളുടെ താൽപര്യ സംരക്ഷണം" എന്നാണ്. ഇവിടെ മതം എന്ന വാക്ക് ഉപയോഗിച്ചി ട്ടില്ല എന്നാൽ അതിന്റെ 2-ാം ഉപവകുപ്പിൽ ഗവൺമെന്റു നടത്തുന്നതോ പൊതുഖജനാവിൽ നിന്നും ഏതെങ്കിലും സാമ്പത്തിക സഹായം സ്വീക

രിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതത്തിന്റെയോ ജാതിയുടെയോ വർഗത്തിന്റെയോ ഭാഷയുടെയോ അടിസ്ഥാനത്തിൽ ഒരാൾക്കും പ്രവേശനം നിഷേധിച്ചുകൂടാ എന്നു കർശനമായി പറഞ്ഞിട്ടുണ്ട്. ഇവ സെക്യുലറിസത്തിന്റെ പ്രഖ്യാപിത തെളിവുകളാണ്. എന്നാൽ 30-ാം അനുഛേദം ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് മതന്യൂനപക്ഷങ്ങൾക്ക് ഭൂരിപക്ഷത്തിനില്ലാത്ത മുന്തിയ അവകാശങ്ങൾ ഉണ്ടെന്ന് ചില വൃത്തങ്ങളിൽനിന്ന് ഉണ്ടായിട്ടുള്ള പ്രചരണം നീതീകരിക്കത്തക്കതല്ലെന്നു സുപ്രീംകോടതിയുടെ പതിനൊന്ന് അംഗബഞ്ച് റ്റി. എം. എ. പൈ. കേസ്സിൽ അർഥശങ്കക്കിടയില്ലാത്തവണ്ണം പറഞ്ഞിട്ടുണ്ട്. 30-ാം അനുഛേദത്തിൽ പറഞ്ഞിട്ടുള്ളത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതും നടത്തിക്കൊണ്ടു പോകുന്നതും എല്ലാ ന്യൂനപക്ഷങ്ങൾക്കും അത് മതത്തിന്റെയോ ഭാഷയുടെയോ അടിസ്ഥാനത്തിലുള്ളതാണെങ്കിലും അവകാശമുണ്ടായിരിക്കുമെന്നാണ്. അത് ഭൂരിപക്ഷത്തിനില്ലാത്ത മുന്തിയ ഒരു അവകാശമല്ലെന്നും പ്രത്യുത വിദ്യാഭ്യാസ കാര്യത്തിൽ നൽകിയിട്ടുള്ള സംരക്ഷണമാണെന്നും സുപ്രീം കോടതി പറഞ്ഞിട്ടുണ്ട്.

ഭരണഘടനയുടെ 44-ാം അനുഛേദത്തിൽ ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും ഏകീകൃത സിവിൽ കോഡ് ഉണ്ടായിരിക്കുന്നതിന് ഗവൺമെന്റു തലത്തിൽ നടപടികൾ നടത്തേണ്ടതാണെന്നു അനുശാസിക്കുന്നു. എല്ലാ പൗരന്മാർക്കും ഉണ്ടായിരിക്കേണ്ട മൗലികമായ ചുമതലകളെപ്പറ്റി പ്രതിപാദിക്കുന്ന 51-A എന്ന അനുഛേദത്തിൽ പറഞ്ഞിട്ടുള്ളവയിൽ ഈ സന്ദർഭത്തിൽ എടുത്തുകാണിക്കേണ്ടത് ഇപ്രകാരമാണ്. മതപരമോ, ഭാഷാപരമോ പ്രാദേശികമോ മറ്റു തലത്തിലോ ഉള്ള വിഭാഗീയതകൾക്ക് അതീതമായി എല്ലാ ഇന്ത്യാക്കാരനിലും പൊതുവായ സാഹോദര്യ സ്വീകാര്യത വളർത്തിയെടുക്കേണ്ടത് ഓരോ പൗരന്റെയും കടമയാണ്.

മേൽപറഞ്ഞവ എല്ലാം ഇന്ത്യൻ ഭരണഘടനയിലെ സെക്യുലർ ഭാവത്തിന്റെ കരുത്തേറിയ നിബന്ധനകളാണ്. സെക്യുലറിസത്തിന്റെ ഏറ്റവും വലിയ വക്താവായിരുന്ന ഇന്ത്യയിലെ ആദ്യ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിനെ 1952-ൽ നടന്ന അഖിലലോക ക്രിസ്ത്യൻ യുവജന കോൺഫറൻസ് ഉൽഘാടനം ചെയ്യുന്നതിന് ക്ഷണിച്ചപ്പോൾ അദ്ദേഹം വിസമ്മതം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞത് ഇന്ത്യയിൽ ഭരണം നടത്തുന്ന ഒരാൾ ഒരു മതസമ്മേളനം ഉൽഘാടനം ചെയ്യുന്നത് സെക്യുലർ ഭാവത്തിന് ചേർന്നതല്ല എന്നത്രെ. അദ്ദേഹം സ്വീകരിച്ചു നടപ്പാക്കിയ ആ കീഴ്വഴക്കം പിന്നീട് എത്ര ഭരണാധികാരികൾ പുലർത്തിയിട്ടുണ്ടെന്ന ആത്മപരിശോധന നടത്തുന്നതുകൊള്ളാം. മതപരമായ ചടങ്ങുകൾക്കു വേണ്ടി പോകുന്ന തീർഥാടകർക്ക് യാത്രാസൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനപ്പുറം അങ്ങിനെ പോകുന്ന ചെലവ് പൊതുഖജനാവിൽനിന്നും കൊടുക്കുന്നത് നീതീകരിക്കാനാവില്ലെന്നാണ് എന്റെ സുചിന്തിതമായ അഭിപ്രായം.

ഈ ലേഖനം അവസാനിപ്പിക്കുമ്പോൾ ഇന്ത്യയുടെ രാഷ്ട്രപതി ആയിരുന്ന ഡോ. സക്കീർ ഹുസൈൻ നടത്തിയ ഒരു പ്രസ്താവന ഉദ്ധരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹം പണ്ഡിതനായ ഒരു വിദ്യഭ്യാസ വിചക്ഷണനും, വലിയ ചിന്തകനും ആയിരുന്നതോടൊപ്പം ഇസ്ലാമിക ആചാരങ്ങൾ പുലർത്തുന്നതിന് ഒരിക്കലും അമാന്തം കാണിച്ചിട്ടില്ലാത്ത ഒരു മഹത്വ്യക്തിയും ആയിരുന്നു. അദ്ദേഹം രാഷ്ട്രപതി ആയി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ അദ്ദേഹത്തെ അഭിനന്ദിക്കാനെത്തിയവരിൽ പ്രശസ്ത ജേർണലിസ്റ്റായ റ്റി. വി. ആർ ഷേണായിയും ഉൾപ്പെട്ടിരുന്നു. അദ്ദേഹം രാഷ്ട്രപതിയെ അഭിനന്ദിച്ച കൂട്ടത്തിൽ "അങ്ങ് രാഷ്ട്രപതി ആയി തെരഞ്ഞെടുക്കപ്പെട്ടത് ഇന്ത്യയുടെ സെക്യുലറിസത്തിന്റെ വിജയംകൂടി ആണ്" എന്നു പറഞ്ഞപ്പോൾ അത് എന്തുകൊണ്ടാണ് എന്ന് രാഷ്ട്രപതി ചോദിച്ചു എന്നും, ഒരു മുസൽമാൻ ഇന്ത്യൻ റിപ്പബ്ലിക്കിന്റെ പരമോന്നത സ്ഥാനത്ത് എത്തിയതുകൊണ്ടാണ് താൻ അങ്ങിനെ പറഞ്ഞതെന്നും ഷേണായി പ്രതികരിച്ചു. അതുകേട്ട് ഡോ. സക്കീർ ഹുസൈൻ ഷേണായിയെ നോക്കി ചെറിയ മന്ദഹാസം പൊഴിച്ചുവത്രെ. ഉടനെ ഷേണായി ചോദിച്ചു ''ഞാൻ പറഞ്ഞത് അങ്ങേക്കു സ്വീകാര്യമായില്ലെന്നു തോന്നുന്നുവല്ലോ?" അതിനുത്തരമായി ഉന്നതനായ രാഷ്ട്രപതി ഡോ. സക്കീർ ഹുസൈൻ പറഞ്ഞത് ഇപ്രകാരമാണ് "ഞാൻ ഏതു മതത്തിൽപെട്ട ആളാണ് എന്നു നിങ്ങൾ അറിയാതെവരുന്ന ഒരു ഘട്ടത്തിലാവും ഇന്ത്യൻ സെക്യുലറിസം പൂർണമായി വിജയിക്കുന്നത്. (Secularism will be fully achieved in India on the day when you do not know my religion)

മേൽപറഞ്ഞ സംഭാഷണം റ്റി. വി. ആർ. ഷേണായി അതിനോടടുത്ത സന്ദർഭത്തിൽ തന്നെ എഴുതിയ ഒരു ലേഖനത്തിൽ ഞാൻ വായിച്ചത് എന്റെ മനോമുകുരത്തിൽ തെളിഞ്ഞു നിൽക്കുന്നു. അതിന്റെ ഭാവാർഥ വിവരണം എന്റെ അഭിപ്രായത്തിൽ ഇതാണ്.

"എന്റെ വിശ്വാസം, എന്റെ ഭാഷ ഇവ ഇന്ത്യൻ റിപ്പബ്ലിക്കിൽ എന്റെ മാത്രം സ്വകാര്യങ്ങളാണ്. എന്റെ ഔദ്യോഗിക കൃത്യനിർവഹണത്തിൽ അതിനു യാതൊരു പ്രത്യക്ഷതയും ഉണ്ടാവാൻ പാടില്ല.

സെക്യുലറിസം എന്നത് സങ്കുചിത വീക്ഷണത്തിൽനിന്നും വിശാലമായ റിപ്പബ്ലിക്കൻ കാഴ്ചപ്പാടിലേക്കു വളർത്തിയെടുക്കേണ്ട കടമ ഓരോ ഇന്ത്യൻ പൗരനും ഉണ്ടെന്ന് ഊന്നൽ കൊടുക്കുന്നതിലേക്കാണ് ഞാൻ ഈ ലേഖനം കൊണ്ട് ഉദ്ദേശിക്കുന്നത്.

(കടപ്പാട് : ന്യൂ വിഷൻ ഫോർ എ ചെയ്ഞ്ചിംഗ് വേൾഡ് ജൂൺ 2015)

□□

# പുതിയ വഴിതുറന്ന പാപ്പാ

**ഡി. ബാബുപോൾ**

ജോൺപോളിനെ നമുക്കറിയാം. ഒരു ദശാബ്ദമായിട്ടില്ലല്ലോ മൺമറഞ്ഞിട്ട്. എന്നാൽ ജോൺ XXIII 'പണ്ട് പണ്ട് ഒരു മാർപാപ്പാ' ആയിരുന്നു. ജോൺ മുമ്പേ നടന്നില്ലായിരുന്നെങ്കിൽ ജോൺപോളിനെ അറിയുമായിരുന്നില്ല എന്നതാണ് നാം അറിയേണ്ട സത്യം.

തികച്ചും അപ്രതീക്ഷിതമായിട്ടായിരുന്നു ജോൺ മാർപാപ്പ ആയത്. തന്റെ മെത്രാസനാസ്ഥാനത്തേക്ക് മടങ്ങാനുള്ള തീവണ്ടി ടിക്കറ്റുമായി യാത്ര തിരിച്ച വൃദ്ധനായ കർദിനാളിന് മടങ്ങാനായില്ല. മാർപാപ്പയാകാൻ ലോകം ചുണ്ണാമ്പ് തൊട്ട് അടയാളപ്പെടുത്തിവെച്ചിരുന്നയാൾ കർദിനാളാകുന്നതിനുമുമ്പ് 'സെദേ വെക്കാന്തേ' പ്രഖ്യാപിക്കേണ്ടിവന്നപ്പോൾ അദ്ദേഹത്തിനുവേണ്ടി വൈകാതെ കസേര ഒഴിയാനാണ് സ്ഥൂലഗാത്രനായ ഒരു വൃദ്ധനെ സഭയുടെ രാജകുമാരന്മാർ തെരഞ്ഞെടുത്തത് എന്നാണ് മനുഷ്യമതം. ഈശ്വരൻ അറിയാതെ ഒന്നും സംഭവിക്കുന്നില്ല എന്നറിയുന്നവർ അവിടുത്തെ സനാതനജ്ഞാനത്തിന്റെ മഹിമയിൽ വിസ്മയിച്ചു പോകും എന്നതാണ് സത്യം. ആഞ്ജലോ ജോസഫ് റൊങ്കാലി അതായിരുന്നു പേര്. പിറന്നത് ഒരു പാവപ്പെട്ട പാട്ടക്കുടിയാന്റെ വീട്ടിലായിരുന്നു. വീട്ടിൽ എഴുതി അറിയിക്കാനുള്ള വിശേഷം ഒന്നും കൂടാതെയാണ് പഠനകാലം കഴിഞ്ഞത്. 'ഞാൻ ചെറിയവനാണെന്നും ഒന്നുമല്ലാത്തവനാണെന്നും ഉള്ള തിരിച്ചറിവും വിനയവും ഉള്ളതുകൊണ്ട് തൃപ്തിപ്പെടാനുള്ള മനസ്സും എനിക്ക് നൽകി. അനുസരണത്തിലും കാരുണ്യത്തിലും സ്വയം വിശുദ്ധീകരിക്കുന്നതിന്റെ സന്തോഷം അറിയാൻ എന്റെ ബലഹീനതകൾ എന്നെ പ്രാപ്തനാക്കി' എന്ന് മാർപാപ്പാ തന്നെ പിന്നെ ഓർത്തെടുത്തു.

റോമിലെ വിദ്യാഭ്യാസ കാലത്ത് ചരിത്രത്തിൽ ആകൃഷ്ടനായി. അത് ദൈവം ഇടപെടുന്ന മേഖലയാണ് എന്ന തിരിച്ചറിവായിരുന്നു ഫലം. വേദപാരംഗതർ, രക്ഷാകരപ്രക്രിയയുടെ ചരിത്രം എന്നൊക്കെയുള്ള വലിയ വലിയ വാക്കുകളാണ് ഉപയോഗിക്കുന്നത്. റൊങ്കാലി ഗ്രഹിച്ചത് മാനവരാശിയുടെ ചരിത്രത്തിൽ ദൈവം അറിയാതെ ഒന്നും സംഭവിക്കുന്നില്ല എന്നതാണ്. തന്റെ കർമകാണ്ഡത്തിലെ ഈശ്വരനിയോഗത്തെക്കുറിച്ചുള്ള തിരിച്ചറിവ് അവിടെ തുടങ്ങി, വൈദികനായപ്പോഴേക്ക് സ്വന്തം രൂപതയായ ബർഗാമോയിൽ ജിയകോമോ മരിയ റാഡിനി-തെഡെസ്കി മെത്രാനായിരുന്നു. അദ്ദേഹം കാലാതിശായിയായ സാമൂഹിക പരിപ്രേക്ഷ്യങ്ങൾ കൊണ്ടുനടക്കുകയും മെത്രാൻ ഭരണകർത്താവെന്നതിലേറെ അജപാലകനാണെന്ന് തിരിച്ചറിയുകയും ചെയ്യുന്ന വ്യക്തി ആയിരുന്നു. ലിയോ മാർപാപ്പയുടെ മാസ്മരിക സ്വാധീനത്തിന് വിധേയനായിരുന്ന ഈ മെത്രാൻ 'റേരും നൊവാരും' എന്ന ചാക്രിക ലേഖനത്തിന്റെ സാമൂ

ഹികമാനങ്ങൾ സ്വാംശീകരിച്ചിരുന്നു. അദ്ദേഹം ഈ കൊച്ചച്ചനെ തന്റെ സെക്രട്ടറി ആയി നിയമിച്ചു.

ബിഷപ്പിന്റെ സെക്രട്ടറി എന്ന നിലയിൽ മിലാനിലെ ആർച്ച് ബിഷപ്പായിരുന്ന കർദിനാൾ ഫെറാറിയെ അറിയാനും ആ ചിന്താധാരയിൽ ആകൃഷ്ടനാവാനും ഇടയായി. ഈ മൂന്നുപേരും സഭയിൽ ആധുനികതയും നവീകരണവും പ്രോത്സാഹിപ്പിക്കപ്പെടണം എന്ന് ചന്തിക്കുന്നവരായിരുന്നു. അന്നത്തെ മാർപാപ്പ ഇഷ്ടപ്പെട്ട സംഗതികളല്ല ഇവർ ചിന്തിച്ചത്.

ഒന്നാം ലോകമഹായുദ്ധം, ഇറ്റലിയും വത്തിക്കാനും പരസ്പരം അംഗീകരിക്കാത്ത കാലം. അരോഗദൃഢഗാത്രരായ വൈദികരെ നിർബന്ധിത പട്ടാളസേവനത്തിന് വിളിച്ചിട്ടാണ് ഇറ്റലി സൈന്യത്തിന് ചാപ്ലെയിൻമാരെ കണ്ടെത്തിയിരുന്നത്. യുദ്ധം കഴിഞ്ഞ് ബെനഡിക്ട് XV റൊങ്കാലിയെ റോമിലേക്ക് വിളിപ്പിച്ചു. ആ കാലം ഇറ്റാലിയൻ സഭയിലെ പ്രമുഖ നേതാക്കളുമായും ഇതരരാജ്യങ്ങളിൽ നിന്ന് ആ സംഘത്തിൽ പ്രവർത്തിച്ചിരുന്നവരുമായും അടുത്തിടപഴകാൻ സഹായിച്ചു. റൊങ്കാലി കാണുന്ന ചക്രവാളം വലുതാക്കിക്കൊണ്ടിരുന്നു ദൈവം.

പിന്നെ മെത്രാനായി. 'അനുസരണവും സമാധാനവും' എന്നതായിരുന്നു സ്വീകരിച്ച ആപ്തവാക്യം. ബൾഗേറിയയിലും തുർക്കിയിലും ഗ്രീസിലും പ്രവർത്തിച്ച നാളുകൾ ഓർത്തഡോക്സ് ക്രിസ്ത്യാനികളെ അടുത്തറിയാൻ ഉപകരിച്ചു. ക്രിസ്തുവിൽ വിശ്വസിക്കുന്നവരെ യോജിപ്പിക്കുന്ന സംഗതികളാണ് വേർതിരിക്കുന്ന വിവാദങ്ങളെക്കാൾ പ്രധാനം എന്ന് ദൈവം റൊങ്കാലിയെ പഠിപ്പിക്കുകയായിരുന്നു. ഹിറ്റ്ലറുടെ തേർവാഴ്ചക്കാലം. ജർമൻ അംബാസഡറുമായി 'ഒത്തുകളിച്ച്' കാൽലക്ഷം യഹൂദരെയാണ് റൊങ്കാലി അക്കാലത്ത് രക്ഷിച്ചത്.

യുദ്ധം തീരാറായപ്പോൾ ഫ്രാൻസിലെ നൂൺഷ്യോ ആയി. ഡിഗോൾ, പീയൂസ് XII, ഫ്രാൻസിലെ മെത്രാന്മാർ മുടിനാരേഴായ് കീറി ഒരു പാലം കെട്ടി നടക്കേണ്ട അവസ്ഥ.

ഒടുവിൽ കർദിനാളായി. പിന്നെ വെനീസിലെ പാത്രിയർക്കീസ് ആയി. പീയൂസ് XII കാലം ചെയ്യുമ്പോൾ മാർപാപ്പായാക്കാൻ ലോകം കരുതിവെച്ചിരുന്നത് ജിയോവാനി ബാറ്റിസ്റ്റാ മൊണ്ടീനിയെ ആയിരുന്നു. അദ്ദേഹത്തെ കർദിനാൾ ആയി അവരോധിക്കുന്നതിനുമുമ്പ് പീയൂസ് മാർപാപ്പ കാലം ചെയ്തു. സാങ്കേതികമായി തടസ്സം ഉണ്ടായിരുന്നില്ലെങ്കിലും കർദിനാളായിട്ട് മതി മാർപാപ്പയാവുന്നത് എന്ന് കോൺക്ലേവ് കരുതി. മൊണ്ടീനിയെ കർദിനാളാക്കി വൈകാതെ കാലം ചെയ്യാൻ പറ്റിയ ഒരു കിളവനെയാണ് കോൺക്ലേവ് തേടിയത്.

കത്തോലിക്കാസഭയുടെ ചരിത്രത്തിലെ മുപ്പത്തിയെട്ടാം സമാന്തര രേഖ എന്ന വിശേഷണം ജോൺ മാർപാപ്പായുടെ ഭരണകാലത്തിന് യോജിക്കും. ഒരിക്കലും പ്രഖ്യാപിക്കപ്പെടാതിരുന്ന കൊറിയൻ യുദ്ധത്തിന് അന്ത്യം കുറിച്ച് ഏകാധിപത്യത്തിന്റെയും വ്യക്തിപൂജയുടെയും ഉത്ത

രരാജ്യത്തുനിന്ന് സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും ദക്ഷിണദേശം വേർതിരിക്കുന്ന അതിര് ഉറപ്പിച്ച അക്ഷാംശരേഖയാണ് ഇംഗ്ലീഷിൽ 'ദ തേർട്ടി എയ്ത്ത് പാരലൽ' എന്ന ശൈലിക്ക് വഴി തുറന്നത്.

ജോണിന്റെ കാലത്തെ അടയാളപ്പെടുത്തുന്ന സുവർണപദങ്ങൾ എക്യുമെനിസം, മതാന്തരസംവാദം, നീതി, സമാധാനം, കരുണ എന്നിവയാണ്. ഫ്രാൻസിസ് മാർപാപ്പയിലേക്കുള്ള പാത തുടങ്ങുന്നത് ജോൺ മാർപാപ്പയുടെ സ്ഥാനാരോഹണത്തോടെയാണ് എന്ന് പറയുന്നതിന്റെ കാരണവും മറ്റൊന്നല്ല.

രണ്ടു ചാക്രിക ലേഖനങ്ങൾ ജോണിന്റെ ആശയങ്ങൾ വിളംബരം ചെയ്തു. ഒന്ന് മാതേർ എത് മജിസ്ത്ര. ആണവോർജം, നവീന വാർത്താവിനിമയോപാധികൾ, ബഹിരാകാശ യാത്രകൾ തുടങ്ങിയവ അടയാളപ്പെടുത്തിയ യുഗത്തിലാണ് താൻ എഴുതുന്നത് എന്ന ബോധം മാർപാപ്പാക്ക് ഉണ്ടായിരുന്നു. പാശ്ചാത്യർ സോഷ്യൽ സെക്യൂരിറ്റി എന്ന് വിളിക്കുന്ന സാമൂഹിക ക്ഷേമപരിപാടികൾ, ഉത്തേജിതമായ പൗരബോധം, കൃഷിയും വ്യവസായവും തമ്മിൽ വർധിച്ചുവന്ന അസന്തുലിതാവസ്ഥ, രാഷ്ട്രങ്ങൾ തമ്മിലെ സാമ്പത്തികഭേദം അപകടകരമായ തോതിലെത്തുന്ന സ്ഥിതി കൊളോണിയൽ യുഗത്തിന്റെ അന്ത്യം, ആഫ്രോ-ഏഷ്യൻ മേഖലയിലെ പുതിയ സ്വതന്ത്രരാഷ്ട്രങ്ങളുടെ ആവിർഭാവം തുടങ്ങിയവയൊക്കെ മാർപാപ്പ ശ്രദ്ധിച്ചിരുന്നതായി ഈ തിരുവെഴുത്ത് തെളിയിക്കുന്നു.

അന്താരാഷ്ട്രബന്ധങ്ങളിൽ മാർപാപ്പാ ഊന്നിയത് രണ്ട് കാര്യങ്ങളിൽ. വിശക്കുന്നവന് അപ്പം കൊടുത്താൽ പോരാ ദാരിദ്ര്യം പരിഹരിക്കാൻ അവനെ പ്രാപ്തനാക്കുന്ന സാങ്കേതികോപാധികളും കൊടുക്കണം. സഹായം സ്വീക രിക്കുന്ന രാഷ്ട്രത്തിന്റെ ആത്മാഭിമാനം ആദരിക്കപ്പെടണം. ജീവന്റെ പ്രാധാന്യം ജീവൻ വിശുദ്ധമാണ് എന്ന തിരിച്ചറിവിലാണ് സ്രോതസ്സ് കാണുന്നത്. അതുകൊണ്ട് കുടുംബബന്ധങ്ങളുടെ പവിത്രതയും എല്ലാ മനുഷ്യരും ദൈവമക്കളാണ് എന്ന സത്യവും തിരിച്ചറിയപ്പെടുന്നതുവരെ ഭൂമിയിൽ ന്യായമോ സമാധാനമോ സാധിതമാവുകയില്ല.

'നല്ല പാപ്പ' പുറപ്പെടുവിച്ച രണ്ടാമത്തെ ചാക്രികലേഖനം ആയിരുന്നു 'പാച്ചെം ഉൻ തെറിസ്'. ഭൂമിയിൽ സമാധാനം. സഭക്ക് പുറത്തുള്ള സന്മനസ്സുള്ള സകലരെയും സംബോധന ചെയ്ത ആദ്യത്തെ പേപ്പൽ തിരുവെഴുത്ത്.

അരനൂറ്റാണ്ടുമുമ്പ് ലോകം രണ്ട് ചേരികളായിത്തിരിഞ്ഞ് പോർവിളിച്ച നാളുകളിലാണ് ഈ രേഖ എഴുതപ്പെട്ടത്. അന്ന് യുദ്ധം ഒഴിവാക്കാൻ യുദ്ധസാമഗ്രഹികൾ കുന്നുകൂട്ടുകയാണ് വേണ്ടത് എന്ന് മഹാശക്തികൾ വാദിച്ചു വന്നു എന്ന് പ്രായവും ഓർമയും ഉള്ളവർക്കറിയാം. ആ ആശയം അബദ്ധമാണ് എന്ന് വേദപുസ്തകത്തിന്റെയും വേദശാസ്ത്രത്തിന്റെയും പിൻബലത്തോടെ പഠിപ്പിക്കുന്നു പാച്ചെം എന്ന ചാക്രികലേഖനം.

സമാധാനമാണ് ലേഖനവിഷയം. യുദ്ധം ഒഴിവാക്കുന്നതിനെക്കാൾ പ്രധാനം സമാധാനം സൃഷ്ടിക്കപ്പെടുന്നതാണ് എന്ന് പറയുന്ന ജോൺ വംശീയത, ന്യൂനപക്ഷങ്ങൾ,. സ്വത്വം തുടങ്ങി ദേശീയതലത്തിൽ ഭരണനിർവഹണത്തിനും അന്താരാഷ്ട്രതലത്തിൽ സമാധാന നിർമിതിക്കും വേണ്ട ഓട്ടേറെ കാര്യങ്ങൾ അക്കമിട്ട് പറഞ്ഞിരിക്കുന്നു. ക്രിസ്തീയ രാഷ്ട്രങ്ങളും ക്രിസ്തീയ സ്ഥാപനങ്ങളും ക്രിസ്തീയമായല്ല പ്രവർത്തിക്കുന്നത് എന്ന് പറയാൻ ജോൺ മടിക്കുന്നില്ല. വിശ്വാസവും പ്രവൃത്തിയും തമ്മിലെ ഈ വ്യതിരിക്തത ക്രൈസ്തവവിദ്യാഭ്യാസംകൊണ്ട് മറികടക്കപ്പെടേണ്ടതാണ്. കത്തോലിക്കരും അകത്തോലിക്കാ ക്രിസ്ത്യാനികളും തമ്മിലും ക്രൈസ്തവരും അക്രൈസ്തവരും തമ്മിലും ഉള്ള ബന്ധം പ്രത്യേകശ്രദ്ധ അർഹിക്കുന്നു.

1962 ഒക്ടോബർ 23-ന് രാത്രി ലോകം ഉത്കണ്ഠയുടെ മുൾമുനയിലായിരുന്നു. ക്യൂബൻ പ്രതിസന്ധി എന്ന് ചരിത്രകാരന്മാർ നിർവികാരതയോടെ കുറിക്കുന്ന സംഗതി നിയന്ത്രിക്കപ്പെടാതിരുന്നെങ്കിൽ ആദ്യ വെടിവെയ്പിൽത്തന്നെ കാൽക്കോടി മനുഷ്യർ മരിക്കുമായിരുന്നു എന്ന് പിൽക്കാലത്ത് മക്നമാറ പറഞ്ഞു. ആ രാത്രി നല്ല പാപ്പാ ഉറങ്ങിയില്ല. തന്റെ എഴുത്തുമേശക്കും പ്രാർഥനാമുറിക്കും ഇടയിൽ അവിശ്രമം നടക്കുകയായിരുന്നു അദ്ദേഹം. ക്രൂഷ്ചേവിനും കെന്നഡിക്കും ഉള്ള സന്ദേശത്തിന്റെ രചനയായിരുന്നു ആ രാത്രിയിലെ മഹാസംഭവം. അതിൽനിന്നാണ് 'പാച്ചെം' ഉദ്ഭവിച്ചത്, നാലഞ്ച് മാസം കഴിഞ്ഞ്.

വർണവിവേചനത്തെ ജോൺ എതിർത്തത് വലിയകാര്യമാണോ എന്ന് ചോദിക്കുന്നവർ ചരിത്രം പഠിക്കണം. മാർട്ടിൻ ലൂതർ കിങ് വാഷിങ് ടണിലേക്ക് ജാഥ നയിക്കുന്നതിന് മുമ്പായിരുന്നു ജോൺ ഈ രേഖ ചമച്ചത്. സ്ത്രീശാക്തീകരണത്തിന് അറുപതുകളിൽ ജോൺ നൽകിയ മുൻഗണന 2013 -ൽ പോലും സ്ത്രീകളുടെ പാദക്ഷാളനം നടത്തിയ ഫ്രാൻസിസ് പാപ്പയുടെ നടപടി വിവാദമായി എന്നതിനോട് ചേർത്തു വായിക്കണം. ആഗോളീകരണം എന്ന പദം ഇന്ന് നാം തിരിച്ചറിയുന്ന അർഥ കൽപനയിൽ ജോൺ ഉപയോഗിച്ചില്ല. എങ്കിലും പരസ്പരാശ്രിതമാണ് ഉരുത്തിരിയുന്ന സമൂഹം എന്നു പറയുമ്പോൾ ജോൺ തിരിച്ചറിഞ്ഞത് മറ്റൊന്നല്ല. അമിത ശുഭാപ്തിവിശ്വാസം പ്രകടിപ്പിക്കുന്നതായി ഈ രേഖ ഇകഴ്ത്തപ്പെട്ടിട്ടുണ്ട്. വിമോചന ദൈവശാസ്ത്രത്തിന്റെ വക്താക്കൾ ജോണിന്റെ നിലപാടുകൾ സന്ധി ചെയ്യുന്നത് നവലിബറൽ സംവിധാനങ്ങളോടാണ് എന്ന് വാദിച്ചിട്ടുമുണ്ട്. എങ്കിലും സാർവത്രികസഭയുടെ ചരിത്രത്തിൽ നിർണായക വഴിത്തിരിവ് സൃഷ്ടിച്ച നല്ല പാപ്പയുടെ നിലപാടു തറകൾ വ്യക്തമായി ഗ്രഹിക്കാൻ ഈ രേഖ സഹായിക്കുന്നുണ്ട് എന്നതിൽ സംശയം ഉണ്ടാകാനിടയില്ല.

പത്തുപതിനഞ്ച് കൊല്ലത്തിനപ്പുറത്തെ ഓർമകളെ ചരിത്രം എന്ന് വർഗീകരിക്കുന്ന തലമുറയാണിത്. ഫ്രാൻസിസിന് വരാൻ വഴിപാകിയ ജോണിനെ മറന്നുകൂടാ എന്ന് ഓർമിപ്പിക്കേണ്ടിവരുന്നത് ഈ ഓർമക്കുറവുകൊണ്ടാണ്.

(മാധ്യമം ദിനപത്രം, മെയ് 5, 2015)

# പുതിയ ആകാശം പുതിയ ഭൂമി
## ഓശാനയുടെ രണ്ടാം ജന്മവും നയപ്രഖ്യാപനവും

**ജയിംസ് ഐസക്**

ജൂൺ ലക്കം ഓശാനയിൽ എഡിറ്റർ ശ്രീ. ജോസഫ് പുലിക്കുന്നേൽ ഒരു നയപ്രഖ്യാപനമാണു അവതരിപ്പിച്ചത്. തിരുസ്സഭയെ ഇല്ലാതാക്കാൻ അവതരിച്ച അന്തിക്രിസ്തുവാണു പുലിക്കുന്നേൽ എന്നു പ്രചരണം നടത്തിയവർ ഇവിടെ ഉണ്ട്. അവരിൽ ഏറെയും പുരോഹിതരായിരുന്നു. ഓശാനയുടെ പ്രസിദ്ധീകരണം നിലച്ചു എന്നു വലിയ സന്തോഷത്തോടെ വിളിച്ചു പറഞ്ഞ ഒരു ഫൊറോനാ വികാരിയെ അറിയാം. അദ്ദേഹം ഫോണിൽ എന്നോടു ചോദിച്ചു. സഭയെ നന്നാക്കാൻ താങ്കളും ഓശാനയും ചേർന്നു കുറെ പണിപ്പെട്ടല്ലോ? എന്തു നേടി?

“ഒന്നും നേടിയില്ല” എന്നായിരുന്നു എന്റെ മറുപടി, പക്ഷേ ഉള്ളിന്റെ ഉള്ളിൽ ഒരു സന്തോഷം നിറഞ്ഞു നിൽക്കുന്നു. ഇന്നു സഭാതലവനായ ഫ്രാൻസിസ് മാർപാപ്പാപോലും സഭയിൽ വളർന്നു വന്ന കാപട്യത്തെ എടുത്തുകാട്ടി വിമർശിക്കുന്നു. അപ്രമാദിത്വം സ്ഥാപിക്കാനല്ല അദ്ദേഹം തുനിയുന്നത്. താൻ ഒരു സാധാരണ വിശ്വാസി മാത്രമാണെന്നും ദൈവത്തിന്റെ കരുണയും കൃപയും തനിക്ക് ആവശ്യമാണെന്നും അതിനായി ഏവരും പ്രാർഥിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് താൻ നയപ്രഖ്യാപനം നടത്തിയത്.

കത്തോലിക്കാ സഭയെ തച്ചുടയ്ക്കണമെന്നു ശ്രീ. ജോസഫ് പുലിക്കുന്നേൽ ആഗ്രഹിക്കുന്നില്ല. ക്രിസ്തു ആഗ്രഹിച്ച പരിപൂർണത സഭയിൽ ഉണ്ടായിരിക്കണമെന്നും എല്ലാ അനീതിയും ഇല്ലാതാകണമെന്നും അദ്ദേഹം ആഗ്രഹിക്കുന്നു. സുതാര്യതയും നീതിബോധവും സഭയിൽ തെളിഞ്ഞു പ്രകാശിക്കണമെന്ന ആഗ്രഹത്താൽ പ്രേരിതനായി ചർച്ച് ആക്ട് നടപ്പിൽ വരുത്താൻ ആഹ്വാനം ചെയ്യുന്നു. രണ്ടാം ജന്മത്തിലെ ഈ നയപ്രഖ്യാപനം അതാണു സൂചിപ്പിക്കുന്നത്. സമ്പൂർണ നീതിയുടെ പുതിയ ആകാശവും പുതിയ ഭൂമിയും സ്വപ്നം കാണുവാൻ ഈ നയപ്രഖ്യാപനം വഴി ആഹ്വാനം ചെയ്യുന്നു.

## പുലിക്കുന്നേൽ വൈദിക വിരോധിയോ?

സഭയെ നശിപ്പിക്കാൻ കച്ചകെട്ടി ഇറങ്ങിയ ആൾ., മെത്രാന്മാരെയും വൈദികരെയും നിരന്തരം വിമർശിച്ചു പേരെടുക്കുന്നയാൾ, ഇങ്ങനെ ശ്രീ. ജോസഫ് പുലിക്കുന്നേലിനെ പരസ്യമായി കുറ്റപ്പെടുത്തുന്ന പുരോഹിതരും അത്മായരുമുണ്ട്. എന്നാൽ യാഥാർഥ്യം മനസ്സിലാക്കി അദ്ദേഹത്തെ ആദരിക്കുകുയും സ്നേഹിക്കുകയും ചെയ്യുന്ന നിരവധി വൈദികരെ എനിക്കറിയാം.

'ഒരു പ്രൈവറ്റ് കോളജധ്യാപകന്റെ സ്മരണകൾ' വായിച്ചിട്ടുള്ളവർക്ക് ദേവഗിരികോളജ് അധ്യാപകനായിരുന്ന കാലഘട്ടത്തിൽ ശ്രീ. പുലിക്കുന്നേലിനുണ്ടായ തിക്താനുഭവങ്ങൾ മനസ്സിലാക്കാൻ കഴിയും. പ്രഗത്ഭനായ ഫാ. തിയഡോഷ്യസ്, ഫാ. നെസ്തോർ എന്നീ സി.എം.ഐ വൈദികർ ശ്രീ.ജോസഫ് പുലിക്കുന്നേലിനെ അറിഞ്ഞാദരിച്ചവരാണ്. പ്രിൻസിപ്പൽ ഫാ. ആന്റണി മറ്റു ചിലരുടെ വാക്കുകൾ വിശ്വസിച്ച് അദ്ദേഹത്തെ വേദനിപ്പിച്ചു. ദീർഘനാൾ ഇരുവരും വലിയ പിണക്കത്തിലായിരുന്നുവെങ്കിലും ഫാ. ആന്റണി മരിക്കുന്നതിനുമുമ്പ് എല്ലാ തെറ്റിധാരണകളും മാറ്റി സൗഹൃദം വീണ്ടെടുത്തു. ശ്രീ. പുലിക്കുന്നേൽ ഫാ. ആന്റണിയെ നേരിട്ടുകണ്ട് ഒന്നിച്ചു പ്രാർഥിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്തു.

ഫാ. ആന്റണി സി.എം.ഐയുടെ നിഷ്കളങ്കത അറിഞ്ഞിട്ടുള്ള ഒരാളാണു ഞാൻ. ശ്രീ. ജോസഫ് പുലിക്കുന്നേലും എന്റെ സ്നേഹാദരവുകൾ നേടിയ വലിയ ആൾ തന്നെ. ഇവർ ഇരുവരും സൗഹൃദം വീണ്ടെടുത്തു എന്ന വാർത്ത വലിയ സന്തോഷമാണു എന്നിൽ ഉളവാക്കിയത്. ഹൃദയ പരിശുദ്ധിയുള്ളവർക്കു മാത്രമാണു പരസ്പരം ക്ഷമിക്കാൻ തോന്നുക.

ഇന്ത്യ മുഴുവൻ ആദരിക്കുന്ന വാഴ്ത്തപ്പെട്ട മദർ തെരേസയോടും രാമപുരംകാരുടെ വിശുദ്ധനായ തേവർപറമ്പിൽ കുഞ്ഞച്ചനോടും താരതമ്യപ്പെടുത്താവുന്ന ഒരു മഹത്വ്യക്തിയാണു അന്തരിച്ച ബഹു. ഏബ്രാഹം കൈപ്പൻപ്ലാക്കൽ. പാവങ്ങളെ സ്നേഹിച്ച ഈ നല്ല പുരോഹിതൻ ശ്രീ. ജോസഫ് പുലിക്കുന്നേലിന്റെ ഏറ്റം അടുത്ത സ്നേഹിതനായിരുന്നു. ഓശാനാമൗണ്ടിൽ നടത്തിയ നിരവധി സാംസ്കാരിക സമ്മേളനങ്ങളിൽ വിശുദ്ധ ഗ്രന്ഥം വായിച്ചു ആത്മീയ പ്രഭാഷണം നടത്തിയ കൈപ്പൻപ്ലാക്കൽ അച്ചനെ ആദരവോടെ സ്മരിക്കുന്നു. ആർ.എസ്.എസിന്റെ വലിയ ഒരു സമ്മേളനം ഓശാനമൗണ്ടിൽ വച്ചു നടന്നതും കാര്യദർശി ശ്രീ. സുദർശൻ സംസാരിച്ചതും വലിയ ഒരു സംഭവമായിരുന്നു. ആ സന്ദർഭത്തിലും പൊതു പ്രാർഥന നടത്തിയത് കൈപ്പൻപ്ലാക്കൽ അച്ചനായിരുന്നു.

ഞാൻ ചിന്തിക്കുകയാണ്. ബഹു. കൈപ്പൻപ്ലാക്കൽ അച്ചനെക്കുറിച്ചു വേണ്ടവണ്ണം മനസ്സിലാക്കിയാൽ ഇപ്പോഴത്തെ മാർപാപ്പാ അദ്ദേഹത്തെ വിശുദ്ധരുടെ ഗണത്തിൽ ചേർക്കാൻ മടിക്കുകയില്ല. പാലാ അരമനയുമായി അടുത്ത ബന്ധമുള്ള ചില പ്രമുഖർ ശക്തമായി എതിർക്കുവാൻ സാധ്യതയുണ്ട്. കാരണം അദ്ദേഹം പുലിക്കുന്നേലിന്റെ സ്നേഹിതനായിരുന്നുവല്ലോ?

## ചില നല്ല പുരോഹിതർ - സ്മരണകൾ

ഈ ലേഖകൻ 1992 അവസാനംവരെ ചങ്ങനാശ്ശേരി രൂപതാ കേന്ദ്രവുമായി അടുത്തു പ്രവർത്തിച്ചിരുന്നു. വിൻസെന്റ് ഡി.പോൾ സൊസൈറ്റി

സെൻട്രൽ കൗൺസിൽ പ്രസിഡന്റ് എന്ന സ്ഥാനം മാത്രമല്ല, ഫാമിലി അപ്പോസ്തലേറ്റിന്റെ ടീച്ചിംഗ് ടീം അംഗമായും സേവനം അനുഷ്ഠിച്ചിരുന്നു. എന്നാൽ കൽദായവൽക്കരണത്തെ എതിർക്കുകയും ഓശാനയിൽ എഴുതുകയും ചെയ്തപ്പോൾ രൂപതാ കേന്ദ്രവുമായുള്ള എല്ലാ ബന്ധങ്ങളും ഇല്ലാതായി.

എന്റെ ഇടവകയിൽ 6 വർഷം വികാരി ആയിരുന്ന അന്തരിച്ച ഫാ. ഫിലിപ്പ് ചാവറ ഓശാന പതിവായി വായിച്ചിരുന്നു. ഓരോ ലക്കവും വായിച്ചശേഷം അഭിപ്രായങ്ങൾ തുറന്നു പറയും. പുലിക്കുന്നേൽ പറയുന്നതിൽ കാര്യമുണ്ടെന്നായിരുന്നു പലപ്പോഴും ചാവറ അച്ചൻ പറഞ്ഞിരുന്നത്. വിയോജിപ്പുള്ള കാര്യങ്ങളും അദ്ദേഹം അറിയിച്ചിരുന്നു.

എന്റെ ഒരു മകളുടെ മനസ്സമ്മത ചടങ്ങിന്റെ സൽക്കാരവേളയിൽ ചാവറ അച്ചൻ സ്വീകരണ ഹാളിലേക്കു കടന്നുവന്നു. സാധാരണയായി വികാരി അച്ചന്മാർ സാധാരണക്കാരായ ഇടവകാംഗങ്ങളുടെ വിവാഹ സൽക്കാരങ്ങളിൽ സംബന്ധിക്കാറില്ല. അച്ചന്മാരെ ക്ഷണിച്ചാലും അവർക്കുള്ള ഭക്ഷണം പള്ളിമേടയിൽ കൊടുത്തയച്ചാൽ മതിയെന്നു പറയുന്നവരാണു പുരോഹിതർ. എന്നാൽ ചാവറ അച്ചൻ നേരെ സ്വീകരണഹാളിലേക്കു നടന്നുവന്നു. എന്റെ അടുത്തുവന്ന് അദ്ദേഹം പറഞ്ഞു ഞാൻ ജോസഫ് പുലിക്കുന്നേലിനെ കാണാനാണു ഇവിടെ വന്നത്. ഞാൻ പറഞ്ഞു: അച്ചൻ ക്ഷമിക്കണം ഇതു വിവാഹസമ്മത ചടങ്ങാണ്. പുലിക്കുന്നേലിനെ വിവാഹത്തിനാണു ക്ഷണിച്ചിരിക്കുന്നത്. അതു വരന്റെ ഇടവകയിൽ വച്ചാണല്ലോ നടത്തുക. ബഹു. ചാവറ അച്ചൻ ശ്രീ. പുലിക്കുന്നേലിനെ മനസ്സുകൊണ്ട് ആദരിച്ചിരുന്നു. ഞാൻ ഓശാനയിൽ എഴുതുന്നതുകൊണ്ട് എന്നോടു ഒരു പരിഭവവും പ്രകടിപ്പിച്ചിരുന്നില്ല. ഈ മാന്യ വൈദികൻ ഇടവകയിൽ പുതിയ പാരിഷ് കൗൺസിൽ രൂപീകരിച്ചപ്പോൾ എന്നെ നോമിനേറ്റു ചെയ്തു. ഞാൻ സ്നേഹപൂർവം നോമിനേഷൻ നിരസിച്ചപ്പോൾ അദ്ദേഹം വിശദീകരിച്ചു, "സഭാകാര്യങ്ങളിൽ അൽപം വിവരമുള്ളവർ കൗൺസിലിൽ ഉണ്ടായിരിക്കണമെന്നാണു ആഗ്രഹിക്കുന്നത്. നോമിനേഷൻ നിരസിക്കരുത്" ഒടുവിൽ ഞാൻ സമ്മതിച്ചു. പുതിയ അംഗങ്ങളുടെ ലിസ്റ്റുമായി അരമനയിൽ ചെന്നപ്പോൾ എന്റെ പേരിനു ചുറ്റും ചുവന്നമഷിയിൽ ഒരു വൃത്തം വരച്ച വികാരി ജനറാളിനോടു അച്ചൻ അൽപം നീരസത്തോടെ ആവശ്യപ്പെട്ടു: ഇടവകയിൽ വിവരമുള്ള ഒരേ ഒരു പ്രാക്ടീസിംഗ് കാത്തലിക്കാണ്, നോമിനേഷൻ അംഗീകരിക്കുക.

ഓശാനയിലെ എഴുത്തുകാരനും ശ്രീ. പുലിക്കുന്നേലിന്റെ സുഹൃത്തും ആയതിനാൽ ഞാൻ ഒരു സഭാ വിരോധിയാണെന്നാണു പിന്നീടു വന്ന വികാരിയുടെ വീക്ഷണം. തുടർച്ചയായി അദ്ദേഹത്തിന്റെ പല ചെയ്തികളും വിമർശിക്കാൻ എനിക്കിടയായി. ഫ്രാൻസിസ് മാർപാപ്പായുടെ വാക്കുകളും പ്രവൃത്തികളും എനിക്കു ധൈര്യം പകർന്നുവെന്നു പറയാൻ സന്തോഷമേയുള്ളൂ.

വിമർശന സ്വഭാവമുള്ള എന്റെ ലേഖനങ്ങൾ ഓശാനയിൽ തുടർച്ചയായി കണ്ടപ്പോൾ എന്നെ ഒരു സഭാ വിരോധിയായി രൂപതാ കേന്ദ്രത്തിൽ പലരും കരുതി. പരിചയപ്പെടാൻ ഇടയായ ചില നവ പുരോഹിതർ ഈ കാര്യം നേരിട്ടു പറയുകയുണ്ടായി. ജയിംസ് ഐസക്കിന്റെ ലേഖനങ്ങൾ വായിക്കരുത് എന്നു നിർദേശം ഉള്ളതായി അവർ അറിയിച്ചു. എന്നാൽ ഫാ. എബ്രാഹം അടപ്പൂർ, ഫാ. സിപ്രിയാൻ ഇല്ലിക്കമുറി തുടങ്ങിയ പ്രശസ്തരായ പുരോഹിതർ എന്നെ അഭിനന്ദിച്ചുകൊണ്ടു ഫോൺ ചെയ്യാറുണ്ട്. ഈ പുരോഹിതർക്കു ശ്രീ. ജോസഫ് പുലിക്കുന്നേൽ അഭിനന്ദനം അർഹിക്കുന്ന, പ്രവാചക ദൗത്യം തുടരുന്ന ഒരു അത്മായ പ്രേഷിതൻ തന്നെയാണ്.

ഓശാനയിൽ ലേഖനങ്ങൾ എഴുതുന്നതുകൊണ്ടു മാത്രം ചില തിക്താനുഭവങ്ങളും എനിക്കുണ്ടായിട്ടുണ്ട്. എനിക്കു കിട്ടിയ ചില ഊമക്കത്തുകളിൽ ശ്രീ. പുലിക്കുന്നേലിന്റെ കുടുംബാംഗങ്ങളെ വരെ മോശമായി ചിത്രീകരിക്കുക പതിവായിരുന്നു. ഇടവകാംഗങ്ങൾക്കു ഉതപ്പു നൽകുന്ന എനിക്കും ശ്രീ. പുലിക്കുന്നേലിനും ശാപം ചൊരിയുകയും ചെയ്യുന്ന വാചകങ്ങൾ ചില കത്തുകളിൽ ഉണ്ടായിരുന്നു.

എന്റെ വിമർശനങ്ങൾ പലപ്പോഴും നിർണായകഫലം പുറപ്പെടുവിച്ചു എന്നു പറയാൻ സന്തോഷമുണ്ട്.

സഭയിൽ പ്രകടമായി കണുന്ന കമ്പോളവൽക്കരണ താൽപര്യങ്ങളെ സൂചിപ്പിച്ചുകൊണ്ടു ഫ്രാൻസിസ് മാർപാപ്പാ പറഞ്ഞു: "കൂദാശാനുഷ്ഠാനങ്ങളെ പണ സമ്പാദന മാർഗങ്ങളാക്കാനിടയാകരുത്. വിശ്വാസികളുടെ ആത്മീയ ശുശ്രൂഷകൾക്കു വില നിശ്ചയിച്ച്, ബോർഡുകളിൽ പരസ്യപ്പെടുത്തി കണക്കു പറഞ്ഞു പണം ഈടാക്കുന്ന കച്ചവട സമ്പ്രദായം മഹാപാതകമാണ്. അതിനു വിശ്വാസികൾ കൂട്ടു നിൽക്കരുത്."

മൂന്നു വർഷം മുമ്പ് വളരെ പ്രതാപശാലിയായ ഒരു വികാരി പള്ളിമുറ്റത്ത് ഒരു കൂറ്റൻ ഫ്ളക്സ് ബോർഡു സ്ഥാപിച്ചു. നടതുറന്നു കുർബാന 200 രൂപാ, കറിനേർച്ച 5000, സാധാരണ കുർബാന 100. നൊവേന 200, ഇരുചക്രവാഹനങ്ങൾ വെഞ്ചരിക്കുന്നതിന് 200, നാലു ചക്രവാഹനത്തിന് 500. ഇങ്ങനെ ഇനം തിരിച്ചു ചാർജു പ്രഖ്യാപിച്ചിരുന്നു. അൽഫോൻസാമ്മയെ മാമ്മോദീസാ മുക്കിയ അതേ തൊട്ടിയിൽ മാമ്മോദീസാ നൽകുവാനും ഒരു പരസ്യം പുറപ്പെടുവിച്ചു. ഒരു നിശ്ചിത തീയതി വച്ച് ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്കു മാത്രം മാമ്മോദീസാ നൽകപ്പെടുമെന്നും ഇടവക ബുള്ളറ്റിനിൽ പരസ്യം ചെയ്തു. ഈ കച്ചവട പരസ്യങ്ങളെക്കുറിച്ച് ഈ ലേഖകൻ രൂപതാദ്ധ്യക്ഷനു എഴുതിയതു ഫലം ചെയ്തു. എല്ലാ പരസ്യങ്ങളും ഉടനടി പിൻവലിച്ചു. വികാരിയും കൈക്കാരന്മാരും ലജ്ജിതരായി.

ബോധവൽക്കരണം വേണ്ടവിധം നടന്നില്ലെങ്കിൽ ദ്രവ്യാഗ്രഹികളായ പുരോഹിതർ സഭയെ നന്നായി കച്ചവടവൽക്കരിക്കും.

ഓശാനയിലൂടെ ശ്രീ. പുലിക്കുന്നേൽ കേരള ക്രൈസ്തവ സമൂഹത്തിനു ശരിയായ ബോധവൽക്കരണം നടത്തുന്നു എന്നാണു എന്റെ കാഴ്ചപ്പാട്. എന്തെങ്കിലും സ്വാർഥതാൽപര്യങ്ങൾക്കു വേണ്ടിയല്ല, വൈകാരികമായ ലക്ഷ്യപൂർത്തീകരണത്തിനുവേണ്ടിയോ ആരെയെങ്കിലും അകാരണമായി അപകീർത്തിപ്പെടുത്താനോ വേണ്ടിയല്ല അദ്ദേഹം തൂലിക ചലിപ്പിച്ചത്. മറിച്ച് ആഴമേറിയ പഠനം നടത്തി സമൂഹത്തിൽ എവിടെയൊക്കെ ചൂഷണം നടക്കുന്നു എന്നു മനസ്സിലാക്കികൊണ്ടാണു ഓശാനയിൽ എഴുതിയിരുന്നത്.

കത്തോലിക്കാ സഭയുടെ ആധുനിക യുഗത്തിൽ രണ്ടു വലിയ സാംസ്കാരിക വിസ്ഫോടനങ്ങൾ ഉണ്ടായി. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം ഉറവിടങ്ങളിലേക്കു മടങ്ങുക എന്ന ആഹ്വാനമാണു ഈ പുതിയ സംഭവങ്ങൾക്കു കാരണം. ആദിമ സഭയിൽ സംഭവിച്ച പരിശുദ്ധാത്മാവിന്റെ ആഗമനവും തുടർന്നുള്ള ആത്മീയ നവോത്ഥാനവും ആവർത്തിക്കുന്നു എന്ന് ഉദ്ഘോഷിച്ചുകൊണ്ടാണ് കരിസ്മാറ്റിക് നവീകരണം പ്രഘോഷിതമായത്. പുരാതനമായ പൗരസ്ത്യ പാരമ്പര്യങ്ങൾ വീണ്ടെടുത്തുകൊണ്ട് എല്ലാ പാശ്ചാത്യ ആരാധനാരീതികളും ഉപേക്ഷിച്ച് പൗരസ്ത്യ സുറിയാനി പാരമ്പര്യം പുനസ്ഥാപിക്കണമെന്ന ഒരു താൽപര്യവും ഉദയം ചെയ്തു. കേരളത്തിൽ ഈ രണ്ടു സ്ഫോടനങ്ങളും നന്നായി പ്രതിഫലിച്ചു. കരിസ്മാറ്റിക് നവീകരണ ധ്യാനങ്ങൾ പ്രചരിച്ച കാലഘട്ടത്തിൽ തന്നെ ശ്രീ. ജോസഫ് പുലിക്കുന്നേൽ അസ്സീസി ആശ്രമത്തിലെ ധ്യാനത്തിൽ പങ്കെടുത്ത് ഈ പ്രസ്ഥാനത്തെ വിലയിരുത്തി ലേഖനം എഴുതി. ചങ്ങനാശ്ശേരി കേന്ദ്രമായി റവ. പ്ലാസിഡ് പൊടിപാറയും ഫാ. സേവ്യർ കൂടപ്പുഴയും സഭയുടെ കൽദായ പാരമ്പര്യം വീണ്ടെടുത്തു സുറിയാനി രീതികൾ ആരാധനാക്രമത്തിൽ കൊണ്ടുവരണമെന്നു വാദിച്ചു. എന്നാൽ കാലഘട്ടത്തിന്റെ ആവശ്യം ഭാരതീയ പാരമ്പര്യം പരിഗണിക്കുന്ന ആരാധനാക്രമമാണെന്ന് എറണാകുളം കേന്ദ്രമായി ആഹ്വാനമുണ്ടായി. ശക്തമായ വാദപ്രതിവാദങ്ങളും പ്രത്യക്ഷ പ്രകടനങ്ങളും ഉണ്ടായി സഭയിൽ സമാധാനമില്ലാത്ത അന്തരീക്ഷം സംജാതമായപ്പോൾ ശ്രീ. ജോസഫ് പുലിക്കുന്നേൽ ലഭ്യമായ എല്ലാ ചരിത്രരേഖകളും പഠിച്ച് ലിറ്റർജിക്കൽ ആക്ഷൻ കമ്മിറ്റിയുടെ പ്രവർത്തനങ്ങളുമായി സഹകരിച്ചു. കേരളത്തിൽ തോമാശ്ലീഹാ സ്ഥാപിച്ച സഭ പൂർണമായും അപ്പസ്തോലിക പാരമ്പര്യമുള്ള സ്വതന്ത്ര സഭയാണെന്നും റോമാസാമ്രാജ്യത്തിന്റെ പൗരസ്ത്യ - പാശ്ചാത്യ വിഭജനം ഈ സഭയെ ബാധിക്കുന്നതല്ല എന്നും കേരളസഭയ്ക്ക് 'മാർതോമ്മയുടെ മാർഗം' എന്ന പുരാതനമായ സഭാഭരണകീഴ്വഴക്കം മാത്രമാണുള്ളതെന്നും തെളിയിച്ചുകൊണ്ടാണ് ശ്രീ. പുലിക്കുന്നേൽ വാദിച്ചത്. ആ ശക്തമായ ആഹ്വാനം തന്നെയാണ് ഇന്നും ഓശാനയിൽ മുഴങ്ങുന്നത്. തീർച്ചയായും കേരള കത്തോലിക്കാ സഭയിൽ ശരിയായ ചരിത്ര ബോധം ഉണർത്താൻ ഈ ലേഖനങ്ങൾക്കു കഴിവുണ്ട്. പിൻതിരിപ്പൻ ശക്തികൾ എത്ര ശക്തമായി എതിർത്താലും

ക്രിസ്തുവിന്റെ സഭയ്ക്കു ഇവിടെ ശോഭനമായ ഭാവി ഉണ്ടാകും എന്നു പ്രത്യാശിക്കുന്നവർക്ക് ഓശാനവഴി ശ്രീ. ജോസഫ് പുലിക്കുന്നേൽ നടത്തുന്ന ബോധവൽക്കരണം പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും നവീകരണങ്ങളായി അനുഭവപ്പെടുന്നു. ശ്രീ. ജോസഫ് പുലിക്കുന്നേൽ ഓശാന വഴിയായി നടത്തുന്ന സാംസ്കാരിക നവീകര ണശ്രമങ്ങളിൽ തികഞ്ഞ പ്രത്യാശയുള്ള ഒരു ലേഖകനാണു ഇതെഴു തുന്നത്.

Mob: 9847126316

□□

## ആരും മറ്റുള്ളവരുടെ യജമാനന്മാരല്ല, ദാസന്മാരും ശുശ്രൂഷകരുമാണ് - ബിഷപ്പ് ഡോ. ജോസഫ് കാരിക്കശ്ശേരി

കൊച്ചി : സത്യം പറയുന്നത് എന്നും അസ്വസ്ഥതയുണ്ടാക്കുന്ന വരാണെന്ന് ബിഷപ് ഡോ. ജോസഫ് കാരിക്കശ്ശേരി പറഞ്ഞു. മുറി വേറ്റു കിടക്കുന്ന സഭയെയാണ് തനിക്കിഷ്ടമെന്നാണ് ഫ്രാൻസിസ് പാപ്പ പറഞ്ഞിട്ടുള്ളത്. നമ്മൾ ആരും മറ്റുള്ളവരുടെ മാനേജർമാരല്ല, ദാസന്മാരും ശുശ്രൂഷകരുമാണെന്ന് അദ്ദേഹം പറഞ്ഞു. ഇതെല്ലാം നമ്മെ അസ്വസ്ഥരാക്കുകയാണുണ്ടായത്. 'നവജീവനിലേക്ക് ഒരു തീർഥാടനം' എന്ന ആപ്തവാക്യവുമായി കച്ചേരിപ്പടി ആശീർഭവ നിൽ നടന്ന വരാപ്പുഴ അതിരൂപത സിനഡിന്റെ മൂന്നാം ദിവസം നടന്ന ദിവ്യബലിയിൽ മുഖ്യകാർമികത്വം വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. "ഫ്രാൻസിസ് പാപ്പ വന്നപ്പോൾ അദ്ദേഹത്തിന്റെ ജീവിത ശൈലി കണ്ടും വാക്കുകൾകേട്ടും പലരും അസ്വസ്ഥത കൊണ്ടു. ഒരു സാധാരണ മനുഷ്യനായി, പാവങ്ങളിൽ യേശുവിനെ കണ്ടാണ് അദ്ദേഹം നടക്കുന്നത്. അങ്ങനെ അദ്ദേഹം പലവിധത്തിലും നമ്മെ അസ്വസ്ഥരാക്കുന്നു. ക്രിസ്തു ശിഷ്യരായ അപ്പസ്തോലന്മാരുടെ പ്രസംഗം അന്നത്തെ അധികാരി വർഗങ്ങളെ അസ്വസ്ഥരാക്കി. സത്യത്തിലേക്ക് വഴി തുറക്കുന്ന കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കു മില്ലെന്നാണ് ശിഷ്യർ അധികാരി വർഗത്തോടു പറഞ്ഞത്. തങ്ങളുടെ ജീവൻ നഷ്ടപ്പെടുമെന്നു വന്നിട്ടും സത്യത്തെ ബലികഴിക്കാൻ അവർ തയ്യാറായില്ല" ബിഷപ്പ് കാരിക്കശ്ശേരി ചൂണ്ടിക്കാട്ടി.

(പുറപ്പാട് സമയം, മെയ് 2015)

# ഒരു കത്തനാരും കുറച്ചു കണിയാൻ ചിന്തകളും

**ജോയി വടക്കേൽ പൂഞ്ഞാർ**

എന്റെ മകളുടെ വിവാഹം ക്ഷണിക്കുവാൻ ഞങ്ങളുടെ പള്ളിയിലെ ഒരു വൈദികനെ കാണുവാൻ ഞാൻ ചെന്നു. ജനുവരി മാസം 13-ാം തീയതി ചൊവ്വാഴ്ച മനസ്സമ്മതവും 20-ാം തീയതി ചൊവ്വാഴ്ച കല്ല്യാണവും ആണെന്നു പറഞ്ഞപ്പോൾ ആ വൈദികൻ എന്നോടു ചോദിച്ചു. 13-ാം തീയതി അശുഭനമ്പരല്ലേ? മാത്രമല്ല ചൊവ്വാഴ്ച കല്ല്യാണത്തിനു കൊള്ളാത്ത ദിവസവും ആണല്ലോ എന്ന്.

13-ന് എന്താ അച്ചോ കുഴപ്പം എന്നു ഞാൻ ചോദിച്ചു. അപ്പോൾ ആ വൈദികൻ തന്ന മറുപടിയിങ്ങനെ. ''പന്ത്രണ്ടു ശിഷ്യന്മാരും ഈശോയും ചേർന്നപ്പോൾ പതിമൂന്നായി. അതുകൊണ്ട് ഈശോയ്ക്ക് കുരിശുമരണം ഏൽക്കേണ്ടിവന്നു." അദ്ദേഹത്തിന്റെ ക്രിസ്റ്റോളജിയും, കുരിശുമരണവും, ഉത്ഥാനവും സംബന്ധിച്ച ബോദ്ധ്യവും കാഴ്ചപ്പാടുകളും വിശ്വസ്തതയും എല്ലാം മനസ്സിലാക്കിയപ്പോൾ എനിയ്ക്ക് അദ്ദേഹത്തോട് പുച്ഛം തോന്നി.

ഞാൻ പറഞ്ഞു സ്രഷ്ടാവിനേക്കാൾ വലുതല്ലല്ലോ സ്രഷ്ടവസ്തുക്കൾ. ദൈവത്തിൽ വിശ്വസിക്കുന്നവന് പതിമൂന്നും ചൊവ്വയും ഒന്നുമല്ല. ഏകദേശം ഇരുപത്തഞ്ചു വർഷങ്ങൾക്കു മുമ്പ് ഇപ്പോൾ വിവാഹിതയാകാൻ പോകുന്ന മകളെ എന്റെ ഭാര്യ പ്രസവിച്ചുകിടക്കുന്ന കാലം. ഭാര്യയേയും മകളേയും കൂട്ടിക്കൊണ്ടുവരാൻ ഞാൻ ആലപ്പുഴയിലെത്തി. അപ്പോൾ എന്റെ അമ്മായിയപ്പനും അമ്മായിയമ്മയും കൂടി പറഞ്ഞു: "ഇന്ന് എന്തായാലും ഇവരെ വിടത്തില്ല. ഇന്നു കർക്കിടകം 31 ആണ്. നാളെ രാവിലെ ചിങ്ങം ഒന്നു പിറക്കും. അന്നേരം കൊണ്ടുപോകാം.". ഞാൻ പറഞ്ഞു. "കർക്കിടകം 31-നു തന്നെ ഞാൻ കൊണ്ടുപോകും. പോകുന്നവഴി വണ്ടി മറിഞ്ഞ് കൊച്ചും തള്ളയും കൂടി മരിച്ചാൽപോലും അത് ദിവസത്തിന്റെ കുഴപ്പമാണെന്ന് ഞാൻ ചിന്തിക്കുകയില്ല. ദൈവഹിതം അതാണെന്ന് വിശ്വസിക്കുവാൻ എനിയ്ക്കു കഴിയും." ഇത്രയും പറഞ്ഞപ്പോൾ ആ വൈദികൻ പറഞ്ഞു. "ഇതൊക്കെ ഓരോരുത്തരുടേയും വിശ്വാസത്തെ ആശ്രയിച്ചിരിക്കും."

ദൈവത്തേയും മാമോനേയും ഒരുപോലെ സേവിക്കാൻ പഠിപ്പിക്കുന്ന ഇത്തരം വൈദികരും, വയറ്റിപ്പിഴപ്പിനുവേണ്ടി കവടിനിരത്തുന്ന കണിയാനും തമ്മിൽ എന്തുവ്യത്യാസമാണുള്ളത്? വിവാഹഒരുക്ക സെമിനാറിന്റെ അവസാനദിവസം മാതാപിതാക്കൾക്കു ക്ലാസ്സെടുത്ത ഒരു വൈദികൻ രാഹു, ശകുനം, വലതുകാൽ, ഇവയെക്കുറിച്ചെല്ലാം സരസമായി പ്രതിപാദിച്ചപ്പോൾ, പ്രസ്തുത 13-ാം നമ്പറിന്റെ വൈദികൻ പറഞ്ഞതിനെക്കുറിച്ച് ഞാൻ അങ്ങേരോടു ചോദിച്ചു. ''ഇത്തരം വൈദികർക്കു വേണ്ടി നമുക്കു പ്രാർഥിക്കാം" എന്നു മാത്രമായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

പത്തുപതിനഞ്ചുകൊല്ലം സെമിനാരിയിൽ ബൈബിളും, ഫിലോസഫിയും, തിയോളജിയും ഒക്കെ പഠിച്ചു പട്ടം സ്വീകരിക്കുന്ന വൈദികൻ, പള്ളിക്കൂടത്തിൽ പോയിട്ടില്ലാത്ത കാക്കാലന്റേയും കണിയാന്റേയും തലത്തിലേയ്ക്കു തരംതാഴുന്നത് സെമിനാരി പരിശീലനത്തിന്റെ പോരായ്മകളിലേയ്ക്കല്ലേ വിരൽ ചൂണ്ടുന്നത്? സെമിനാരികളിൽ പലപ്പോഴും പൈതൃകങ്ങളുടേയും പാരമ്പര്യങ്ങളുടേയും ചരിത്രം അടിച്ചേല്പിക്കുവാനും "വല്യേട്ടൻ" മനോഭാവം വളർത്തുവാനും ഉതകുന്ന പഠനപ്രക്രിയകളാണ് നടക്കുന്നതെന്നുള്ളതിന്റെ തെളിവാണ് ഇത്തരം വൈദികർ. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ക്രിസ്തുസഭയിൽ നിലനിൽക്കുന്നു എന്നുള്ളതിന്റെ തെളിവാണ് ഇത്തരം വൈദികരുടെ വിവരക്കേടുകൾ നൽകുന്ന സാക്ഷ്യം.

വിശ്വാസസമൂഹത്തെ ദൈവാശ്രയബോധത്തിൽ വളർത്തുവാനും സദ്ചിന്തകളിൽ മുഴുകുവാനും പ്രാപ്തരാക്കേണ്ട വൈദികർ വചനവേദികളിൽ ഇതും ഇതിലപ്പുറവും പറയുകയും പഠിപ്പിക്കുകയും ചെയ്യുന്നു.

നാള്, രാഹു, മുഹൂർത്തം, കവടി, ജ്യോതിഷം, മഷിനോട്ടം, ചാത്തൻസേവ, ക്ഷുദ്രം, ശകുനം, മന്ത്രവാദം, കൈനോട്ടം, തുടങ്ങി സകലതിന്റേയും പിറകെ പായുന്ന ക്രിസ്ത്യാനികൾ ആ പേരിനു തന്നെ അർഹരല്ലാതായിത്തീർന്നിരിക്കുന്നു. സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്നു പഠിപ്പിച്ച സത്യസ്വരൂപനായ ക്രിസ്തുവിനെ പിന്തുടർന്നവർ എല്ലാവിധ തിന്മകളുടെയും മ്ലേഛതകളുടെയും അജ്ഞതയുടെയും ബന്ധനത്തിലാണിന്ന്.

ചോറൂണ്, മുടിവെട്ട്, തുടങ്ങിയ ചടങ്ങുകൾ ഇപ്പോൾ നമ്മുടെ പള്ളികളിലും ആയിട്ടുണ്ട്. നാലുകാശു കിട്ടുന്ന ഏതു കോപ്രായത്തിനും സഭ കൂട്ടുനിൽക്കുന്നു. അക്രൈസ്തവമായ ഇത്തരം പ്രവൃത്തികൾക്ക് അറുതിവരുത്തുവാൻ നമ്മുടെ വൈദികർക്ക് കടമയും കടപ്പാടുമുണ്ട്. ചില പള്ളികളിലെ നൂലുകൾ, ചരടുകൾ, മുതലായവ, നാദസ്വരക്കാരന്റെ കുഴലിലെ വട്ടക്കെട്ടുപോലെ കൈ നിറയെ കെട്ടി നടക്കുന്ന നമ്മുടെ യുവജനം മേൽസൂചിപ്പിച്ച ബന്ധനത്തിന്റെ പ്രത്യക്ഷോദാഹരണമാണ്. ഈയടുത്ത നാളിൽ, ശബരിമലയിലെപ്പോലെ നമ്മുടെ ഒരു പള്ളിയിലെ പെരുന്നാളിന് അരവണപ്പായസം വിതരണം ചെയ്യുകയുണ്ടായി.

നൊവേനയും, കഴുന്നും, അരവണയും, നൽകുന്ന സാമ്പത്തിക ഭദ്രതയിൽ സഭ ഭ്രമിച്ചു നിൽക്കുമ്പോൾ തിരുനാളുകളോടനുബന്ധിച്ചുള്ള വിശുദ്ധബലി, നമ്മുടെ വിശ്വാസജീവിതത്തിന്റെ പ്രകടമായ പ്രഘോഷണവും ആഘോഷവുമാക്കുന്നതിന് പകരം കേവലം കാര്യപരിപാടിയിലെ ഒരു ഇനമായി അധഃപതിക്കുന്നത് ദുഃഖകരം തന്നെ.

സാമ്പത്തിക ഭദ്രതയ്ക്ക് പിറകേ പായുന്ന സഭയും സഭാസംവിധാനങ്ങളും ആത്മീയ ദാരിദ്ര്യത്തിന്റെ ആഴക്കയങ്ങളിലാണ്. സഭാനേതൃത്വം, ഭൗതികസ്രോതസ്സുകളുടെ സംരക്ഷകരാകാൻ വിശ്വാസികൾ എന്ന 'ചാവേറുക'ളെ റിക്രൂട്ട് ചെയ്യുന്ന ഏജൻസികളായി മാറിയിരിക്കുന്നു.

പുതുതായി രൂപം കൊള്ളുന്ന പല കടലാസുസംഘടനകളുടേയും ഉദ്ദേശ ശുദ്ധി ഇതിനോടുകൂടി വായിക്കേണ്ടിയിരിക്കുന്നു.

യൂറോപ്യൻ രാജ്യങ്ങളിൽ ഭൗതികത വളർന്നപ്പോൾ ആത്മീയത തളർന്നു. അവിടെ സഭയ്ക്കു നേരിട്ട അപചയം അതായിരുന്നു.

നമ്മുടെ ഈ പോക്കും അത്തരമൊരു തകർച്ചയുടെ നാന്ദികുറിയ്ക്ക ലല്ലേ? കേൾക്കവാൻ ചെവിയുള്ളവൻ കേൾക്കട്ടെ.

(കടപ്പാട് : കർമ്മെല കുസുമം, 2015 ഏപ്രിൽ)

●●

## കൂദാശക്കച്ചവടം നിരോധിക്കണം.

**(ആൾ ഇന്ത്യാ കാത്തലിക് അസ്സോസിയേഷൻ, പാലക്കാട്)**

കത്തോലിക്കാ പുരോഹിതർ കൂദാശകൾക്കും, മറ്റ് അനുഷ്ഠാന കർമ്മങ്ങൾക്കും വിലവിവരപ്പട്ടിക വച്ച് ഇന്ന് പണസമ്പാദനം നടത്തുകയാണ്. ഇതൊക്കെ ദൈവജനത്തിന് ക്ഷമിക്കാനാകാത്ത വൈദിക പാപങ്ങളാണെന്ന്, സഭയുടെ പരമാദ്ധ്യക്ഷനായ ഫ്രാൻസീസ് മാർപ്പാപ്പാ 21.11.2014-ൽ വത്തിക്കാനിലെ ഒരു ദേവാലയ സമർപ്പണ സമയത്ത് പരസ്യമായി പ്രഖ്യാപിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ നമ്മുടെയൊക്കെ ബന്ധുമിത്രാദികളെ ശുദ്ധീകരണസ്ഥലത്തിലെ വെന്തു നീറുന്ന തീച്ചൂളയിൽ നിന്ന് കാലാവധിക്കു മുൻപേ സ്വർഗ്ഗീയ സൗഭാഗ്യത്തിലേക്ക് പ്രവേശിപ്പിക്കുന്നതിന് ഇവിടുത്തെ പള്ളീലച്ചന്മാർക്ക് പറഞ്ഞു ബോധിച്ച പണം കൊടുത്ത് പൂജാദികർമ്മങ്ങൾ നടത്തിയാൽ മതിയെന്നൊക്കെയുള്ള അക്രൈസ്തവ വിശ്വാസ പ്രമാണങ്ങൾ സഭ തിരുത്തിക്കുറിക്കേണ്ടതാണ്.

ആയതുകൊണ്ട് മാർപാപ്പായുടെ മേൽപ്പറഞ്ഞ സഭാപരമായ ഈ താക്കീത് സഭയുടെ രൂപതകൾതോറും ഇടയലേഖനം വഴി അടിയന്തിരമായിട്ടു തന്നെ അറിയിക്കേണ്ടതാണ്. ഇതിന് ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ മുൻകൈയെടുത്ത് കെ.സി.ബി.സി.ക്ക് ഔദ്യോഗികമായി നിവേദനം കൊടുക്കണമെന്ന് 21.05.2015-ൽ പാലക്കാട്ടു വച്ചു കൂടിയ ആൾ ഇന്ത്യാ കാത്തലിക് അസ്സോസിയേഷന്റെ യോഗത്തിൽ താല്പര്യപൂർവ്വം ആവശ്യപ്പെട്ടു.

അസ്സോസിയേഷൻ പ്രസിഡന്റ് ശ്രീ. റ്റി.റ്റി. മാത്യു തകടിയേലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വർക്കിംഗ് പ്രസിഡന്റ് ഡോ. കെ. ജെ. സെബാസ്റ്റ്യൻ, ജന. സെക്രട്ടറി ജോഷി ആന്റണി, ട്രഷറർ ജോസഫ് ഫെൻസർ. ജോസ് പുളിക്കക്കുന്നേൽ, ജോസുകുട്ടി വലിയ പുത്തൻപുരയിൽ, ജോസ് തോമസ് തകടിയേൽ എന്നിവർ പ്രസംഗിച്ചു.

# കുരിശും ചുമന്ന് ക്രിസ്തുവിനെ നിന്ദിക്കുന്നവർ

**ഫ്രാൻസിസ് പെരുമന**

സമയം മാസികയിലെ 'ക്രിസ്തുവിനെ വീണ്ടും മുൾക്കിരീടം അണിയിക്കുന്നവർ' എന്ന എഡിറ്റോറിയലും കഴിഞ്ഞ ലക്കത്തിലെ 'കുരിശു ചുമക്കുന്നവർ' എന്ന ലേഖനവും വായിച്ചു. ചില കാര്യങ്ങൾ കൂടി ചൂണ്ടിക്കാണിക്കട്ടെ. ജനത്തിന്റെ പാപമോചനത്തിനായി ഒരിക്കൽ പീഡകൾ ഏൽക്കുകയും ഒരിക്കലായി കുരിശ് ചുമക്കുകയും ഒരിക്കൽ ക്രൂശിക്കപ്പെടുകയും ഒരിക്കൽ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്ത ദൈവപുത്രനാണ് യേശു. ആ യേശുവിന്റെ പീഡാനുഭവത്തെയും അതിന്റെ ഭാഗമായി കുരിശ് ചുമന്നതിനെയും നിന്ദിക്കലാണ് ക്രിസ്ത്യാനികൾ എന്ന നാമധാരികൾ ഇന്നു ചെയ്തുവരുന്നത്. ഇത്തരക്കാർ കുരിശു ചുമന്ന് വഴി നീളെ നടക്കുന്നതും മലയാറ്റൂർ മല കയറുന്നതും മറ്റും അക്രൈസ്തവർക്കിടയിൽ യേശുവിന്റെ മഹത്വത്തെയും ദൈവത്വത്തെയും വിലകുറച്ചു കാണാൻ മാത്രമേ ഉപകരിക്കൂ. യേശു കുരിശു ചുമന്നത് ജനത്തിന്റെ മോചനത്തിനുവേണ്ടി ആയിരുന്നു. എന്നാൽ ഇക്കൂട്ടർ കുരിശും ചുമന്ന് വഴിനീളെ നടക്കുന്നത് സ്വന്തം കാര്യസാധ്യത്തിനു വേണ്ടിയാണ് അല്ലെങ്കിൽ എന്തിനുവേണ്ടിയാണെന്ന് ഇവർ വ്യക്തമാക്കണം. യേശുവിന്റെ പണി ഇവർ ഏറ്റെടുക്കുകയോ യേശുവിനെ സഹായിക്കുകയോ ചെയ്യേണ്ട കാര്യമില്ല. മറിച്ച് ക്രിസ്തു പഠിപ്പിച്ചു തന്ന ഒരു കാര്യമെങ്കിലും പ്രാവർത്തികമാക്കി കാണിക്കുകയാണ് ഇവർ ചെയ്യേണ്ടത്. ഭക്തിയുടെ പേരുപറഞ്ഞ് കേവലം പബ്ലിസിറ്റിക്കു വേണ്ടി നടത്തുന്ന ഇത്തരം പുറാട്ടുനാടകങ്ങൾ അവസാനിപ്പിക്കാനും ഇത്തരം അസംബന്ധ പ്രവണതകളെ പ്രോത്സാഹിപ്പിച്ച് പണമുണ്ടാക്കാനും ശ്രമിക്കുന്ന പള്ളിയധികാരികളെ നിലയ്ക്ക് നിർത്താനും സഭാനേതൃത്വം തയ്യാറാകണം.

അനാചാരങ്ങൾ ഓരോന്നായി സഭയിലേയ്ക്ക് കടന്നുവരുന്നു എന്നത് ഖേദകരമാണ്. ഈ അനാചാരങ്ങൾ ഏറെയും സ്വാഗതം ചെയ്ത് സ്വീകരിച്ച് മാമ്മോദീസാ മുക്കി സഭയിൽ ചേർക്കുന്നത് കത്തോലിക്കാ സഭയാണ്. കഴിഞ്ഞ പെസഹാദിനത്തിൽ യേശുവിന്റെ പീഡാനുഭവ സ്മരണയ്ക്കുവേണ്ടി എറണാകുളം ജില്ലയിലെ ഒരു തീരദേശ പള്ളിയിൽ ആയിരത്തിലേറെ നിലവിളക്കുകൾ തെളിയിച്ച് ദീപക്കാഴ്ച നടത്തി. രാത്രി 12 മണിവരെയായിരുന്നു ദീപക്കാഴ്ച നടത്തിയത്. ആലപ്പുഴ ജില്ലയിലെ ചില തീർഥാടന കേന്ദ്രങ്ങളിലേക്ക് പോകുന്നവർ ഇവിടെ വന്ന് ദീപക്കാഴ്ച കണ്ട് സായൂജ്യമടഞ്ഞ് നേർച്ചയുമിട്ടാണ് കടന്നുപോയത്. നേർച്ചപ്പെട്ടിക്കാണല്ലോ പ്രാധാന്യം. എല്ലാറ്റിനും നേതൃത്വം കൊടുത്തുകൊണ്ട് പള്ളിവികാരി കേമനായി തിളങ്ങി. കഴിഞ്ഞ വർഷവും ദീപക്കാഴ്ച നടത്തിയിരുന്നു. ഇത് നിരോധിക്കാനോ തടയാനോ സഭാനേതൃത്വം തയ്യാറായുമില്ല. കാരണം എങ്ങനെയും പള്ളിയിൽ ആളുകൂടണം. എങ്കിലല്ലേ നേർച്ച

പ്പെട്ടി നിറയുകയുള്ളൂ? യേശുവിന്റെ പീഡാനുഭവവും ദീപക്കാഴ്ചയും തമ്മിൽ എന്തു ബന്ധമാണുള്ളത്? അതൊന്നും ആരും ചോദിക്കരുത്. ഇതൊക്കെയാണ് സഭയുടെ സ്റ്റൈൽ എന്നു മാത്രം വിശ്വാസികൾ കരുതണം!!

ഈ അടുത്തകാലത്ത് എവിടെനിന്നോ കടമെടുത്തതും ക്രൈസ്തവ വിരുദ്ധവുമായ ദീപക്കാഴ്ച, പൊങ്കാല, ആരതി ഉഴിയൽ, കൈയിൽ ചരടുകെട്ടൽ, തുടങ്ങിയ തികച്ചും അക്രൈസ്തവമായ ആചാരാനുഷ്ഠാനങ്ങൾ ക്രൈസ്തവ സഭകളിൽ വളർന്നുവരുന്നു. ഇത് ക്രൈസ്തവ ആദർശങ്ങൾക്കും വിശ്വാസങ്ങൾക്കും വിരുദ്ധമാണ്. ഇതിനെയൊന്നും സഭാനേതൃത്വം പ്രോത്സാഹിപ്പിക്കരുത്. ദൈവപുത്രനായ യേശുവിൽ വിശ്വസിക്കുന്നവരുടെ വികാരങ്ങൾ വ്രണപ്പെടുത്തുന്ന വിധത്തിൽ യേശുവിനെ അവഹേളിക്കുകയും നിന്ദിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ ആരുടെയും ഭാഗത്തുനിന്നും ഉണ്ടാകരുത്. പണമുണ്ടാക്കാനും നേർച്ചപ്പെട്ടി നിറയ്ക്കാനും നടത്തുന്ന ഇത്തരം ഭക്തി കച്ചവടം സഭാനേതൃത്വം ഇടപെട്ട് ഉടനെ പൂർണമായി നിരോധിക്കാൻ തയ്യാറാകണം.

(കടപ്പാട് : പുറപ്പാട് സമയം, ജൂൺ 2015)

□□

# സ്വവംശ വിവാഹനിഷ്ഠ മനുഷ്യാവകാശ ലംഘനം: ജസ്റ്റിസ് കെ. ടി. തോമസ്

*കോട്ടയം:* കോട്ടയം രൂപതയിലെ പുരുഷന്മാർ മറ്റു രൂപതയിലുള്ള സ്ത്രീകളെ വിവാഹം കഴിക്കുന്നതിന്റെ പേരിൽ തങ്ങളുടെ രൂപതയിൽനിന്നു പുറത്താക്കപ്പെടുന്ന നടപടി വേദശാസ്ത്രപരമായും ഇന്ത്യൻ നിയമപ്രകാരവും മനുഷ്യാവകാശപരമായും തെറ്റാണെന്നു പദ്മഭൂഷൻ ജസ്റ്റിസ് കെ. ടി. തോമസ് പ്രസ്താവിച്ചു. അങ്ങനെ പുറത്താക്കാൻ ഈ രൂപതയ്ക്ക് ആരിൽനിന്ന് അവകാശം കിട്ടിയെന്നും, അതിന് എന്തുരേഖകളാണ് ഹാജരാക്കാനുള്ളതെന്നുമുള്ള ചോദ്യമുയർത്തിയ അദ്ദേഹം, ഒരു രേഖയുമില്ലാതെ നടപ്പാക്കുന്ന ഈ നടപടി നിർത്തലാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

കോട്ടയം റെഡ്ക്രോസ് ടവർ ഓഡിറ്റോറിയത്തിൽനടന്ന ക്നാനായ കത്തോലിക്കാ നവീകരണസമിതിയുട വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കടപ്പാട് : മരുപ്പച്ച, 2015 ജൂൺ 5

# ചെകുത്താൻ ബാധ ഒഴിപ്പിക്കൽ

മാത്തുക്കുട്ടി, തകടിയേൽ

ക്രൈസ്തവ വിശ്വാസികളെ പൈശാചിക ശക്തികളിൽ നിന്നും മോചിപ്പിക്കുന്ന വൈദികരുടെ പ്രവർത്തനങ്ങൾക്ക് സഭയുടെ ഔദ്യോഗിക അംഗീകാരം കിട്ടിയിരിക്കുന്നു. പിശാചുബാധ ഒഴിപ്പിക്കലിന് വത്തിക്കാൻ അംഗീകാരം നൽകിയതോടെ കാനോൻ നിയമത്തിലും ഇത് ഇടം പിടിക്കുമെന്ന്'ഒസർവത്താരോറൊമാനോ'പത്രം റിപ്പോർട്ടു ചെയ്തു. മുപ്പതു രാജ്യങ്ങളിലായി 250 വൈദികരാണ് വിശ്വാസികളിലെ ബാധ ഒഴിപ്പിക്കുവാൻ പ്രാർത്ഥനകളിലും പ്രവർത്തനങ്ങളിലും സജീവമായിട്ടുള്ളത്. ഇവരുടെ അസോസിയേഷന് മാർപാപ്പാ അംഗീകാരം നൽകി. വത്തിക്കാനിലെ പ്രമുഖ മന്ത്രവാദിയായ ഫാ. ഗബ്രിയേൽ അമോർത്താപറയുന്നതനുസരിച്ച് പിശാചുക്കളോടു പൊരുതുവാൻ 100 കണക്കിന് പുരോഹിതരെ പരിശീലിപ്പിക്കുന്നുണ്ട്. 29.02.2007-ലെ 'ഡെയിലി ടെലിഗ്രാഫി'ലാണ് ഈ വാർത്ത വന്നത്. എന്നാൽ പല മെത്രാൻമാർക്കും ഇതിനോടെതിർപ്പുണ്ട്.

ഓരോ മതക്കാർക്കും പ്രത്യേകം പ്രത്യേകം ദൈവസങ്കല്പങ്ങളാണുള്ളത്. അതുപോലെതന്നെ പിശാചിന്റെ കാര്യത്തിലും പ്രത്യേക സങ്കല്പങ്ങളാണ്. പേരിലും സ്വഭാവത്തിലും പ്രത്യേകതകളുണ്ട്. ഓരോ മതക്കാർക്കും പിശാചു ശല്യം ഒഴിവാക്കുവാനും പലതരത്തിലുള്ള മന്ത്രവാദങ്ങളും, ക്രിയാരീതികളും പ്രത്യേകമായിട്ടാണുള്ളത്. ഹിന്ദുക്കളുടെയും, ക്രിസ്ത്യാനികളുടെയും, മുഹമ്മദീയരുടെയും പിശാചുക്കളും, പിശാചു സങ്കല്പങ്ങളും വ്യത്യസ്തമാണ്. പിശാചു ബാധ ഒഴിപ്പിക്കുന്ന രീതികൾക്കും പ്രത്യേകതകളുണ്ട്. അതുപോലെ തന്നെ പ്രത്യേകം പ്രത്യേകം പേരുകളിലാണ് പിശാചുക്കൾ അറിയപ്പെടുന്നതും. പിശാചു ബാധ ഒഴിപ്പിക്കുന്നതിനുള്ള മന്ത്രവാദ ക്രിയകൾക്ക് പ്രത്യേകം ക്ലിപ്തമായ ഒരു നിരക്കുണ്ടെന്നു തോന്നുന്നില്ല. പൈശാചിക ശക്തികളുടെ ഏറ്റക്കുറച്ചിലനുസരിച്ചായിരിക്കും ഇതിന്റെ ഫീസു നിരക്കുകളും.

ഏകദേശം 5-6 ദശവർഷങ്ങൾക്കു മുൻപുവരെ ക്രൈസ്തവ സഭയിൽ ചെകുത്താനെപിടുത്തക്കാർ എന്നറിയപ്പെട്ടിരുന്ന ധാരാളം വൈദികരുണ്ടായിരുന്നു. പഴയകാല മാന്ത്രികരുടെ തലതൊട്ടപ്പനും, ഗുരുവുമായിരുന്നല്ലോ കടമറ്റത്തച്ചൻ. മന്ത്രവാദികളായ വൈദികർ പൊതുവേ വെറും ശരാശരി വൈദികരായിരുന്നില്ല. അവരുടെ നടപ്പിലും, എടുപ്പിലും, സംസാരത്തിലും ഒക്കെത്തന്നെ ചില പ്രത്യേകതകളുണ്ട്. മിക്കവാറും മദ്യപാനികളും, തകൃതമുള്ളവരും ധീരതയുള്ളവരുമാണ്. പൊതുജനങ്ങൾക്ക് ഇവരോട് ബഹുമാനത്തെക്കാൾ കൂടുതൽ പേടിയായിരുന്നു. കാരണം ഇവർ ചെകുത്താനെ പിടുത്തക്കാർ എന്നതുതന്നെ.

കത്തോലിക്കാ സഭാ പുരോഹിതർക്ക് ധനസമ്പാദനത്തിനുള്ള ധാരാളം മാർഗങ്ങളും, അവസരങ്ങളും സഭയുടെ അനുഷ്ഠാന സമ്പ്രദായ ത്തിൽത്തന്നെ സംവിധാനം ചെയ്തിട്ടുണ്ട്. കത്തോലിക്കരുടെ ഏറ്റവും പരിശുദ്ധമായ അനുഷ്ഠാന കർമ്മമാണ് വി. കുർബ്ബാന. ഈ കൂദാശയിൽ ദൈവ സാന്നിദ്ധ്യമുണ്ടാകുന്നു എന്നാണ് വിശ്വാസം. ഇവിടെ സർവ്വ ശക്തനായ ദൈവത്തിന്റെ സാന്നിദ്ധ്യമുള്ള കുർബ്ബാന എന്ന കൂദാശ ക്കുപോലും പുരോഹിതർ പ്രത്യേകം നിരക്കുവച്ച് വിശ്വാസികളിൽ നിന്നും പണം ഈടാക്കുന്നു. അങ്ങനെയെങ്കിൽ ചെകുത്താനെ പിടിക്കുവാ നുള്ള അഥർവ്വകർമ്മത്തിന് അനുമതികൂടി കൊടുത്താൽ എന്തായിരിക്കും സ്ഥിതി? ചെകുത്താന്റെ മുൻപിൽ വെറും നിസ്സഹായനും, ഭയചകിതനു മായ സാധാരണക്കാരൻ പണം വാരിക്കോരിക്കൊടുക്കും.

യേശുവിന്റെ ദർശനങ്ങൾക്കും, മനുഷ്യന്റെ സാമാന്യബുദ്ധിക്കും നിരക്കാത്ത ഒരു പിടി അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കാലാകാല ങ്ങളിലായി സഭയിൽ അടിഞ്ഞു കൂടിയിട്ടുണ്ട്. ഇന്ന് സഭയിലുള്ളതു പോലുള്ള കൈക്രിയകളോടും, ആംഗ്യങ്ങളോടും, മുദ്രകളോടും, ചേഷ്ടകളോടും കൂടിയ ഒരനുഷ്ഠാനക്രമങ്ങളും ആദിമസഭയിലുണ്ടാ യിരുന്നില്ല. ഇന്നുള്ള കൂദാശാക്രമങ്ങളൊക്കെത്തന്നെ ആദിമസഭക്കു നൂറ്റാണ്ടുകൾക്കുശേഷം വന്നുചേർന്നതാണ്. സഭ സ്ഥാപനവൽക്കരിക്ക പ്പെടുകയോ, വ്യവസായവൽക്കരിക്കപ്പെടുകയോ ചെയ്തപ്പോഴുണ്ടായ മൂല്യശോഷണത്തിന്റെ ബാക്കിപത്രമാണിന്നു കാണുന്ന മാന്ത്രിക രീതിയിലുള്ള കർമ്മങ്ങളൊക്കത്തന്നെ. ഇതൊക്കെയാണ് സഭാ വിശ്വാസത്തിന്റെ ഉൾക്കാമ്പുകൾ നശിപ്പിച്ചത്. ഏതൊരു മതത്തിന്റെയും ജീർണ്ണതയിൽ നിന്നാണ് താന്ത്രിക-മാന്ത്രിക വിധികൾ ഉണ്ടാകുന്നത്.

15-ാം നൂറ്റാണ്ടിൽ യൂറോപ്പിലാകമാനം പൈശാചിക പേടി പടർന്നുപി ടിച്ച ഒരു കാലമായിരുന്നു. അല്ലെങ്കിൽ സഭാ നേതൃത്വം അതു കൃത്രിമ മായി സൃഷ്ടിച്ച് ഭീതി പരത്തിയതായിരുന്നു എന്നു പറയുന്നതായിരിക്കും ശരി. സ്വതന്ത്ര ചിന്താഗതികളും, ശാസ്ത്രീയ ബോധവുമുള്ള പ്രതിഭാ ശാലിനികളായ സ്ത്രീകളെ ദുർമന്ത്രവാദിനികൾ (Witch) എന്നു മുദ്ര കുത്തി ചുട്ടുകത്തിച്ചിരുന്ന ഒരു ഭൂതകാലവും സഭയ്ക്കുണ്ടായിരുന്നു. യേശു വിന് എതിർസാക്ഷ്യം പറയുകയും സഭയുടെ പഠനങ്ങളെ വിമർശിക്കു കയും, എതിർക്കുകയും ചെയ്തതായിരുന്നു ഈ ഹതഭാഗ്യരായ വനിത കളുടെ കുറ്റങ്ങൾ. അന്ന് വിവരവും, ബോധവും, പ്രതിഭയുമുള്ള സ്ത്രീകളെ ഉയർന്നു വരുവാൻപോയിട്ട് ജീവിക്കുവാൻ പോലും സഭ അനുവദിച്ചിരു ന്നില്ല. മഹാപണ്ഡിതരായ ആയിരക്കണക്കിനു പ്രതിഭാശാലികളെ ഇൻക്വസിഷന്റെ പേരിൽ കൊന്നൊടുക്കിയ പൈശാചിക കഥകളൊന്നും വിവരിക്കുന്നില്ല. കേട്ടു പഴകിയ കഥകളാണല്ലോ ഇതൊക്കെ.

ഇൻക്വസിഷൻപോലെ തന്നെയുള്ള ഒരതിക്രമമായിരുന്നു ദുർമന്ത്ര വാദിനിവേട്ട. സഭാചരിത്രത്തിന്റെ കറുത്ത ഏടുകളിൽ എഴു തപ്പെട്ട ഈ

സംഭവങ്ങളെപ്പറ്റി കൂടുതൽ ഉദാഹരിക്കുന്നില്ല. ഇന്ന് സഭ വിശുദ്ധയായി വണങ്ങുന്ന ജോവാൻ ഓഫ് ആർക്ക്അന്ന് സഭാധി കാരികൾക്ക് ദുർമന്ത്രവാദിനിയായിരുന്നു. ജോവാൻ ഓഫ് ആർക്ക് എന്ന അന്നത്തെ പത്തൊൻപതു വയസ്സുകാരിയായ ഫ്രാൻസിലെ പെൺകുട്ടിയെ 1431 മെയ് മാസം 30-ാം തീയതി ഫ്രാൻസിലെ തന്നെറൂവൽഎന്ന പ്രസിദ്ധമായ ചന്തയിൽ ദുർമന്ത്രവാദിനിയെന്ന ലേബലിൽ പരസ്യമായി ചിതയൊരുക്കി ചുട്ടുകൊന്നു. ഇതൊക്കെയാണ് മുടി ചൂടി നിൽക്കുന്ന വിശുദ്ധമായ തിരുസഭയുടെ വിശ്വരൂപം. ഇന്നിതാ ആ പെൺകുട്ടിയെ സഭ അൾത്താരയിൽ പുണ്യവതിയായിട്ട് വണങ്ങുന്നു. പുണ്യവതിയുടെ സ്വരൂപത്തിനു മുൻപിൽ തിരി കത്തിക്കുന്നു. ഉദ്ദിഷ്ട കാര്യസാദ്ധ്യത ക്കുവേണ്ടി പ്രാർത്ഥിക്കുന്നു. നേർച്ചപ്പെട്ടി വച്ച് ധനസമ്പാദനം നടത്തുന്നു.

4-ാം നൂറ്റാണ്ടിൽ അലക്സാണ്ട്രിയായിൽ ജീവിച്ചിരുന്ന അതി പ്രതിഭാശാലിയായിരുന്ന ഒരു സ്ത്രീയായിരുന്നുഹൈപേഷ്യ. അന്നു കാലത്ത് ഗണിതശാസ്ത്രത്തിൽ ചരിത്രം രചിച്ചവൾ. ഗണിതവും, അതുപോലുള്ള പഠനങ്ങൾക്കും വേണ്ടി സ്വന്തമായി ഒരു വിദ്യാകേന്ദ്രം തന്നെ നടത്തിയിരുന്നു. സ്വതന്ത്ര ചിന്തകയായിരുന്ന ഹൈപേഷ്യക്ക് സഭയുമായി പൊരുത്തപ്പെടുവാൻ കഴിഞ്ഞില്ല. ഹൈപേഷ്യയുടെ ഗണിതവും സഭയുടെ ഗണിതവും തമ്മിൽ പൊരുത്തപ്പെടാതെ വന്നു. എന്തിനേറെ അന്നത്തെ അലക്സാണ്ട്രിയായിലെ മെത്രാപ്പോലീത്ത യായിരുന്നസിറിൾ തിരുമേനി കിങ്കരന്മാരെ വിട്ട് 370-ൽ ഹൈപേഷ്യയെ വകവരുത്തി. അങ്ങനെ സഭയുടെ കീഴിലല്ലാത്ത ഒരറിവും ഉണ്ടാകാൻ പാടില്ലെന്ന് ലോകത്തെ അറിയിച്ചു.

ചിന്താവിരുദ്ധ നടപടികൾക്കാക്കംകൂട്ടുന്നതിനുവേണ്ടി സഭ കൃത്രിമമായുണ്ടാക്കിയ ഒരു പൈശാചിക നടപടിയായിരുന്നു അന്നു കാലത്തെ മന്ത്രവാദിനിവേട്ട. പിശാചുക്കളെപ്പറ്റിയും, മന്ത്രവാദത്തെ പ്പറ്റിയും, സ്വതന്ത്ര ചിന്താഗതികളെപ്പറ്റിയും കത്തോലിക്കാ സഭക്കുണ്ടാ യിരുന്ന നിഗമനങ്ങളും, ദൈവശാസ്ത്രങ്ങളും ഇങ്ങനെയൊക്കെയായിരു ന്നെങ്കിൽ, ഇപ്പോഴത്തെചെകുത്താനെപിടുത്തത്തെപ്പറ്റിയും, ഇതിനു പിൻബലം നൽകുന്ന ദൈവശാസ്ത്ര വ്യാഖ്യാനത്തെപ്പറ്റിയും ന്യായ മായും സംശയിക്കേണ്ടിയിരിക്കുന്നു. തന്നെയുമല്ല, പിശാച്, മന്ത്രം തുട ങ്ങിയ കാര്യങ്ങളിലും, മറ്റു പല അന്ധവിശ്വാസങ്ങളിലും കത്തോലിക്കാസ ഭക്ക് ഇന്നുള്ള നിലപാടുകളെപ്പറ്റി പല വൈദികർക്കും, മെത്രാന്മാർക്കും എതിരഭിപ്രായങ്ങളുമുണ്ട്. അടുത്ത കാലത്ത് എറണാകുളം മെത്രാനാ യിരുന്ന മാർ. ജോൺ തട്ടുങ്കൽ തന്റെ മെത്രാസന അരമനയിൽ ഒരു യുവതിയെ സ്ഥിരമായിട്ടു താമസിപ്പിക്കുകയും, അവരെ മുൻനിർത്തി മാന്ത്രിക അനുഷ്ഠാനങ്ങൾ നടത്തുകയും ചെയ്ത ഗുരുതരമായ തെറ്റിന്റെ പേരിൽ സഭ, തൽസ്ഥാനത്തു നിന്നും അദ്ദേഹത്തെ മാറ്റി. അദ്ദേഹം

പുറത്തായ ശേഷം രൂപതയിലെ വൈദികർ ഒത്തുകൂടി മെത്രാസന മന്ദിരം വെഞ്ചരിച്ച് ശുദ്ധമാക്കിയ ശേഷമാണ് അവിടെ പ്രവേശിച്ചത്. ഈ വാർത്തകളെല്ലാം നമ്മൾ വായിച്ചറിഞ്ഞതാണ്. അദ്ദേഹം പോയമുറക്ക് രൂപതയുടെ വക വൻസംഖ്യ ബാങ്കിൽ നിന്നും പിൻവലിച്ചു കൊണ്ടു പോയി എന്ന വാർത്ത വിശ്വസിച്ചാലും ഇല്ലെങ്കിലും സാധ്യതയുണ്ട്. കാരണം കാനോൻ നിയമം 191 : 1 പ്രകാരം സഭാവക സ്വത്തുക്കൾ ഇഷ്ടാനുസരണം കൈകാര്യം ചെയ്യുവാൻ മാർപാപ്പായുടെ പ്രദേശികാധികാരികളായ മെത്രാന്മാർക്ക് അധികാരമുണ്ട്. ഇതു കൊണ്ടൊക്കെത്തന്നെയാണ് കാനോൻ 191 വകുപ്പുമാറ്റി എഴുതണമെന്നു പറയുന്നത്. എവിടെ ആര് കേൾക്കാൻ?

പിശാചിനെ വിശ്വാസിച്ചാൽത്തന്നെ അതിനെ അതിന്റെ പാട്ടിനു വിട്ടാൽ മതി. കാരണം പിശാചിനേക്കാൾ എത്രയോ വലിയ തിന്മകളാണ് സഭയിലും സമൂഹത്തിലും നടക്കുന്നത്. അതൊക്കെ മാറ്റുന്നതിനുവേണ്ടി സഭാ നേതൃത്വം സമയം കണ്ടെത്തണം. ഫ്രാൻസീസ് മാർപാപ്പാ പറഞ്ഞതുപോലെദരിദ്രർക്കുവേണ്ടി സഭ ദരിദ്രയാകണം. അതാണ് ക്രിസ്ത്യാനിറ്റി. പിശാചിനെക്കാൾ കൂടിയ തിന്മയാണ് ദാരിദ്ര്യം.

സഭയിൽ ഇന്നാവശ്യത്തിലേറെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഉണ്ട്. അതിന്റെ പേരിൽ സഭാ നേതൃത്വം ഏറെ മുതലെടുപ്പുകൾ നടത്തുന്നുമുണ്ട്. ഇതൊക്കെ താങ്ങാവുന്നതിനും അപ്പുറമാണ്. അതിനിടയിലാണ് പിശാചും മന്ത്രവാദവും. പിശാച് ഉണ്ടെങ്കിൽ അവനെ നിയന്ത്രിക്കാൻ ദൈവമുണ്ട്. അവന്റെ ശല്യമുണ്ടെങ്കിൽ ദൈവത്തിനോടു പറഞ്ഞ് പ്രാർത്ഥിക്കാം. അതുപോരെ?, ഇവിടെയും ഒരിടത്തട്ടുകാരൻ മന്ത്രവാദി വേണമെന്നു പറയുന്നതിന്റെ പൊരുൾ മനസ്സിലാകുന്നില്ല. അതു കാപട്യമാണ്.

ഭൂതകാല ചരിത്രപശ്ചാത്തലം വച്ചുനോക്കിയാൽ പിശാചിനെ ഒഴിപ്പിക്കലിന്റെ പേരിൽ സഭാനേതൃത്വം എന്തെല്ലാം തിന്മകളിൽ ചെന്നു പെടും എന്നു പറയുവാൻ വയ്യ. ഏതായാലും ഇന്നത്തെ നിലക്ക് പുരോഹിതരുടെ തൊഴിലിനും ധനസമ്പാദനത്തിനും ആധാരമായ അനുഷ്ഠാന കർമ്മങ്ങളും, ശുദ്ധീകരണാത്മക്കളുമൊക്കെയുണ്ടല്ലോ? ഇനിയും ഇതിനായിട്ട് ഇതിലും വലിയ ഒരു മേച്ചിൽസ്ഥലം കൂടിവേണമോ? അതും ചെകുത്താന്റെ മേൽ വിലാസത്തിൽ?

Mobile No : 9497632219

●●

# www.josephpulikunnel.com
# സജീവമായി

ജോസഫ് പുലിക്കുന്നേലിന്റെ 83-ാം പിറന്നാളായിരുന്ന 2015 ഏപ്രിൽ 14 മുതൽ www.josephpulikunnel.com എന്ന വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ട്. വെബ്സൈറ്റിലെ പോസ്റ്റുകൾ അനുദിനം ആഗോളശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി ഒരു ഫേസ്ബുക്ക് പേജും തുടങ്ങിയിട്ടുണ്ട്: https://www.facebook.com/pages/Joseph-Pulikunnel/768665796562024. സന്ദർശിച്ച് like ചെയ്യുമല്ലോ.

ജാതിമതഭേദങ്ങൾക്കതീതമായി ആഗോളവ്യാപകമായി ശ്രദ്ധിക്കപ്പെടേണ്ട യേശുദർശനത്തിന് അദ്ദേഹം നൽകുന്ന വ്യാഖ്യാനങ്ങൾ 'ഓശാന' എന്ന പരിമിതമായ പ്രചാരം മാത്രമുള്ള ഒരു മാസികയിലോ അതിന്റെ വായനക്കാരിൽമാത്രമോ ആയി ഒതുങ്ങേണ്ടവയല്ല. കേരളസഭയ്ക്കും സഭാ ചരിത്രത്തിനും അദ്ദേഹം നല്കിയിട്ടുള്ളതും വരുംകാലങ്ങളിൽ നല്കാനിടയുള്ളതുമായ സേവനങ്ങൾ ചരിത്രപഠിതാക്കൾക്കും ഗവേഷകർക്കും നാളെ വിഷയമാകും.

1975 ഒക്ടോബറിൽ പ്രസിദ്ധീകരിച്ച ഓശാന മാസികയുടെ ആദ്യലക്കത്തിലെ എഡിറ്റോറിയൽ മുതൽ പുനഃപ്രസിദ്ധീകരിക്കുന്നുണ്ട്. ഓരോ ലേഖനവും രണ്ട് ഉദ്ധരണികളും വീതം പ്രസിദ്ധീകരിച്ചുകൊണ്ട് വെബ് ലേഖന പ്രകാശനം പൂർത്തിയാകാൻ അഞ്ചു വർഷത്തിലേറെ വേണ്ടിവരും. അദ്ദേഹം എഴുതിയിട്ടുള്ള മറ്റു കൃതികളും അദ്ദേഹവുമായി നടത്തപ്പെട്ടിട്ടുള്ള അഭിമുഖങ്ങളും അദ്ദേഹത്തെപ്പറ്റിയുള്ള വീഡിയോകളും എല്ലാം ഈ വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതാണ്. എല്ലാം സമാഹരിച്ചു കഴിഞ്ഞാലും പ്രതികരണങ്ങളും പഠനങ്ങളും ഉൾപ്പെടുത്തി ഈ സൈറ്റ് സജീവമായിരിക്കും.

സഭാനവീകരണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കും സഭാചരിത്രപഠിതാക്കൾക്കും ഏറെ പ്രയോജനപ്രദമാകണം എന്ന വ്യക്തമയ ഉദ്ദേശ്യത്തോടെ, ലേഖനങ്ങളിലെ വിഷയങ്ങൾ സൂചിപ്പിക്കുന്ന അടിക്കുറിപ്പുകളോടെ, കാലക്രമമനുസരിച്ചാണ് ഈ ലേഖനങ്ങൾ വെബ്സൈറ്റിലൂടെ പ്രസിദ്ധീകരിക്കുന്നത്.

സൈറ്റ് അഡ്മിനിസ്ട്രേഷന്റെ ചുമതല നിർവഹിക്കുന്നത് ശ്രീ. ജോസാന്റണി ആണ്. ഇതിന് സഹകരിച്ച എല്ലാവരോടുമുള്ള നന്ദി അറിയിച്ചുകൊള്ളുന്നു.

എന്ന്

പത്രാധിപസമിതി

# പ്രമേഹരോഗി ചികിത്സാ സഹായപദ്ധതി

ഗുഡ്സമരിറ്റൻ പ്രോജക്ട് ഇന്ത്യ ഓശാനമൗണ്ടിൽ നടത്തുന്ന പ്രമേഹരോഗി ചികിത്സാ സഹായപദ്ധതിയിലേക്ക് ഡിസംബർ ലക്കം ഓശാനയിൽ സംഭാവന ആവശ്യപ്പെടുകയുണ്ടായല്ലോ.

2011 നവംബർ മാസത്തിൽ ആരംഭിച്ച ഈ പദ്ധതിയിലേക്ക് ഓശാന വായനക്കാരും മറ്റുള്ളവരുംകൂടി 2015 മാർച്ച് 31-ാം തീയതി വരെ 4,43,046/- രൂപ സംഭാവനയായി തന്നു എന്ന് സന്തോഷത്തോടെ അറിയിക്കട്ടെ.

എല്ലാ ഓശാന വായനക്കാരും സുഹൃത്തുക്കളും ബന്ധുക്കളും ഈ ഫണ്ടിലേക്ക് കഴിവനുസരിച്ച് സംഭാവന നൽകണമെന്ന് വീണ്ടും അഭ്യർത്ഥിക്കുന്നു.

ചെക്ക്, ഡ്രാഫ്റ്റ്, മണിഓർഡർ എന്നിവ അയക്കുന്നവർ Good Samaritan Project India, Hosanna Mount, Edamattom P. O., Kottayam - 686 578 എന്ന പേരിൽ അയക്കുക.

ബാങ്കു വഴി അയക്കുന്നവർ GSPI യുടെ പേരിൽ State Bank of Travancore Pala Branch, A/c No. 67013211342, Bank Code - SBTR 0000120, South Indian Bank, Bharananganam Branch, A/c No. 0010053000005587, Bank Code - SIBL 0000010,Catholic Syrian Bank, Pala A/c No. 0153-02902944-190001, Bank Code CSBK 0000153 എന്ന നമ്പരുകളിൽ ഏതെങ്കിലും ഒന്നിൽ അയക്കുക. ബാങ്കുവഴി അയക്കുന്നവർ അവരുടെ അഡ്രസ്സും ബാങ്കിന്റെ പേരും എന്നാണ് ബാങ്ക് ട്രാൻസ്ഫർ നടന്നതെന്നുമുള്ള വിവരം നിർബന്ധമായും അറിയിക്കണം. Phone No. 04822- 237137, 236269; E-Mail Address : hosanna@sify.com. രസീത് ആ അഡ്രസ്സിൽ അയയ്ക്കുന്നതായിരിക്കും.

എല്ലാ സഹകരണവും പ്രതീക്ഷിച്ചുകൊണ്ട്

ജോസഫ് പുലിക്കുന്നേൽ

'Registered' RNI Reg.No.27480/1975

## IICS പ്രസിദ്ധീകരണങ്ങൾ

1. Acts and Decrees of the Synod of Diamper Rs.150
2. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ
   (രണ്ടാം പതിപ്പ്) എഡിറ്റർ : ഡോ.സ്കറിയ സക്കറിയ Rs.100
3. വർത്തമാനപ്പുസ്തകം (മൂന്നാം പതിപ്പ്) Rs.125
4. മാനിക്കേയൻ കുരിശു വിവാദം - വിവിധ ലേഖകർ Rs. 50
5. Personal Names of Kerala Christians
   ഡോ. എ.എം.മേരിക്കുട്ടി Rs.100
6. ഓശാനയുടെ 25 വർഷം: വിലയിരുത്തലുകൾ
   -വിവിധ ലേഖകർ Rs.80
7. ഉദയംപേരൂർ സൂനഹദോസ് ഒരു ചരിത്രവിചാരണ - " Rs.50
8. പ്രൈവറ്റ് കോളജധ്യാപകന്റെ സ്മരണകൾ (രണ്ടാം പതിപ്പ്)
   ജോസഫ് പുലിക്കുന്നേൽ Rs.80
9. കേരള ക്രൈസ്തവചരിത്രം - വിയോജനക്കുറിപ്പുകൾ ” Rs. 70
10. കാനോൻ നിയമത്തിലെ കാണാച്ചരടുകൾ ” Rs. 80
11. Identity of Nazrani Church of Kerala ” Rs. 75
12. ആരാധനക്രമ വിവാദം: ഓശാനയുടെ ഇടപെടലുകൾ ” Rs.125
13. പേപ്പസി - ചരിത്രപരമായ ഒരു പഠനം ” Rs. 50
14. RSS-Christian Perspective Meet-a team of Speakers Rs.100
15. The Liturgy, Hierarchy & Spirituality of St.Thomas
    Christians in the Pre-portuguese period - a study
    Joseph Pulikunnel Rs. 25
16. ഓശാനയുടെ എഡിറ്റോറിയലുകൾ (ഭാഗം ഒന്ന്)
    -ജോസഫ് പുലിക്കുന്നേൽ Rs.120
17. ഓശാനയുടെ എഡിറ്റോറിയലുകൾ (ഭാഗം രണ്ട്) ” Rs.120
18. യേശുവും സഭയും -ജോർജ് മൂലേച്ചാലിൽ Rs. 80

## ലഘുഗ്രന്ഥങ്ങൾ

1. നമ്മുടെ കത്തനാരന്മാർ കൽദായകുർബാന ചൊല്ലിയിരുന്നോ? Rs.3
2. അൽമായ-പുരോഹിത സംവാദം
   (ഒരു സംഘം അൽമായ-പുരോഹിത ലേഖകർ) Rs. 10